


സെപ്റ്റംബർ 2017
പുസ്തകം 49 ലക്കം 8

# ഐക്യദീപം

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

സഹ. രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**

ചീഫ് എഡിറ്റർ
**റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ**

പ്രസാധകൻ
**റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് മാനേജർ
**രഞ്ജു ഇരവിപേരൂർ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**അജി കുതിരവട്ടം**

ഓഫീസ് സെക്രട്ടറി
**ബ്രദർ ജോൺ പുറത്തൂട്ട്**

ഓഫീസ് സ്റ്റാഫ്
**ചിന്നു എൽസ ഐസക്**


## ഉള്ളടക്കം



7
**പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മീകമാനങ്ങൾ**
ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.



11
**എക്യുമെനിസത്തിന്റെ ഫലവും മുഖവും മലങ്കരസുറിയാനി കത്തോലിക്ക സഭ**
മോൺ. ചെറിയാൻ താഴമൺ



16
**മഹാനായ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചൻ**
ഡോ. സ്റ്റീഫൻ പ്ലോത്തോട്ടത്തിൽ ഒ.ഐ.സി.



19
**നൂറ്റാണ്ട് പിന്നിട്ട സഭാപ്രശ്നങ്ങൾക്ക് പരിഹാരം തിരുവചനം**
ജിജു കറുത്തപുരയ്ക്കൽ



22
**ഒരിടയനും ഒരാട്ടിൻകൂട്ടവും**
ഫാ. ജോർജ്ജ് തേക്കടയിൽ

**1934 ഭരണഘടന**
ഫാ. മാത്യു പഞ്ഞിക്കാട്ടിൽ
27



30
**രാഷ്ട്രനിർമ്മിതിയിൽ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പങ്ക്**
ജോമി തോമസ് കലയപുരം

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
AndhraBank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Viani Press, Ernakulam

Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
Theological and Catechetical Centre, Sameeksha, Kulakkad, Tiruvalla-1. Phone: 0469-2600626
E-mail : aikyadeepamtvla@gmail.com

## എഡിറ്റോറിയൽ





# ദൈവനിയോഗം




AD 52ൽ മാർത്തോമ്മശ്ലീഹ ഭാരതത്തിൽ സുവിശേഷവുമായി എത്തിയത് ദൈവനിയോഗമായിരുന്നു. മനുഷ്യരക്ഷാചരിത്രത്തിലെ ദൈവിക ഇടപെടലുകളും വെളിപ്പെടുത്തലുകളും അത്ഭുതമായി എപ്പോഴും തുടരുന്നു. എല്ലാ രക്ഷാകര സംഭവത്തിനും ത്യാഗത്തിന്റെ കഥകൾകൂടി പറയാനുണ്ടാകും. ദൈവപുത്രനെ നല്കി മനുഷ്യരക്ഷ സാധ്യമാക്കിയ പിതാവായ ദൈവം ചരിത്രത്തിൽ നിരന്തരമായി ഇടപെടുന്നു. ഭാരതസഭയുടെ വളർച്ചയിൽ കേരള ക്രൈസ്തവർക്ക് നിർണ്ണായക സ്വാധീനം എല്ലായ്പ്പോഴുമുണ്ട്. 1498ൽ പോർച്ചുഗീസ് ആഗമനം ഭാരതചരിത്രത്തിലെന്നപോലെ നമ്മുടെ സഭാചരിത്രത്തിലും വലിയ പ്രാധാന്യം അർഹിക്കുന്നു. 1452 മുതൽ 'പെദ്രവാദോ' അധികാരത്താൽ പോർട്ടുഗീസ് അധിനിവേശം സഭയിൽ വ്യാപിച്ചു തുടങ്ങിയെങ്കിലും 1510 ൽ ഫ്രാൻസിസ്കൻ പോർട്ടുഗീസ് വൈദികർ ഇന്ത്യയിൽ എത്തിയതു മുതൽ ഇവിടെ പ്രശ്നങ്ങൾ ഉടലെടുത്തു എന്നു പറയാം. അതിന്റെ വ്യാപ്തി 1599 ലെ ഉദയംപേരൂർ സൂനഹദോസിലും 1653 ലെ കൂനൻകുരിശു സത്യത്തിലുമെത്തി.

പിന്നീട് ഉണ്ടായ ഇടർച്ചകളും അവയുടെ പരിഹാര ശ്രമങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. ദൈവനിയോഗം ഭാരതസഭയിൽ പ്രകടമായ വർഷമാണ് 1930. മലങ്കര സൂര്യൻ മാർ ഈവാനിയോസിലൂടെ പുനരൈക്യമെന്ന സ്വപ്നം സഫലമായി. വി. പത്രോസിനു നല്കപ്പെട്ട അധികാരത്തോട് ചേർന്നു നില്ക്കുന്ന ശിഷ്യസമൂഹത്തിന്റെ മാതൃകയാണ് യേശുക്രിസ്തു ആഗ്രഹിക്കുന്നത്. ശാശ്വതമായി നിലനിൽക്കുന്ന ഈ സത്യം മാർ ഈവാനിയോസിലൂടെ ദൈവം ഭാരതസഭയ്ക്ക് പ്രത്യേകിച്ച് മലങ്കര സഭയ്ക്ക് പകർന്നു നല്കി. ദൈവകൃപ ധാരാളമായി അനുഭവിക്കുന്ന സഭാസമൂഹമെന്ന നിലയിൽ മലങ്കര കത്തോലിക്ക സഭാമക്കൾ ദൈവസന്നിധിയിൽ നന്ദിയർപ്പിക്കാൻ 87-ാം പുനരൈക്യവാർഷികാഘോഷം വേദിയാകുന്നു. കേരള സഭയിൽ ഗൗരവമായി വിചിന്തനം ആവശ്യമായ മേഖലകളിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ഐക്യദീപം പുനരൈക്യവാർഷിക പതിപ്പിലൂടെ ശ്രമിക്കുന്നു.

ചീഫ് എഡിറ്റർ
**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**



# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

## ദൈവാനുഗ്രഹത്തിന്റെ നാളുകൾ... ഉത്തരവാദിത്വങ്ങൾ ഏറെ !

**പു**നരൈക്യത്തിന്റെ അനുഗ്രഹങ്ങൾ പകർന്നു നൽകിക്കൊണ്ട് വീണ്ടും സെപ്റ്റംബർ കടന്നു വരുന്നു. ദൈവമാതാവിന്റെ ജനനത്തിരുന്നാളും മലയാളക്കരയുടെ കൊയ്ത്തുൽസവമായ ഓണവും നമ്മെ തഴുകി കടന്നു വരുന്നു. ഐക്യദീപത്തിന്റെ അനുവാചകർക്ക് പ്രാർത്ഥനാശംസകളും, പൊന്നോണത്തിന്റെ ദീപ്തമായ മംഗളാശംസകളും നേരുന്നു.

1. കേരളക്കരയുടെ നന്മപൂരിത വികസനം സാദ്ധ്യമാക്കി ഓണം ആഘോഷിക്കുവാൻ നമുക്കുകഴിഞ്ഞു. സത്യവും നീതിയും ധർമ്മവും ലംഘിക്കപ്പെടുകവഴി, ഓണം അർത്ഥശൂന്യമാകുകയാണ്. തലമുറകൾ കാത്തുസൂക്ഷിക്കുവാൻ കടപ്പെട്ടിരിക്കുന്ന പാവനമായ ഒരു സങ്കൽപ്പവും സമത്വസുന്ദരമായ ഒരു ലോകസ്വപ്നവും ഈ ഉത്സവം നമ്മെ ഓർമ്മിപ്പിക്കുന്നു. ഭാരതത്തിനു ഈ ഉൾക്കാഴ്ച നൽകുക കേരളീയരുടെ കടമയാണ്. ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും ഭക്ഷണരീതിയുടെയും അടിസ്ഥാനത്തിൽ മനുഷ്യനെ വേർതിരിച്ചുകാണുകയും വിഘടിപ്പിച്ചു നിർത്തുകയും ചെയ്യുന്നശൈലികൾ ജനാധിപത്യത്തിനുതന്നെ വലിയ ഭീഷണിയാണ്. പ്രതിപക്ഷം ഇല്ലാത്ത ഒരു ഭരണം'സ്വപ്നം കാണുന്ന നേതാക്കന്മാർ എന്താണ് സത്യത്തിൽ ലോകത്തോടു സംവദിക്കുക? തെറ്റും ശരിയും ചൂണ്ടിക്കാണിക്കുവാൻ ഉത്തരവാദിത്വപൂർണ്ണമായ വേറിട്ട സ്വരങ്ങൾ അനിവാര്യമാണ്. ഏകാധിപത്യവും സ്വേച്ഛാധിപത്യവും മനസ്സിന്റെ ഉള്ളറകളിൽ താലോലിക്കുന്നവർ ഓർക്കേണ്ട ഒരു കാര്യമുണ്ട്: മനുഷ്യൻ സർവ്വജ്ഞാനിയോ തെറ്റാവരം ഉള്ളവനോ അല്ല. ഏതു മനുഷ്യനും ഏതു വ്യവസ്ഥിതിക്കും തെറ്റുപറ്റാം. അതിനെ വിനയപൂർവ്വം ഉൾക്കൊണ്ട് തിരുത്തുവാൻ കഴിയുന്നവർക്കുമാത്രമേ സുന്ദരമായ ഭാവിയുടെ സൃഷ്ടാക്കളാകാൻ കഴിയൂ. ഈ ഓണാവസരത്തിൽ നമുക്ക് പൗരധർമ്മങ്ങളെക്കുറിച്ച അവബോധം ഉള്ളവരാകാം. വിവേചനതന്ത്രം കൊണ്ടും വിഘടനശൈലികൊണ്ടും, നമുക്കു മനുഷ്യനെ തമ്മിൽ അടിപ്പിക്കാം; പരസ്പരം ചെളിവാരിഎറിയിക്കാം; മാരകായുധങ്ങളും പേറി പോർവിളി നടത്താം. പക്ഷേ വലിയ വിപത്തിലേക്കാണ് അത് നമ്മെ കൊണ്ടുപോകുക. ചോരയ്ക്ക് ഒരേ മണവും നിറവും ആണ്. അടുക്കാൻ പറ്റാത്തവിധം നാം ചേരിതിരിയരുത്. രാജ്യവിഭജനത്തിന്റെ വേദന നമുക്കിനിയും മറക്കാനായിട്ടില്ല. തിരുവോണം നമ്മെ ഓർമ്മിപ്പിക്കുന്നത് സാഹോദര്യവും ഒരുമയും ആണ്. സഹോദരങ്ങളെ വെറുത്തും, അവർക്കെതിരെ ആയുധങ്ങൾ എടുത്തും ആരും ഒന്നും നേടുന്നില്ല; നേടുന്നത് അസ്ഥിക്കൂമ്പാരങ്ങളും നാശാവശിഷ്ടങ്ങളും മാത്രമായിരിക്കും. വിവേകം നമുക്ക് നഷ്ടപ്പെടാതെ സൂക്ഷിക്കാം.

2. പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങൾ സഭയിൽ ഓരോ സംവിധാനങ്ങൾ ഉണ്ടാകുമ്പോഴും സംശയമെന്യെ ദൈവം നമ്മുക്ക് തെളിയിച്ചുതന്നുകൊണ്ടിരിക്കുന്നു. മലങ്കരയിലെ പുണ്യ പിതാക്കന്മാർ പരുമലവച്ച് കൈക്കൊണ്ട തീരുമാനം സൗകര്യപൂർവ്വം വിസ്മരിച്ചപ്പോൾ സഭയിൽ വീണ്ടും അശാന്തി അരങ്ങേറി. കോടതിവ്യവഹാരങ്ങളിലെ ജയാപജയങ്ങളുടെ അടിസ്ഥാനത്തിൽ കർത്താവിന്റെ സഭ വിഭജിക്കപ്പെട്ടു. കോടതിവ്യവഹാരങ്ങൾ സഭയുടെ ഊർജ്ജം ഊറ്റിക്കുടിച്ചു. ക്രിസ്തീയതയേക്കാൾ സമുദായചിന്തകൾക്ക് ആക്കം കൊടുത്തപ്പോൾ നസ്രായൻ വീണ്ടും കുരിശുചുമക്കുവാനും കുരിശിൽ അടക്കപ്പെടുവാനും ഇടയായി. സഭാവിശ്വാസികളിൽ

മാത്രമല്ല ഇതരരിലും ഈ മത്സരങ്ങൾ വലിയ ഉതപ്പിനും തെറ്റിദ്ധാരണകൾക്കും വഴിയൊരുക്കി. ആരെയും കുറ്റപ്പെടുത്തുകയല്ല. ക്രൈസ്തവസാക്ഷ്യത്തിന് ഹാനിഭവിച്ചു - എന്നു സൂചിപ്പിക്കുന്നു എന്നു മാത്രം.

കർത്താവിന്റെ കല്പനാനുസരണം 'ഒരു ഇടയനും ഒരു തൊഴുത്തും''എന്ന സഭാത്മക അനുഭവത്തിലേക്ക് കടന്നുവന്ന മലങ്കരയുടെ 1930 ലെ പുനരൈക്യം - 1653 മുതലുള്ള വിഘടനം തുടച്ചുനീക്കിയ സംസർഗ്ഗ നന്മ - അതിവിശുദ്ധമായ ഓർമ്മയായി മലങ്കരമക്കളും സമാധാനകാംക്ഷികളും വർഷാവർഷം ആഘോഷിക്കുന്നു. ഐക്യത്തിന്റെ പ്രവാചകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ ഇകഴ്ത്താൻ നവമാദ്ധ്യമങ്ങളിലൂടെ വികടബുദ്ധികൾ ശ്രമിക്കുമ്പോൾ ഓർമ്മയിൽ വരുന്നത് മനുഷ്യർ നിങ്ങളെക്കുറിച്ച് നിന്ദ്യമായി



സംസാരിക്കുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; അപ്പോൾ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കും'എന്ന സുവിശേഷഭാഗമാണ്. മാർ ഈവാനിയോസ് പിതാവിന്റെ സഭാദർശനവും ധീരോദാത്തമായ സഭൈക്യപരിശ്രമങ്ങളും ഇന്നും ശക്തമായ മാതൃകയായി നിലകൊള്ളുന്നു. സാമൂഹിക കെട്ടുപാടുകളോ എതിർപ്പുകളോ ഭയന്ന് സത്യം ഗ്രഹിച്ചിട്ടും മൗനികളാകുകയും മടിച്ചു നിൽക്കുകയും ചെയ്യുന്നത് കർത്താവിന്റെ മക്കളുടെ ശൈലിയല്ല. ദൈവാനുഗ്രഹത്താൽ മലങ്കര കത്തോലിക്ക സഭയുടെ ശുശ്രൂഷാസീമകൾ വീണ്ടും വിസ്തൃതമായിരിക്കുന്നു. പുതിയ രൂപതകളും ഇടയന്മാരും പ്രേഷിത ഔത്സുക്യങ്ങളും ആ പുണ്യപിതാവിന്റെ സഭാത്മക ദർശനങ്ങളെ സാധൂകരിക്കുന്ന നല്ലതമ്പുരാന്റെ സമയോചിതമായ ഇടപെടലുകൾ തന്നെ. സഭയ്ക്ക് ആകമാനം വസന്തം നൽകുന്ന അനുഭവമാണ് പുനരൈക്യവാർഷികാഘോഷനാളുകൾ. സഭാത്മകമായ ഈ സംഗമവും അതിന് മകുടം ചാർത്തുന്ന മെത്രാഭിഷേകങ്ങളും നമുക്ക് കൃതജ്ഞതാർപ്പണത്തിന്റെ സമയമാണ്. വാർഷിക സംഗമത്തിലും ഇതര ശുശ്രൂഷകളിലും പങ്കെടുത്ത് ദൈവതിരുനാമം മഹത്വപ്പെടുത്താം; പുനരൈക്യസാരഥികൾക്കും മുന്നണി പ്രേഷിതർക്കും അഭിവാദ്യങ്ങൾ അർപ്പിക്കാം നിറമനസ്സോടെ ഒരായിരം ആശംസകൾ നേരാം.

3. നമ്മുടെ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവിന്റെ പുതിയ നിയോഗത്തിൽ അതിരൂപത സന്തോഷിക്കുന്നു. അതിരൂപതയെ സംബന്ധിച്ചും പ്രത്യേകിച്ച് ഇടുക്കി മേഖലയെ സംബന്ധിച്ചും ഇതു വലിയ ഒരു നഷ്ടമാണെങ്കിലും അതിരൂപതയുടെ മക്കളെ ശ്രേഷ്ഠ പിതാക്കന്മാരായി ഇതര ഭദ്രാസനങ്ങളിലേക്ക് ദൈവം നിയോഗിക്കുന്നത് സംതൃപ്തി ദായകമാണ്. അഭിവന്ദ്യ പിതാവിന്റെ ശ്രേഷ്ഠമായ ശുശ്രൂഷയും നേതൃത്വവും അമേരിക്കൻ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് പരി. സുന്നഹദോസിലൂടെ ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ സഭയിലെ വിദ്യാസമ്പന്നരും സാമ്പത്തികമായി മെച്ചപ്പെട്ട സ്ഥിതി അനുഭവിക്കുന്നവരുമായ ദൈവമക്കൾക്കുവേണ്ടി ശുശ്രൂഷ ചെയ്യുവാൻ കഴിയുന്ന ഭക്തനും പരിണിത പ്രജ്ഞനും പക്വമതിയും ദൈവത്തിനും ദൈവജനത്തിനും പൊതുസമൂഹത്തിനും ഏറെ സ്വീകാര്യനുമായ വന്ദ്യപിതാവിന് നിറഞ്ഞ ഹൃദയത്തോടെ പ്രാർത്ഥനാശംസകൾ നേരാം. വളർന്നുവരുന്ന തലമുറയ്ക്ക് ശക്തമായ പിന്തുണകൊടുത്തുകൊണ്ടും സഭാസ്നേഹത്തിലും മലങ്കരപൈതൃകത്തിലും ആർഷഭാരതത്തിന്റെയും അമേരിക്കൻ സംസ്കാരത്തിന്റെയും മനുഷ്യാവകാശത്തിന്റെയും ജനാധിപത്യത്തിന്റെയും നന്മകളെ മുറുക്കിപിടിച്ചുകൊണ്ടും പരിപോഷിപ്പിക്കുവാൻ പിതാവിന് കഴിയും എന്ന് നാളിതുവരെയും ഉള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ജീവിതസാക്ഷ്യവും വെളിപ്പെടുത്തുന്നു. സ്വതന്ത്രമായി ഒരു രൂപതയുടെ ചുമതല നിർവ്വഹിക്കുവാൻ നിയോഗം സ്വീകരിക്കുമ്പോൾ ഉത്തരവാദിത്വം വർദ്ധിക്കുകയാണ്. ദൈവജനത്തിന്റെ പ്രാർത്ഥന പിൻബലമാകണം.

വന്ദ്യപിതാവ് വൈദിക ജീവിതം ആരംഭിച്ചത് ഹൈറേഞ്ചിൽ മിഷണറിയായിട്ടാണ്. 1980 കളിൽ അനേകം മിഷനുകൾ തുടങ്ങുക മാത്രമല്ല കട്ടപ്പന ജ്യോതിസ് പാസ്റ്ററൽ സെന്ററിന്റെ സ്ഥാപകനും അദ്ദേഹം തന്നെയാണ്. മിഷൻ പ്രദേശത്തെ വിശ്വാ

ശേഷം 37-ാം പേജിൽ



# പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മിക മാനങ്ങൾ

റവ. ഡോ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.



**ആദ്ധ്യാത്മിക പ്രതിഭാസം**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിലാരംഭിച്ച സഭൈക്യപ്രസ്ഥാനം മലങ്കര സുറിയാനി സഭയുടെ ചരിത്രം തന്നെ തിരുത്തിക്കുറിച്ച 20-ാം നൂറ്റാണ്ടിലെ അവിസ്മരണീയമായ സംഭവമാണ്. ഈ മഹത് സംഭവത്തിന്റെ ഓർമ്മകൾ അയവിറക്കുകയും അതിന്റെ അസാധാരണമായ വളർച്ചയിലും മുന്നേറ്റങ്ങളിലും മലങ്കര സഭകൾ അഭിമാനം കൊള്ളുകയും അത് ആഘോഷിക്കുകയും ചെയ്യുന്ന കാലയളവാണല്ലോ ഇത്. മലങ്കര സുറിയാനി സഭയിലെ സഭൈക്യപ്രസ്ഥാനത്തെപ്പറ്റി ചിന്തിക്കുമ്പോൾ അതിന്റെ സാംസ്കാരിക - സാമൂഹ്യമാനങ്ങളാണ് പലപ്പോഴും നമ്മുടെ മനസ്സുകളിലും ചിന്തകളിലും കടന്നുവരുന്നത്. ഇത്തരം കാഴ്ചപ്പാടുകൾക്കും വിലയിരുത്തലുകൾക്കും ഇന്നിന്റെ സാഹചര്യങ്ങളിൽ പ്രസക്തിയുണ്ടെന്നതിൽ സംശയമില്ല. എന്നാൽ ഈ സഭൈക്യസംഭവവും അതിൽ നിന്നുളവായ പുനരൈക്യപ്രസ്ഥാനവും ആത്യന്തികമായി ഒരു ആദ്ധ്യാത്മിക പ്രതിഭാസമാണെന്ന വസ്തുത വിസ്മരിക്കാൻ പാടില്ല.

പുനരൈക്യപ്രസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷാവസരത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നല്കിയ സന്ദേശത്തിൽ പുനരൈക്യ സംഭവത്തെ വിശേഷിപ്പിച്ചത്. 'സവിശേഷ സ്വഭാവമുള്ള ഒരു ആദ്ധ്യാത്മിക സംഭവം' (Spiritual event) എന്നാണ്. അനിതര സാധാരണമായ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ആഴമേറിയ ആദ്ധ്യാത്മികാനുഭൂതിയുടെയും അനന്തര ഫലമായുണ്ടായ ആദ്ധ്യാത്മിക സംഭവം എന്നാണ് പ.പിതാവ് വിശദീകരിച്ചു പറഞ്ഞത്. സത്താപരമായ ഈ യൊരു വസ്തുതയിൽ നിന്ന് മാറ്റി നിർത്തി പുനരൈക്യ സംഭവത്തെയൊ പ്രസ്ഥാനത്തെയോ കാണുകയും വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത് അടിസ്ഥാനപരമായ വീഴ്ചയാണ്.

**ക്രിസ്താനുകരണ അനുഭവം**

സഭൈക്യം എന്ന ചിന്ത മാർ ഈവാനിയോസ് പിതാവിലേക്ക് ശക്തമായി കടന്നു വന്നത് സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്, ക്രിസ്തുവിന്റെ ശരീരമാണ് എന്ന വിശുദ്ധ ലിഖിത യാഥാർത്ഥ്യത്തിൽ നിന്നുമാണ്. ക്രിസ്തു ശിരസ്സും ശിരസ്സാകുന്ന ക്രിസ്തുവിന്റെ ശരീരവുമാണ് സഭ. ശരീരത്തിന്റെ സുസ്ഥിതിക്കുവേണ്ടി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ അവയങ്ങൾ ശരീരത്തിനുണ്ടെങ്കിലും ശരീരം ഒന്നേയുള്ളൂ. ക്രിസ്തുവാകുന്ന ഏകശിരസ്സും സഭയാകുന്ന ഏകശരീരവും എന്ന ആശയത്തിന്റെ വിവിധ വശങ്ങൾ പിതാവിൽ ആഴപ്പെട്ടു വ്യക്തമാകുന്നത് സന്യാസത്തിലൂടെ യേശുക്രിസ്തുവിനെ വാക്കിലും പ്രവർത്തിയിലും ചിന്തയിൽപ്പോലും ഏറ്റം അടുത്തനുകരിക്കുമ്പോഴാണ്. യേശു മിശിഹായെ അനുകരിക്കുക എന്നത് യേശുവിനെപ്പോലെ ആയിത്തീരുക, എല്ലാരിലും യേശുവിന്റെ തിരുവിഷ്ടം നിറവേറ്റുക എന്നിവയാണെന്ന് പിതാവ് പഠിപ്പിക്കുന്നു. യേശുവുമായുള്ള ഈ ഐക്യപ്പെടലിനുള്ള തീവ്രമായ ആഗ്രഹത്തിൽ നിന്നാണ് മിശിഹാനുകരണ സന്യാസ സമൂഹം എന്ന് താൻ സ്ഥാപിച്ച സന്യാസ സമൂഹങ്ങൾക്ക് പേരു നല്കിയത്.

മിശിഹാനുകരണത്തിൽ നിന്നുളവായ അദ്ധ്യാത്മികാനുഭൂതിയാണ്, സഭ ക്രിസ്തുവിന്റെ ശരീരമാണെങ്കിൽ സഭയിലെ ഭിന്നതകളും സഭകളുടെ അനൈക്യവും യേശുക്രിസ്തുവിന്റെ ശരീരത്തിൽ ഏല്പിക്കപ്പെടുന്ന മുറിവുകളാണെന്ന ബോധ്യം. ' കർത്താവിന്റെ ശരീരത്തിലെ ദാരുണമായ മുറിവുകൾ എന്നാണ് പിതാവ് സഭകളുടെ അനൈക്യത്തെ വിശേഷിപ്പിക്കുന്നത്. ക്രൈസ്തവ സഭകളുടെ ഭിന്നിപ്പ് ദിവ്യനാഥന്റെ ഹൃദയത്തെ അഗാധമായി മുറിപ്പെടുത്തുന്ന ഭീകരപാപമാണ് എന്നു വിശദീകരിക്കുന്നു. വേദനിപ്പിക്കുന്ന ഈ ആത്മീകാനുഭവം കർത്താവിന്റെ ശരീരത്തിലെ മുറിവുണക്കുവാനുള്ള തന്റെ

**പുനരൈക്യപ്രസ്ഥാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷാവസരത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നല്കിയ സന്ദേശത്തിൽ പുനരൈക്യസംഭവത്തെ വിശേഷിപ്പിച്ചത്. 'സവിശേഷ സ്വഭാവമുള്ള ഒരു ആദ്ധ്യാത്മിക സംഭവം' (Spiritual event) എന്നാണ്.**

ജീവിത സമർപ്പണത്തിലേക്കാണ് പിതാവിനെ നയിക്കുന്നത്'. കർത്താവിന്റെ ശരീരത്തിലെ ഒരു ചെറിയ മുറിവെങ്കിലും കരിക്കുന്നതിന് എന്നെ ആയിരം കഷണങ്ങളായി നുറുക്കി ആ മുറിവിൽ വയ്ക്കാമെങ്കിൽ അതുതന്നെയാണ് വേണ്ടതെന്നു തോന്നി എന്ന് പിതാവ് തന്നെ സാക്ഷിക്കുന്നു.

തനിക്കുണ്ടായ ഈ വലിയ ആദ്ധ്യാത്മികാനുഭൂതി പിതാവ് തന്നെ തന്നോടൊപ്പമുണ്ടായി സന്യാസി സന്യാസിനികളുമായി പങ്കുവയ്ക്കുകയും സഭൈക്യം എന്ന ആശയം അവരിൽ അങ്കുരിപ്പിക്കുകയും അവരുടെയിടയിൽ പ്രചരിപ്പിക്കുകയും ചെയ്തുപോന്നു. ഇത്ര സമുന്നതമായ ഒരു ആദ്ധ്യാത്മികാനുഭൂതിയിൽ നിന്നാണ് സഭൈക്യം എന്ന ആശയം മാർ ഈവാനിയോസ് പിതാവിൽ ഉടലെടുത്തതും പിന്നീട് ശക്തി പ്രാപിച്ചതും ഫലദായകമായതും.

**ശക്തമായ താപസിക അന്തരീക്ഷം**

പുനരൈക്യത്തിന്റെ നാൾവഴികൾ പരിശോധിക്കുമ്പോൾ സഭൈക്യം എന്ന ഈ ആത്മീയാനുഭവം ഒരു ജീവിതയാഥാർത്ഥ്യമായി, പിന്നീടൊരു ചരിത്ര യാഥാർത്ഥ്യമായി, രൂപപ്പെടാൻ ഇടയാക്കിയത് മുണ്ടൻമല ആശ്രമത്തിലെ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും തപസ്സിന്റെയും അന്തരീക്ഷമാണ്. പുനരൈക്യ ചിന്തകളും അതിനു വേണ്ടിയുള്ള ചില പ്രാഥമിക പ്രായോഗിക നടപടികളും ശക്തി പ്രാപിക്കാൻ തുടങ്ങിയപ്പോൾ അതിൽ നിന്നവരെ വ്യതിചലിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എതിർപക്ഷത്തുനിന്നും, പുറത്തുനിന്നുമുള്ള എതിർപ്പുകൾ, ഭീഷണികൾ, ജീവൻ അപകട സാഹചര്യങ്ങൾ, ഒറ്റപ്പെടുത്തലുകൾ എന്നിങ്ങനെ ധാരാളം വെല്ലുവിളികളും പ്രലോഭനങ്ങളും വ്യക്തിപരമായ പരീക്ഷകളും അവർ നേരിടേണ്ടതായി വന്നിട്ടുണ്ട്. ഇവയുടെയെല്ലാം മധ്യത്തിൽ തങ്ങളുടെ ബോധ്യങ്ങളിൽ നിന്ന് ഒട്ടും വ്യതിചലിക്കാതെ അചഞ്ചലരായി നില്ക്കുവാൻ അവരെ സഹായിച്ചത് തപസ്സിന്റെ അഗ്നിയിൽ നിന്നവർ ആവേശിച്ചെടുത്ത ആത്മീയ ശക്തിയാണ്. തീയിൽ കുരുത്തത് വെയിലിൽ വാടുകയില്ല എന്നതാണല്ലോ ജീവിതയാഥാർത്ഥ്യം.

പുനരൈക്യത്തിലേക്കുള്ള അവരുടെ യാത്ര, വിട്ടുപോകലിന്റെയും വിട്ടുകൊടുക്കലിന്റെയും ഉപേക്ഷിക്കലിന്റെയും ഉപേക്ഷിക്കപ്പെടലിന്റെയും വഴിയിലൂടെയായിരുന്നു. സഭൈക്യത്തിലേക്കുള്ള അവരുടെ ഇറങ്ങിപ്പുറപ്പെടലിൽ അവർക്കുള്ളതും ഉണ്ടാകാമായിരുന്നതുമായ പലതും പരിത്യജിക്കേണ്ടി വന്നു. വ്യക്തിബന്ധങ്ങളും സ്ഥാനമാനങ്ങളും വസ്തുവകകളും എന്തിനേറെ, അവരുടെ എല്ലാമായിരുന്ന മുണ്ടൻമല പോലും ഉപേക്ഷിച്ചിറങ്ങേണ്ടതായ അവസ്ഥയായിരുന്നു. പക്ഷെ ഇവയ്ക്കൊന്നും അവരുടെ വഴികളിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കാനോ അവരെ അവരുടെ തീരുമാനത്തിൽ നിന്നു പിൻതിരിപ്പിക്കാനോ കഴിഞ്ഞില്ല. ഇവയെല്ലാം ഉപേക്ഷിക്കുമ്പോഴുള്ള ഭാവിയെക്കുറിച്ചുള്ള ആശങ്കകളും അവരെ അലട്ടിയില്ല. സന്യാസത്തിലൂടെ അവർ അഭ്യസിച്ച സർവ്വസംഗപരിത്യാഗത്തിന്റെ സുവിശേഷ പാഠങ്ങൾ ഇത്തരുണത്തിൽ അവരെ ബലപ്പെടുത്തി. എല്ലാം പരിത്യജിച്ച് യേശുമിശിഹായെ പിൻചെന്ന ക്രിസ്തുശിഷ്യന്മാരുടെ ജീവിതം, സന്യാസപിതാക്കന്മാരുടെ ജീവിതം, സർവ്വസംഗപരിത്യാഗികളായ ഭാരതീയ ഋഷിവര്യന്മാരുടെ ജീവിതം ഇവയെല്ലാം അവർക്കു പ്രചോദനമേകി. കർത്താവിനെ പ്രതി ഉപേക്ഷിച്ചതൊന്നും നഷ്ടമാകില്ലെന്നും ഈ ലോകത്തിൽ വച്ചുതന്നെ പതിന്മടങ്ങായി തിരികെ കിട്ടുമെന്നുള്ള വാഗ്ദാനം അന്വർത്ഥമായ ചരിത്രമാണ് പുനരൈക്യപ്രസ്ഥാനത്തിനുള്ളത്.

ഈ പശ്ചാത്തലത്തിലാണ് വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പ്രസ്താവിച്ചത് പുനരൈക്യപ്രസ്ഥാനം സന്യാസത്തിന്റെ താപസികാന്തരീക്ഷത്തിലാണ് (Asetical Climate) ജന്മമെടുത്തതും ഫലപ്രാപ്തിയിലെത്തിയതും എന്ന്.



**അനിതരസാധാരണമായ പ്രാർത്ഥന അന്തരീക്ഷം**

നാം ഒന്നായിരിക്കുന്നതുപോലെ അവരും, ഒന്നായിരിക്കേണമെ എന്നുള്ള യേശുനാഥന്റെ തീവ്രമായ ആഗ്രഹവും പ്രാർത്ഥനയും ബഥനിയിലെ പിതാക്കന്മാരുടെയും ആഗ്രഹവും പ്രാർത്ഥനയുമായി മാറി. യേശുവിനോടൊപ്പം ആ പ്രാർത്ഥനയിൽ അവർ തീഷ്ണമായി പങ്കുചേർന്നു. പ്രാർത്ഥനയുടെ നിറഞ്ഞ അന്തരീക്ഷത്തിലാണ് പുനരൈക്യവുമായി ബന്ധപ്പെട്ട ആലോചനകൾ നടത്തിയിരുന്നതും തീരുമാനങ്ങൾ കൈക്കൊണ്ടിരുന്ന

തും. മുണ്ടൻമല ആശ്രമത്തിന്റെ കൊച്ചുചാപ്പലിലെ സക്രാരിയിൽ വി.കുർബ്ബാനസൂക്ഷിച്ചുകൊണ്ട് (ഓർത്തഡോക്സ് സഭയിലില്ലാതിരുന്ന ആചാരം) സഭകളുടെ ഐക്യത്തിനുവേണ്ടി അവർ പ്രാർത്ഥിച്ചിരുന്നു. മലങ്കരസഭയിലെ പുനരൈക്യം കേവലം ചില ബൗദ്ധികമായ വിശകലനങ്ങളുടെയും കണ്ടെത്തലുകളുടെയും പ്രായോഗികമായ ചില കണക്കുക്കൂട്ടലുകളുടെയും ഫലമായുണ്ടായ പ്രതിഭാസമല്ല. അത് പ്രാർത്ഥനയിലൂടെ ദൈവഹിതമെന്തെന്നും മനസ്സിലാക്കി ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടുള്ള ഒരു എടുത്തുചാട്ടമായിരുന്നു. പ്രാർത്ഥനയുടെ ഈ നയമാണ് അതിന്റെ വിജയരഹസ്യം.

മുണ്ടൻമലയിലെ പിതാക്കന്മാരുടെയും സന്യാസികളും പിതാവിന്റെ തിരുഹിതം അറിയുവാൻ പ്രാർത്ഥനയിൽ മുഴുകിയിരുന്ന യേശുവിനെപ്പോലെ, തങ്ങളുടെ ആലോചനകളിലും തീരുമാനങ്ങളിലും ദൈവഹിതം എന്തെന്നറിയുവാൻ കാത്തിരുന്നതായി കാണാം. പുനരൈക്യത്തിനുവേണ്ടി പിതാവു നടത്തിയ എഴുത്തുകുത്തുകളിലെല്ലാം കത്തോലിക്കസഭയുമായുള്ള തന്റെ ഐക്യനീക്കത്തിനുള്ള കാരണങ്ങളുടെ വിശ്വസനീയത ഉറപ്പിക്കപ്പെട്ടിരിക്കുന്നത് ദൈവഹിതം അതാണ് എന്നുള്ള പിതാവിന്റെ ബോദ്ധ്യത്തിലാണ്. നിരന്തരമായ പ്രാർത്ഥനയിലൂടെ ആർജ്ജിച്ച അനുഭവമാണിത്. ഏതു പ്രതിബന്ധങ്ങളെയും തരണം ചെയ്യാനുള്ള ശക്തി പിതാവിനു ലഭിച്ചതും ഈ ബോദ്ധ്യത്തിൽ നിന്നാണ്.

തന്റെ എല്ലാ പ്രധാനതീരുമാനങ്ങൾക്കും നടപടികൾക്കും മുൻപ് ചാപ്പലിൽ കയറി ദീർഘസമയം പ്രാർത്ഥനാനിരതനായ ശേഷം കടന്നുവരുന്ന പിതാവിന്റെ തൂലികാചിത്രം തന്റെ ജീവചരിത്രഗ്രന്ഥങ്ങളിൽ ഉടനീളം കാണാം. വട്ടശ്ശേരിൽ പിതാവുമായുള്ള കൂടിക്കാഴ്ചകൾക്കു മുൻപ് ചാപ്പലിൽ നിന്നിറങ്ങി വരുന്ന മാർ ഈവാനിയോസ് പിതാവിനെയാണ് എപ്പോഴും കാണുന്നത്. പുനരൈക്യത്തിലേക്കുള്ള യാത്രയിൽ ബഥനിമലയോടു വിടചൊല്ലുന്നതിനു മുൻപുള്ള രാത്രി മുഴുവൻ ആശ്രമചാപ്പലിലാണ് പിതാവ് കഴിച്ചുകൂട്ടിയത്. അവിടെ ദിവ്യകാരുണ്യ സന്നിധിയിലിരുന്നുകൊണ്ടാണ് തന്നോടൊപ്പം ഇറങ്ങി പുറപ്പെടാനുള്ളവരുടെ തീരുമാനങ്ങൾ സ്വീകരിച്ചതും അവരെ ശക്തിപ്പെടുത്തിയതും. പുനരൈക്യകാലത്തും അതിനുശേഷവും ദിവ്യകാരുണ്യസന്നിധി ആയിരുന്നു പിതാക്കന്മാരുടെ ആശ്രയകേന്ദ്രവും ആശാകേന്ദ്രവും ശക്തിസ്രോതസ്സും.



പുനരൈക്യപ്രസ്ഥാനത്തിന്റെ വിജയത്തിനായി ഭാരതത്തിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രാർത്ഥനായജ്ഞങ്ങൾ നടത്തിയിട്ടുള്ളതായി അറിയാം. പിതാക്കന്മാർ സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം അവരുടെ പ്രഥമമായ അഭ്യർത്ഥന പുനരൈക്യപ്രസ്ഥാനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കണമെന്നായിരുന്നു. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകളിൽ അനിതരസാധാരണമായ പ്രാർത്ഥനയുടെ അനന്തരഫലമാണ് പുനരൈക്യ പ്രസ്ഥാനം.

**രമ്യതയുടെ സുവിശേഷം**

കത്തോലിക്കാ സഭയുമായുള്ള മലങ്കര സുറിയാനി സഭയുടെ ഐക്യനീക്കങ്ങൾ അതിന്റെ ആദ്യഘട്ടങ്ങളിൽ സഭാശ്രേഷ്ഠന്മാരുടെ ഇടയിൽ പൊതുവെ അംഗീകരിക്കപ്പെട്ടിരുന്നുവെങ്കിലും പല കാരണങ്ങളാൽ ക്രമേണ അവരെല്ലാം അതിൽനിന്നു പിന്മാറുന്ന സാഹചര്യമാണ് നിലവിൽ വന്നത്. എങ്കിലും ബഥനിയുടെ മെത്രാന്മാർ അവരുടെ സഭൈക്യ തീരുമാനങ്ങളുമായി മുന്നോട്ടു പോവുകയാണുണ്ടായത്. ഇത് വ്യക്തിബന്ധങ്ങളുടെ ഉലച്ചിലിനും തെറ്റിദ്ധാരണകൾക്കും വിദ്വേഷത്തിനും പകപോക്കലിനും മുറിപ്പെടലുകൾക്കും ഒക്കെ കാരണമായി. പുനരൈക്യ കാലത്തും അതിനുശേഷവും പിതാക്കന്മാരും അനുചരന്മാരും ഇത്തരം ഹൃദയഭേദകമായ അനുഭവങ്ങളിലൂടെ കടന്നുപോയ ചരിത്രമാണുള്ളത്.

ഇത്തരം സാഹചര്യങ്ങളിൽ രമ്യതയുടെയും ക്ഷമയുടെയും സഹിഷ്ണതയുടെയും സമാധാനത്തിന്റെയുമായ സുവിശേഷമനോഭാവമാണ് പിതാക്കന്മാരിൽ നിന്നും സന്യാസികളിൽ നിന്നുമുണ്ടായത്. തങ്ങളോടു കോപിച്ചവരെയും വിദ്വേഷം പുലർത്തിയവരെയും തങ്ങളെ അവഹേളിച്ചവരെയും ശാന്തമായും സൗമ്യമായും ക്രിസ്തീയമായ സ്നേഹത്തോടും നേരിടുവാൻ അവർക്ക് സാധിച്ചു. അവരെ വെറുക്കുകയല്ല അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന മനോഭാവമാണ് അവർ പുലർത്തിയിരുന്നത്. അവരുടെ ഈ രമ്യതയുടെ മനോഭാവം അനേകരെ അവരിലേക്കും പുനരൈക്യ പ്രസ്ഥാനത്തിലേക്കും ആകർഷിച്ചു.

മാർ ഈവാനിയോസ് പിതാവ് തന്റെ ഗുരുനാഥനായ വട്ടശ്ശേരിൽ തിരുമേനിയുമായുള്ള അവസാന കൂടിക്കാഴ്ചക്കു മുൻപ് ഒരു കാര്യം തീരുമാനിച്ചുറച്ചുകൊണ്ടാണ്

(ശേഷം 38-ാം പേജിൽ)



# കാരുണ്യ സ്പർശം



ഫാ. മാത്യു ചിറയിൽ

# ശാലോം കാരുണ്യഭവൻ മല്ലപ്പള്ളി

**ക**ർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും. എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്' (സങ്കീ. 16:5).

ശാലോം കാരുണ്യ ഭവൻ 1997 ഏപ്രിൽ 13-ന് കോട്ടയം നവജീവൻ ട്രസ്റ്റ് രക്ഷാധികാരി ശ്രീ. പി.എൻ. തോമസ് ഉദ്ഘാടനം ചെയ്തു. രണ്ട് അല്മായ സഹോദരങ്ങളുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് കാരുണ്യ ഭവൻ ആരംഭിച്ചത്. തിരുവല്ല അതിരൂപതയിലെ വൈദികനായ വന്ദ്യ ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പ ആത്മീയ ഉപദേഷ്ടാവായി സേവനം അനുഷ്ഠിക്കുന്നു. പത്ത് കിടപ്പുരോഗികൾ ഉൾപ്പെടെ ആകെ 160 അന്തേവാസികൾ ഇവിടെ വസിക്കുന്നു. 25 വയസുമുതൽ 95 വയസുവരെ പ്രായമുള്ളവർ ഇവിടെയുണ്ട്. 20 അല്മായ സഹോദരങ്ങൾ ഇവിടെ സൗജന്യമായി ശുശ്രൂഷ ചെയ്യുന്നു. കൂടാതെ രണ്ട് ഡോക്ടർമാർ, 3 നഴ്സുമാർ ഇവരെ ശുശ്രൂഷിക്കുന്നു.


നാനാജാതി മതസ്ഥർ ഇവരെ സഹായിക്കുന്നു. ഒരു നേരത്തെ ഭക്ഷണത്തിന് ഇതുവരെ ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് ഇവരെ മുന്നോട്ടു നയിക്കുന്നത്. താമസസൗകര്യത്തിനുള്ള കെട്ടിടംപണി നടക്കുകയാണ്.



10 വർഷമായി ഈ സ്ഥാപനത്തിൽനിന്നും മല്ലപ്പള്ളി ഗവൺമെന്റ് ആശുപത്രിയിൽ അത്താഴം നൽകുന്നു. ആവശ്യമുള്ളവർക്ക് വീൽ ചെയർ സൗജന്യമായി നൽകുന്നു. അന്തേവാസികൾ തന്നെ ഭക്ഷണം തയ്യാറാക്കുന്നു. അന്തേവാസികൾ നടത്തുന്ന ഒരു പശുഫാം ഇവിടെയുണ്ട്. ഒന്നര ഏക്കർ സ്ഥലത്ത് അന്തേവാസികൾ കപ്പ, വാഴ കൃഷി ചെയ്യുന്നു. ഉച്ചക്ക് 12 മണിക്ക് ജപമാല പ്രാർത്ഥനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തുന്നു. എല്ലാ ബുധനാഴ്ചയും ഇവർക്കുവേണ്ടി വി. കുർബ്ബാന അർപ്പിക്കപ്പെടുന്നു. വൈകിട്ട് 6 മണിക്ക് സന്ധ്യാപ്രാർത്ഥന നടത്തപ്പെടുന്നു. ഒരു സിസ്റ്ററിന്റെ മേൽനോട്ടത്തിലാണ് എല്ലാ ദിവസവും പ്രാർത്ഥനകൾ നടത്തപ്പെടുന്നത്. മാസത്തിൽ രണ്ട് ധ്യാനം ഇവിടെ വച്ച് നടക്കുന്നു. വൈദികർ നേതൃത്വം നൽകുന്ന ധ്യാനത്തിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നു.

വൈ.എം.സി.എ. ഹാളിലും, വീടുകളിലുമാണ് ആദ്യം ഈ സ്ഥാപനം തുടങ്ങുവാൻ പ്രാർത്ഥന നടത്തിയത്. പിന്നീട് നാട്ടുകാരുടെ സഹകരണത്തോടെ ഇരുപത് സെന്റ് സ്ഥലം വാങ്ങി 1997 ൽ ഒരു വീട് വാടകയ്ക്ക് എടുത്തപ്പോൾ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവാണ് സഹായിച്ചത്. ബസേലിയോസ് ക്ലീമീസ് കർദിനാൾ ബാവ തിരുമേനിയും, അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയും ഈ സ്ഥാപനം മുന്നോട്ടു കൊണ്ടുപോകുവാൻ സഹായിച്ചു. എല്ലാ ആദ്യ വെള്ളിയാഴ്ചകളിലും മുക്കൂർ ഇടവകയിൽ നിന്ന് ഇവിടെ ഭക്ഷണം നൽകുന്നു. ദൈവത്തിന്റെ അനന്തമായ പരിപാലനയിലൂടെയാണ് ഈ സ്ഥാപനത്തിന്റെ വളർച്ച. ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ നമുക്കും ആവുംവിധം പങ്കാളികളാകാം.

**മേൽവിലാസം :-**
**ഡയറക്ടർ**
**ശാലോം കാരുണ്യഭവൻ**
**ചെങ്ങരൂർ പി.ഒ., മല്ലപ്പള്ളി - നെല്ലിമൂട്**
**9656574832, 9847113430**





**മോൺ. ചെറിയാൻ താഴമൺ**
(സെക്രട്ടറി, കമ്മീഷൻ ഫോർ എക്യുമെനിസം ആൻഡ് ഡയലോഗ്, മലങ്കര സുറിയാനി കത്തോലിക്കാ സഭ)

# എക്യുമെനിസത്തിന്റെ ഫലവും മുഖവും

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

**മാ**ർത്തോമ്മാ ശ്ലീഹായിൽ നിന്ന് സുവിശേഷം സ്വീകരിച്ച മലങ്കര നസ്രാണികൾ എന്നറിയപ്പെടുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം ഏതാണ്ട് രണ്ടായിരം വർഷങ്ങളുടേതാണ്. പാശ്ചാത്യരുടെ വരവുവരെ അവർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേ കോണിലുള്ള കേരളത്തിൽ മാത്രമായി ഒതുങ്ങി നിന്നിരുന്നു. അവരുടെ സംസ്കാരവും ആചാര്യമര്യാദകളും വസ്ത്രധാരണ രീതിയും ഭക്ഷണശീലവുമെല്ലാം ഈ നാട്ടിലെ വിശാലസമൂഹത്തിന്റേതുതന്നെയായിരുന്നു. വിശ്വാസത്തിലും ആരാധനാനുഷ്ഠാനങ്ങളിലും മാത്രമായിരുന്നു വ്യത്യാസം. പൊതുജീവിതത്തിൽ വിശാലസമൂഹത്തിന്റെ ഭാഗമായിരുന്നു അവർ. ഇതര മതസ്ഥരുമായി ഇടകലർന്നും ഇടപഴകിയും കഴിഞ്ഞിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ മതവിദ്വേഷമോ വർഗ്ഗീയ വിരോധമോ മതത്തിന്റെ പേരിലുള്ള അക്രമങ്ങളോ കലാപങ്ങളോ കേട്ടുകേഴ്വിപോലുമില്ലായിരുന്നു. ഉദയംപേരൂർ സൂന്നഹദോസ്സോടുകൂടിയാണ് ക്രിസ്ത്യാനികളും മറ്റ് മതസ്ഥരുമായി പ്രത്യേകിച്ച് ഹൈന്ദവരുമായി വൈജാത്യങ്ങൾ ഉടലെടുത്തത്. വ്യതിരിക്തതയാണ് വ്യക്തിത്വം നിശ്ചയിക്കുന്നതെന്ന വികലചിന്ത സമൂഹത്തിൽ അടിച്ചേല്പിക്കപ്പെട്ടു. സാധർമ്യങ്ങളെക്കാൾ വൈജാത്യങ്ങൾക്ക് പ്രാമുഖ്യം കല്പിക്കാൻ തുടങ്ങി.

ഈ വൈദേശിക ഇടപെടൽ സഭയുടെ ഉള്ളിൽത്തന്നെ ഭിന്നതയ്ക്കും ഭാവിയിൽ വിഭജനത്തിനും കാരണമായി.

സഭയിൽ ഉടലെടുത്ത ഭിന്നതയ്ക്കും വിഭജനത്തിനും എതിരായി നിലപാടെടുക്കുകയും ഐക്യത്തിനുവേണ്ടി ആഗ്രഹിച്ച് പ്രവർത്തിക്കുകയും ചെയ്ത് വിജയിച്ചതിന്റെ ഫലമാണല്ലോ 'മലങ്കര സുറിയാനി കത്തോലിക്കാ സഭ'. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ ഏക കൂട്ടായ്മയായിരുന്ന 'മലങ്കര നസ്രാണികൾ ' വൈദേശിക ഇടപെടൽ മൂലമുണ്ടായ ഭിന്നതയുടെ ഫലമായി കുറേക്കാലം ഗതിമാറി ഒഴുകിയെങ്കിലും ഏറെ പ്രാർത്ഥനയുടെയും ധീരമായ പരിശ്രമങ്ങളുടെയും ഫലമായി വീണ്ടും മാതൃധാരയുമായി ചേർന്ന് ഒഴുകുന്ന ചരിത്രമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടേത്. മലങ്കര പുനഃരൈക്യത്തിന്റെയും അതിന്റെ ജൈവവളർച്ചയും കാനോനിക പൂർണ്ണതയുമായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആന്തരിക ഭാവവും പ്രകട സ്വഭാവവും സഭയിലും സഭകൾ തമ്മിലും പുറമേ മറ്റ് സമൂഹങ്ങളുമായും സഹകരണവും ഐക്യവും എന്നതാണ്. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഹൃദയഭാവവും ഈ ഐക്യവും സഹകരണവുമായിരുന്നു. വിവിധ സഭകളും മതങ്ങളും ഒന്നിച്ചു പുലരുന്ന നാട്ടിൽ സർവ്വരുമായി സമാധാനത്തിലും സൗഹാർദ്ദതയിലും സഹവർത്തിത്വത്തിലും കഴിയുവാനും എല്ലാവരും ഒത്തൊരുമിച്ച് മനുഷ്യനന്മക്കായി പ്രവർത്തിക്കുവാനും സഹായിക്കുന്ന അരൂപി എല്ലാവരിലും രൂപപ്പെടണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹവും. ആധുനിക സഭാചരിത്രത്തിലെ സഭൈക്യ പ്രവർത്തനങ്ങളുടെ സഫലസാക്ഷ്യമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അസ്തിത്വം തന്നെ.

**മലങ്കര പുനഃരൈക്യമെന്ന സഭൈക്യം**

റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നല്കുന്ന സാർവ്വത്രിക സഭയും മലങ്കരയിലെ

യാക്കോബായ സുറിയാനി (ഓർത്തഡോക്സ്) സഭയുമായി ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിൽ നടന്ന ഐക്യ പരിശ്രമങ്ങളുടെ പരിസമാപ്തിയായിരുന്നു 1930 സെപ്റ്റംബർ 20 ന് മലങ്കര സഭയെ അതിന്റെ അപ്പസ്തോലിക പാരമ്പര്യത്തോടും ആരാധനാ പൈതൃകത്തോടും വിശ്വാസപ്രമാണങ്ങളോടും ഭരണരീതികളോടും നൈയ്യാമിക അവകാശങ്ങളോടും കൂടി ഒരു വ്യക്തിഗത സഭയായി സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഉൾച്ചേരുവാൻ ഇടയാക്കിയത്. പരസ്പരം അംഗീകരിച്ചും ആദരിച്ചും കൊണ്ടുള്ള ഐക്യം. മലങ്കര സഭയിൽ 1653 ലെ കൂനൻ കുരിശുവഴി വന്നുഭവിച്ച ഭിന്നത പരിഹരിക്കുവാനുള്ള നൂറ്റാണ്ടുകളുടെ പരിശ്രമങ്ങളുടെ ഫലമായിരുന്നതിനാൽ അത് പുനഃരൈക്യവും ഒരു വ്യക്തിഗത സ്വതന്ത്ര സഭയായി സാർവ്വത്രിക സഭാകൂട്ടായ്മയിൽ അംഗീകരിക്കപ്പെടുകയാൽ അത് സഭൈക്യവും ആയി ഒരേ സമയം ചരിത്രത്തിൽ സ്ഥാനം നേടിയിരിക്കുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദ്ദോസിൽ വ്യക്തമാക്കപ്പെട്ട് അംഗീകരിക്കപ്പെട്ട സഭൈക്യദർശനങ്ങൾ അഞ്ച് പതിറ്റാണ്ടുകൾക്കു മുൻപേ പ്രാവർത്തികമാക്കപ്പെട്ട് ഫലവത്തായതാണ് 'മലങ്കര സുറിയാനി കത്തോലിക്കാസഭ '. സഭൈക്യ ദർശന സാക്ഷത്ക്കാരത്തിലൂടെ സാർവ്വത്രിക സഭാ സംസർഗ്ഗം വീണ്ടെടുത്ത മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഏറ്റവും പ്രകടമായ ഭാവം സഭൈക്യപരിശ്രമങ്ങളും മതസൗഹൃദനിലപാടുകളുമാണ്. സർവ്വമതസ്ഥരോടും സൗഹൃദവും സമഭാവനയും, സഭയുടെ ഉള്ളിലായാലും സഭകൾ തമ്മിലായാലും മറ്റുമതങ്ങളുമായിട്ടായാലും വ്യത്യാസങ്ങളെയും വൈജാത്യങ്ങളെയുംകാൾ സമാനതകളും സജാത്യങ്ങളും കണ്ടെത്തി ബലപ്പെടുത്തുക എന്നതാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തുടക്കം മുതലുള്ള പ്രവർത്തനശൈലി.

**മലങ്കര കത്തോലിക്കാ സഭയുടെ സഭൈക്യമുഖം.**

സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എല്ലാ പൊതുപരിപാടികളിലും വിവിധ സഭാദ്ധ്യക്ഷന്മാരേയും മതാചാര്യന്മാരെയും സമുദായനേതാക്കന്മാരേയും ക്ഷണിക്കുകയും പങ്കെടുപ്പിക്കുകയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക രീതിയായി വളർന്നുകഴിഞ്ഞു. അഭിവന്ദ്യ പിതാക്കന്മാരുടെ നാമഹേതുക തിരുനാളുകൾ, മെത്രാഭിഷേകത്തോടനുബന്ധിച്ചുള്ള അനുമോദനയോഗങ്ങൾ, ഭദ്രാസന ഉദ്ഘാടനങ്ങൾ, ജൂബിലി സമ്മേളനങ്ങൾ, ക്രിസ്തുമസ്സ് കൂട്ടായ്മകൾ, സാർവ്വത്രിക സഭാകേന്ദ്രങ്ങളിൽ നിന്നെത്തുന്ന സഭാനേതാക്കന്മാരുടെ സ്വീകരണങ്ങൾ തുടങ്ങിയ പരിപാടികളിലെല്ലാം വിവിധ സഭാദ്ധ്യക്ഷന്മാരെയും മതനേതാക്കന്മാരെയും പങ്കെടുപ്പിക്കുക വഴി സഭൈക്യത്തിന്റെയും മതസൗഹൃദത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം പൊതുസമൂഹത്തിലും ക്രൈസ്തവ സഭകൾക്കിടയിലും ബലപ്പെടുത്തുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്നും ബോധപൂർവ്വം ശ്രമിച്ചിട്ടുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ സഹോദരീസഭകളുടെയും ഇതര മതങ്ങളുടെയും സമുദായങ്ങളുടെയും വിശേഷാഘോഷ സന്ദർഭങ്ങളിൽ കടന്നു ചെന്ന് ആശംസകളും അനുമോദനങ്ങളും അർപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. എക്യുമെനിക്കൽ സമ്മേളനങ്ങൾ, ഐക്യ ക്രിസ്തുമസ്സ് ആഘോഷങ്ങൾ, സഭൈക്യ പ്രാർത്ഥനാവാരാചരണം, എക്യുമെനിക്കൽ വൈദിക കൂട്ടായ്മകൾ എന്നിവ നടത്തുന്നതിലും മലങ്കര സുറിയാനി കത്തോലിക്കാ സഭ ശക്തമായ നേതൃത്വമാണ് നല്കുന്നത്.

**ഐക്യം ശക്തി**

'വേഗത്തിൽ പോകണമെങ്കിൽ ഒറ്റയ്ക്കുപോവുക; ദൂരേയ്ക്ക് പോകണമെങ്കിൽ ഒരുമിച്ച് ' എന്ന പഴമൊഴി എക്യുമെനിസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിലേയ്ക്ക് വരുന്നു. സഭയ്ക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യത്തെക്കുറിച്ച് ഓർത്താൽ ഈ പഴമൊഴി പ്രസക്തമാണ്. ലോകത്തിന്റെ അതിർത്തികൾ വരെയും കർത്താവിന്റെ രണ്ടാമത്തെ വരവ് വരെയും 'തുടരുവാനുള്ളതാണ് സഭയുടെ ദൗത്യം. ദൂരേയ്ക്കുള്ള യാത്രയാണ്; നിത്യതവരെയുള്ള യാത്രയാണ്. ഒറ്റയ്ക്കല്ല ഒരുമിച്ചുള്ളതായിരിക്കണം സഭയുടെ സുവിശേഷ യാത്ര. യേശുവിൽ വിശ്വസിക്കുന്നവരുടെ അടിസ്ഥാന യോഗ്യതതന്നെ കൂട്ടായ്മയിൽ ആയിരിക്കുക എന്നുള്ളതാണല്ലോ. കൂട്ടായ്മയിലല്ലാത്തവൻ വിശ്വാസത്തിലല്ല. 'പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കണമേ'എന്ന യേശുനാഥന്റെ പ്രാർത്ഥനയാണല്ലോ ഐക്യത്തിന്റെ അടിസ്ഥാനം. പരിശുദ്ധ ത്രിത്വമാണ് കൂട്ടായ്മയുടെ ഏറ്റവും വലിയ അടയാളവും മാതൃകയും. തത്വം എല്ലാവർക്കും അറിയാം. പ്രായോഗികതയി



ലേയ്ക്ക് വരുമ്പോൾ കാര്യങ്ങൾ അത്ര നിസ്സാരമല്ല. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആത്മാർത്ഥമായ എക്യുമെനിക്കൽ ശ്രമങ്ങളെ വികലമാക്കി ചിത്രീകരിക്കാൻ ചിലരെങ്കിലും ശ്രമിക്കുന്നതായി കാണുന്നത് അതീവ ദുഃഖകരമാണ്. അവ ഒരുമിച്ചുള്ള പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു.

**ഈജിപ്തിൽനിന്നൊരു പാഠം**

ഈ അടുത്ത നാളിൽ ഈജിപ്തിൽനിന്നുള്ള ഒരു സന്ദർശകനെ പരിചയപ്പെടുവാനിടയായി. മതകാര്യങ്ങൾ സംസാരിച്ചപ്പോൾ അയാൾ പറഞ്ഞു: ഞങ്ങളുടെ പൂർവ്വികർ ക്രിസ്ത്യാനികളായിരുന്നു. ഈജിപ്തിൽ ക്രിസ്തുമതം വളരെ ശക്തമായിരുന്നു. എന്നാൽ ഇന്ന് അഞ്ച് ശതമാനത്തിൽ താഴെ മാത്രമെ ക്രിസ്ത്യാനികൾ ഉള്ളു. അതും കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് കേട്ടപ്പോൾ ഈജിപ്തിലെ സഭയുടെ ചരിത്രം പണ്ട് പഠിച്ചത് ഓർത്തു. സുവിശേഷകനായ വിശുദ്ധ മർക്കോസ് ഈജിപ്തിൽ സഭ സ്ഥാപിച്ചതായാണ് പാരമ്പര്യം. വേഗത്തിൽ സഭ അവിടെ ശക്തിപ്പെട്ടു. ഈജിപ്തിലെ അലക്സാണ്ടറിയാ ആയിരുന്നു സഭയിലെ പ്രഥമ ദൈവശാസ്ത്ര പഠനകേന്ദ്രം. സന്ന്യാസപ്രസ്ഥാനങ്ങൾ തുടക്കം കുറിച്ചതും അവിടെയായിരുന്നു. അനേക ദൈവശാസ്ത്ര പണ്ഡിതരും വിശുദ്ധരും താപസരും ഈജിപ്തിലെ സഭയുടെ സന്താനങ്ങളായിരുന്നു. എന്നിട്ടും എന്തേ അവിടുത്തെ സഭ ഇങ്ങനെ ക്ഷയിക്കുന്നത്. സഭയിലെ വിഭാഗീയതകൾ തന്നെ കാരണം. കൽക്കദോനിയ സുന്നഹദോസ് വിരുദ്ധരും അനുകൂലികളും എന്ന് സഭയിൽ ഭിന്നിപ്പും ഉണ്ടായി. കൽക്കദോനിയ സുന്നഹദോസിന്റെ തീരുമാനങ്ങളെ എതിർത്ത ഏകസ്വഭാവവാദികൾ 'ഔദ്യോഗിക സഭയെ അനുകൂലിക്കുന്ന വിഭാഗത്തെ (റോമിലെ മാർപാപ്പായെ അംഗീകരിക്കുന്നവർ) എതിർക്കുവാനായി അറബികളായ




മുസ്ലീംങ്ങളെ ധാരാളമായി ഈജിപ്തിലേക്ക് സ്വാഗതം ചെയ്തു. ക്രമേണ മുസ്ലീംങ്ങൾ വർദ്ധിച്ച് അധികാരം പിടിച്ചെടുത്തു. ക്രൈസ്തവർക്ക് ഭീമമായ നികുതി ചുമത്തുകയും നികുതി അടയ്ക്കാത്തവരെ വധിക്കുകയോ മതപരിവർത്തനം നടത്തുകയോ ചെയ്തു. അങ്ങനെ ഈജിപ്തിലെ ക്രിസ്ത്യാനികളുടെ കോപ്റ്റിക്ക് ഭാഷയുടെ സ്ഥാനത്ത് അറബി ഭാഷയും കോപ്റ്റിക്ക് സഭയുടെ ശക്തികേന്ദ്രങ്ങളിൽ ഇസ്ലാം മതാനുയായികളും കടന്നുകയറി. വിശ്വാസികൾ തമ്മിലുണ്ടായ ഭിന്നത വരുത്തിവച്ച വിന. സഹോദരങ്ങളെ ശത്രുക്കളായി കണ്ട് അവരെ നേരിടാൻ മറ്റുള്ളവരെ കൂട്ട് പിടിച്ചതുകൊണ്ടുണ്ടായ ദുരന്തം.

നമ്മുടെ നാട്ടിലും കാണുന്നത് സമാനചിത്രമല്ലേ? 'കൂനൻകുരിശ് 'സത്യത്തിനു ശേഷം വേറിട്ടു നിന്ന 'പുത്തൻകൂർ ' വിഭാഗം പോർട്ടുഗീസ് മിഷനറിമാരെ നേരിടാൻ ഇംഗ്ലീഷ് മിഷനറിമാരുടെ സഹായം തേടി. സത്യത്തിൽ പ്രോട്ടസ്റ്റന്റുകാരായ ഇംഗ്ലീഷ് മിഷനറിമാരുമായി മലങ്കരയിലെ സഭയ്ക്ക് വിശ്വാസപരമായ വലിയ അന്തരം ഉണ്ടായിരുന്നു. മലങ്കര നസ്രാണികൾ ശത്രുവായി പരിഗണിച്ച സഹോദരരെ നേരിടാനുള്ള ശ്രമത്തിൽ അതൊന്നും അവർ അത്ര ഗൗരവമായി കാണില്ല. ഒടുവിൽ എന്താണ് സംഭവിച്ചത് ? പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ മലങ്കരയിൽ വ്യാപിച്ചു. ഭിന്നതകളുടെയും പിളർപ്പുകളുടെയും ഒരു പരമ്പര തന്നെ സംഭവിച്ചു. അതിന്റെ തിക്തഫലങ്ങളാണ് ഇന്നു നാം അനുഭവിക്കുന്നത്. ഭന്നിപ്പിന്റെ ദുർഭൂതം ഈ 2017 ലും മലങ്കരയെ ആവാഹിച്ചിരിക്കുന്നു.

**ചരിത്രപാഠം**

പത്രോസിന്റെ പിൻഗാമിയായ റോമിലെ മാർപാപ്പാ നേതൃത്വം നല്കുന്ന അപ്പസ്തോലിക കൂട്ടായ്മയുടെ ഭാഗമായിരുന്ന മലങ്കര സഭ ഭിന്നിച്ച് നാശത്തിന്റെ പടുകുഴിയിൽ പെട്ട് ഉഴലുമ്പോഴും സഹോദരനെ ശത്രുവായി സങ്കല്പിച്ച് അവനോട് മല്ലിടാൻ ശത്രുവിന്റെ സഹായം തേടുന്ന പ്രവണത തുടരുന്നത് കാണാതെ പോകരുത്. ഐക്യത്തിനുവേണ്ടി പരിശ്രമം നടത്തുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആത്മാർത്ഥതയെപ്പോലും കണ്ടില്ലെന്നു നടിക്കുന്നു ചിലർ. സത്യത്തിനു നേരെ മുഖം തിരിച്ചുള്ള ഈ പോക്ക് മലങ്കര സഭയ്ക്ക് ഈജിപ്തിലെ സഭയുടെ സ്ഥിതി വരുത്തുമെന്നു തിരിച്ചറിയാനുള്ള വിവേകം മലങ്കര നസ്രാണികൾക്കുണ്ടാകണം. ചരിത്രത്തിൽനിന്ന് പാഠം പഠിക്കാത്തവൻ ഭോഷനാണ്. 'കാഹളനാദം കേട്ടിട്ടും മുന്നറിയിപ്പു സ്വീകരിക്കാത്തവനെ വിഛേദിച്ചുകളയും' (എസക്കിയേൽ 33/ 4) .

പത്രോസിന്റെ പിൻഗാമിയുമായുള്ള സംസർഗ്ഗം ദൈവനിശ്ചയമാണ്. അതിൽ നിന്നകലുന്നവൻ സഭയുടെ പൂർണ്ണതയിൽനിന്നാണകലുന്നത്. അങ്ങനെ അകന്ന സഭാസമൂഹങ്ങളെല്ലാം നാശത്തി

*(ശേഷം 40-ാം പേജിൽ)*



With best Compliments...
നാം ഒന്നായിരിക്കുന്നതു പോലെ
അവരും ഒന്നായിരിക്കുന്നതിന് അങ്ങ്
എനിക്കു തന്ന മഹത്വം അവർക്കു
ഞാൻ നൽകിയിരിക്കുന്നു.
(വി.യോഹ. 17 : 22)
87-ാം പുനരൈക്യ വാർഷികാഘോഷങ്ങൾക്ക്
പ്രാർത്ഥനാശംസകൾ
Rev. Fr. Thomas Moothanteth (Priest Incharge) & Community
ഒമാൻ മലങ്കര കത്തോലിക്ക കൂട്ടായ്മ
MUSCAT - RUWI ✦ GHALA ✦ SALALAH ✦ NIZWA ✦ SOHAR

# LIST OF MALANKARA CATHOLIC STUDENTS ADMITTED FOR MBBS COURSE 2017-18

| | Name of Malankara Catholic Students Admitted for MBBS course 2017-18 | Diocese to which the Student belongs to |
|---|---|---|
| 1 | TREESA AJU, Valakuzhy House, Anikkadu | Archdiocese of Tiruvalla |
| 2 | BINO SAM JOSEPH, Thejus, Arpookara East P.O., Kottayam | Archdiocese of Tiruvalla |
| 3 | JAISON GEEVARGHESE, Valiyaparambil House, Puliyoor P.O., Alappuzha | Archdiocese of Tiruvalla |
| 4 | DONA SARA JACOB, Njarakkadan House, Thiruvaniyoor P.O., Ernakulam | Diocese of Muvattupuzha |
| 5 | SHERYL ANN ANTONY, Springs Apartment, Royal Court 4, Silver Springs Apartment, Mankave, Kozhikode | Diocese of Bathery |
| 6 | ASHIMA ANN THOMAS, Shalom House No. 14, Santhinagar, Kodungallur, Thrissur | Diocese of Muvattupuzha |
| 7 | BABITHA MARY SIMON, Thazhamon House, Thadiyoor, Tiruvalla | Archdiocese of Tiruvalla |
| 8 | MERRIN ROSE JACOB, Chakkalamuriyil House, Akalur, Palakkad | Diocese of Muvattupuzha |
| 9 | JOMIN JOSE, Charuvila House, SM Colony, Kulathupuzha, Kollam | Archdiocese of Thiruvananthapuram |
| 10 | AJIN S. GEORGE, Thaikkoottathil House, Thazhathuvadakku, Kollam | Archdiocese of Thiruvananthapuram |
| 11 | NITHY SARA MATHEWS, Puthoor House, Kattanam, Pallickal P.O, Alappuzha | Archdiocese of Tiruvalla |
| 12 | ROHIT C., Welcare Pearl Residency, Breeze Enclave, Ulloor, Thiruvananthapuram | Archdiocese of Thiruvananthapuram |
| 13 | ANEESH CHACKO, 16th Main, 17th Cross, Bangalore | Diocese of Pune |
| 14 | JIBIN SAJEEV, Good Hope House, Kottukkal, Kollam | Archdiocese of Thiruvananthapuram |
| 15 | NILA SUNNY, Valiyavilayil House, Madathunada, Nalanchira, Mukkola, Thiruvananthapuram | Archdiocese of Thiruvananthapuram |
| 16 | ELISHA B. MATHEW, Wisdom Gardens, K.K. Nagar, Mannanthala, Thiruvananthapuram | Archdiocese of Thiruvananthapuram |
| 17 | NITHYA ELSA KURIAN, Thengumvila House, Kallayam P.O, Thiruvananthapuram | Archdiocese of Thiruvananthapuram |
| 18 | AJO TOM JOSE, Puthenmadathil House, Vennikulam, Thelliyoor P.O. | Archdiocese of Tiruvalla |
| 19 | SNEHA JOJI, Santhi Bhavan, Manali, Chungathara, Malappuram | Diocese of Bathery |
| 20 | ALENTA MERIN BABU, Thanniamkattil House, Nilambur, Ramankuth P.O., Malappuram | Diocese of Bathery |
| 21 | JOJI BABU, JJ Bhavan, thoduvakadu, Theppupara P.O., Pathanamthitta | Diocese of Pathanamthitta |
| 22 | NAYANA P. ANTONY, Puthenparampil House, Makkutty, Sulthan Bathery | Diocese of Bathery |
| 23 | ABHIJITH DANIEL, Kaithayil House, Piravom P.O., Ernakulam | Diocese of Muvattupuzha |
| 24 | ELSA MATHEW, Melapurayil House, 10/1661, Mottavila, Nalanchira, Thiruvananthapuram | Archdiocese of Thiruvananthapuram |
| 25 | NAMITHA ANN THOMPSON, Thompumkuzhiyil House, East Othera P.O., Tiruvalla | Archdiocese of Tiruvalla |
| 26 | MONCY PAUL, Puthenpurakal House, Thaikoottathil, Thathampally P.O., Alappuzha | Archdiocese of Tiruvalla |



# മഹാനായ പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചൻ



**ഡോ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ ഒ.ഐ.സി.**

**സു**പ്രസിദ്ധമായ കുന്നംകുളം ദേശത്ത് പ്രൗഢഗംഭീരമായ മെത്രാപ്പോലീത്താമാരാൽ അനുഗ്രഹിക്കപ്പെട്ട പുലിക്കോട്ടിൽ തറവാട്ടിൽ ഉട്ടൂപ്പ് - കുഞ്ഞന്നം എന്നീ അനുഗ്രഹീത ദമ്പതികളുടെ രണ്ടാമത്തെ മകനായി ജോസഫ് റമ്പാച്ചൻ 1889 നവംബർ 16-ാം തീയതി ജനിച്ചു. യാക്കോബായ സമുദായത്തിൽ അതുല്യ കീർത്തി സമ്പാദിച്ചിട്ടുള്ള പുലിക്കോട്ടിൽ വന്ദ്യ തിരുമേനിമാരുടെ അനന്തരവനായ നമ്മുടെ ഇതിഹാസ പുരുഷൻ അവരുടെ പാതകളെ അനുസ്യൂതം പിൻതുടരുവാൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ആ ഓമനപുത്രനെ നിസ്സീമമായ സന്തോഷത്തോടും വാത്സല്യത്തോടും കൂടിയാണ് വീട്ടുകാരും നാട്ടുകാരും സംവീക്ഷിച്ചതും സംരക്ഷിച്ചതും. 5-ാം വയസ്സിൽ എഴുത്തിനിരുത്തി, പിന്നീട് പ്രീപ്രൈമറിക്ലാസും വിജയകരമാം വിധം പൂർത്തിയാക്കിയ ശെമ്മാശനെ തുടർപഠനത്തിനായി ചേർത്തു. തന്റെ 8-ാം വയസ്സിൽ സ്വമാതാവ് കുഞ്ഞന്നം ഈ ലോകത്തോടു യാത്ര പറഞ്ഞപ്പോൾ രണ്ടാനമ്മയായ ചെമ്മണ്ണൂർ കുഞ്ഞീറ്റിയമ്മാ പ്രത്യേക വാത്സല്യത്തോടെ ജോസഫ് റമ്പാച്ചനെ സംരക്ഷിച്ചുപോന്നു. റമ്പാച്ചന്റെ മരണശയ്യയിൽ അവസാനതുള്ളി വെള്ളം കൊടുക്കുന്നതുവരെ ഈ രണ്ടാനമ്മയുടെ മാതൃസ്നേഹം നീണ്ടുനിന്നു. പ്രിയ മകനെ അതീവ ദു:ഖത്തോടെയാണ് താത്കാലിക വാസത്തിൽ നിന്നും ആ അമ്മ യാത്രയാക്കിയത്.

12-ാം വയസ്സിൽ ശെമ്മാശപ്പട്ടവും നൽകി ശെമ്മാശനാക്കി.എം. ഡി. സെമിനാരിയിലെ പഠനകാലത്ത് അന്നത്തെ ഹെഡ്മാസ്റ്റർ വൈദീകരുടെ ഇടയിൽ നിന്നും ആദ്യമായി എം.എ. ബിരുദം സമ്പാദിച്ചത് ഫാ.പി. റ്റി. വർഗ്ഗീസായിരുന്നു (ദൈവദാസൻ മാർ ഈവാനിയോസ്).

കുന്നംകുളത്തെ യാക്കോബായ സമുദായാംഗങ്ങൾ ജോസഫ് ശെമ്മാശനെ മെത്രാനാക്കണമെന്ന മുറവിളിപ്രകാരം സൂന്നഹദോസ് അദ്ദേഹത്തെ മെത്രാനാക്കാൻ തീരുമാനിച്ചതിൻ പ്രകാരം 1929 ഏപ്രിൽ 21ന് (40-ാംവയസ്സിൽ) വൈദീക സ്ഥാനം നൽകി; പത്താം ദിവസം റമ്പാനുമാക്കി. മെത്രാപ്പോലീത്താസ്ഥാനത്തേക്ക് സൂന്നഹദോസ് തിരഞ്ഞെടുത്തുവെങ്കിലും വന്ദ്യ റമ്പാച്ചൻ അത് തിരസ്ക്കരിച്ചു എന്നാണ് അറിയുവാൻ ഇടയായിട്ടുള്ളത്.

**വന്ദ്യ റമ്പാച്ചനും പുനരൈക്യ പ്രസ്ഥാനവും**

പുലിക്കോട്ടിൽ ശെമ്മാകൻ റമ്പാനായ കാര്യം തന്റെ ഗുരുവായിരുന്ന മാർ ഈവാനിയോസ് പിതാവ് അറിയുകയും അനന്തരം മാർ ഈവാനിയോസ് പിതാവുമായുള്ള ബന്ധം കൂടുതൽ സമൃദ്ധമാവുകയും ചെയ്തു.

ഓർത്തഡോക്സ് സമുദായത്തിലെ മെത്രാപ്പോലീത്ത ആയിരുന്ന മാർ ദിവന്നാസിയോസ് തിരുമേനി റമ്പാച്ചന്റെ അടുത്ത കാരണവരായിരുന്നു. അദ്ദേഹം കത്തോലിക്കാസഭയുടെ മടിത്തട്ടിലേക്ക് പിന്തിരിയുവാൻ ദൃഢനിശ്ചയം ചെയ്തിരുന്നു. തന്റെ പ്രാണബന്ധുവായിരുന്ന നിധിയിരിക്കാൻ മാണിയച്ചനും കട്ടക്കയത്ത് ചാണ്ടിയച്ചനും ഒന്നിച്ച് അന്നത്തെ Apostolic delegate അയൂത്തിയെ സന്ദർശിച്ച് കത്തോലിക്കാ തിരുസഭയിലേക്ക് ചേരുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും Apostolic delegate വളരെ സന്തോഷത്തോടെ ഈ സദ്വാർ

> **കത്തോലിക്കാ സഭയുമായുള്ള പുനൈരൈക്യത്തിനു ശേഷം ബഥനി മെത്രാന്മാരും പുലിക്കോട്ടിൽ റമ്പാച്ചൻ, ചേപ്പാട്ട് റമ്പ—ച്ചൻ, ബഥനി സന്ന്യാസിമാർ എന്നിവരൊന്നിച്ചാണ് തിരുമൂലപുരം ആശ്രമത്തിൽ താമസിച്ചുവന്നത്.**

ത്തയെ സ്വാഗതം ചെയ്യുകയും ചെയ്തു. എന്നാൽ ഈ ആഗ്രഹം എതിർശക്തികളുടെ സമ്മർദ്ദം മൂലം പൂവണിഞ്ഞില്ല.

അനന്തരവനുണ്ടായിരുന്നു പ്രലോഭനങ്ങൾ വേണ്ടുവോളം. പക്ഷേ അവയെല്ലാം വലിച്ചെറിഞ്ഞ് റമ്പാനായിട്ടു തന്നെ കാലം കഴിഞ്ഞാലും വേണ്ടതില്ല, പൂർവ്വസഭയിൽ തന്നെ മരണമടയണമെന്ന ആഗ്രഹം പ്രബലപ്പെട്ടു. എത്ര തന്നെ ത്യാഗം സഹിച്ചാലും മന:സാക്ഷിയുടെ പ്രേരണ ഈശ്വരാജ്ഞയ്ക്ക് തുല്യം പരിഗണിച്ചും കത്തോലിക്കാസഭയിൽ പുനരൈക്യപ്രസ്ഥാനത്തിന്റെ നെടുംതൂണായി പ്രവർത്തിച്ച ഈ മഹാത്മാവ് 1941 ജൂലൈ 6-ാം തീയതി ദൈവാത്മാവിൽ ലയിച്ചുചേർന്നു.

ആധുനിക പുനരൈക്യപ്രസ്ഥാനം പൂർണ്ണമായി പുറത്തുവരുമ്പോൾ തിരശ്ശീല നീക്കിയാൽ കാണുന്ന ചിത്രം മറ്റാരുടേതുമായിരിക്കില്ല. കാരണവരുടെ അപരാധത്തിന്റെ പരിഹാരമായി, ക്ഷമാപണത്തോടെ സഭയുടെ ഏറ്റവും തീക്ഷ്ണതയുള്ള മുന്നണി പോരാളിയായിരുന്നു ജോസഫ് റമ്പാച്ചൻ എന്ന് കാലം തെളിയിക്കുമെന്ന ഉറ്റസുഹൃത്തായിരുന്ന മഹാകവി വള്ളത്തോളിന്റെ പ്രസ്താവന (പ്രവചനം) തികച്ചും യാഥാർത്ഥ്യമായിരുന്നുവെന്ന് കാലം സാക്ഷ്യപ്പെടുത്തുന്നു.

കത്തോലിക്കാസഭയുമായുള്ള പുനൈരൈക്യത്തിനുശേഷം ബഥനി മെത്രാന്മാരും പുലിക്കോട്ടിൽ റമ്പാച്ചൻ, ചേപ്പാട്ട് റമ്പാച്ചൻ, ബഥനി സന്ന്യാസിമാർ എന്നിവരൊന്നിച്ചാണ് തിരുമൂലപുരം ആശ്രമത്തിൽ താമസിച്ചുവന്നത്. അവിടുത്തെ കാര്യസ്ഥനും സൂത്രധാരനുമെല്ലാം നമ്മുടെ കഥാപുരുഷൻ തന്നെയായിരുന്നു. റമ്പാച്ചന്റെ മറ്റുള്ളവരുമായിട്ടുള്ള മൈത്രീ ബന്ധം ധാരാളം പേരെ സഭയിലേക്കാകർഷിച്ചു. 1929 ഏപ്രിൽ 17ന് അന്നത്തെ 'നസ്രാണി ദീപിക'യിൽ വന്ന ലേഖനത്തിന്റെ ആദ്യഭാഗം തുടങ്ങുന്നത് ഇപ്രകാരമാണ് : 'ആശ്രമത്തിലെ സാമാന്യശ്രേഷ്ഠൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തന്നെയെങ്കിലും സന്ന്യാസികളുടെ കൂട്ടത്തിൽ ഒരു ശ്രേഷ്ഠനുമുണ്ട്. അദ്ദേഹം സത്കാരപ്രിയനും ആരേയും ആകർഷിക്കത്തവിധം വിനയമുള്ളവനും ബുദ്ധിശാലിയുമാണ്.' വന്ദ്യ റമ്പാച്ചനും തന്റെ ഗുരുവുമായിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവും തമ്മിലുള്ള സ്നേഹബന്ധം എത്രമാത്രം വലുതായിരിക്കുമെന്ന് ഇതിൽ നിന്നും സ്പഷ്ടമാണ്.

**തിരുവനന്തപുരം അതിരൂപതയുടെ ഭരണം ക്ലേശകരമായിരുന്നുവെങ്കിലും ഒറ്റയ്ക്ക് ഏറ്റവും ഭംഗിയായി നടത്തി. തിരുവനന്തപുരത്തെ 'കുന്നുകുഴിയിൽ' താമസിച്ച് ദാരിദ്ര്യവും മന:ക്ലേശവും സഹിച്ചുകൊണ്ട് തന്റെ കടമ ഭംഗിയായി നിർവ്വഹിച്ചു.**

റമ്പാച്ചന്റെ സുഹൃത്തായിരുന്ന ഫാ. എ.ഡി. മറ്റത്തിൽ അച്ചൻ തിരുമൂലപുരത്തും വെണ്ണിക്കുളത്തും താമസിച്ചുകൊണ്ടിരുന്ന ബഥനി സന്ന്യാസികളുടെ അനുദിനചെലവുകളിൽ സഹായിക്കാനായി പല പള്ളികളിലും റമ്പാച്ചനെ കൊണ്ടുപോയി പ്രസംഗിപ്പിക്കുകയും കിട്ടുന്ന തുക മാർ ഈവാനിയോസ് പിതാവിനെ ഏൽപ്പിക്കുകയും ചെയ്തിരുന്നു.

**മലങ്കരകത്തോലിക്കാ സഭയുടെ അഡ്മിനിസ്ട്രേറ്റർ**

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി റോമിൽ മാർപ്പാപ്പായിൽ നിന്നും മെത്രാപ്പോലീത്താമാർക്കുള്ള പ്രത്യേക ചിഹ്നത്തോടുകൂടിയ കഴുത്തിൽ ധരിക്കുന്ന പാലീയം സ്വീകരിക്കുന്നതിനായി പോയപ്പോൾ തിരുവനന്തപുരം എന്നല്ല മലങ്കരസഭയുടെ ഭരണം മുഴുവൻ റമ്പാച്ചനെ ഏൽപ്പിച്ചു. മൂന്നുമാസം എന്നതിൽ നിന്നും ആറുമാസം വരെയുള്ള ദീർഘിച്ച യാത്രയിൽ മലങ്കര കത്തോലിക്കാസഭ പുലിക്കോട്ടിൽ റമ്പാച്ചന്റെ കൈകളിൽ സുരക്ഷിതമെന്ന് മാർ ഈവാനിയോസ് പിതാവിനറിയാമായിരുന്നു.

തിരുവനന്തപുരം അതിരൂപതയുടെ ഭരണം ക്ലേശകരമായിരുന്നുവെങ്കിലും ഒറ്റയ്ക്ക് ഏറ്റവും ഭംഗിയായി നടത്തി. തിരുവനന്തപുരത്തെ 'കുന്നുകുഴിയിൽ' താമസിച്ച് ദാരിദ്ര്യവും മന:ക്ലേശവും സഹിച്ചുകൊണ്ട് തന്റെ കടമ ഭംഗിയായി നിർവ്വഹിച്ചു. റമ്പാച്ചന്റെ സാമർത്ഥ്യം കൊണ്ട് മാർ ഈവാനിയോസ് പിതാവിന് താമസിക്കത്തക്കവിധം വെള്ളയമ്പലത്ത് ബംഗ്ലാവ് വാടകയ്ക്ക് എടുത്തു തയ്യാറാക്കി. അഭിവന്ദ്യ പിതാവിന് തിരുവനന്തപുരത്ത് ഒരുക്കിയ ഗംഭീരസ്വീകരണം വന്ദ്യ റമ്പാച്ചന്റെ സംഘാടകമികവിനെ തെളിയിക്കുന്നതായിരുന്നു.

**തെക്കുവടക്കൻ കേരളത്തിലെ പുനരൈക്യശില്പി**

മലങ്കരകത്തോലിക്കാ ഹൈരാർക്കി സ്ഥാപിതമായപ്പോൾ തിരുവനന്തപുരം അതിഭദ്രാസനമായും തിരുവല്ലായെ ഭദ്രാസനമാക്കിയും ഇങ്ങനെ രണ്ടു പ്രവിശ്യകളാക്കി പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയെ പ്രോത്സാഹിപ്പിച്ചു. കാരണം തന്റെ ജന്മനാട് കുന്നംകുളം ആയിരുന്നതിനാൽ വന്ദ്യ റമ്പാച്ചൻ കുന്ദംകുളം ഉൾപ്പെടുന്ന തിരുവല്ലയിലേക്ക് മടങ്ങിവന്നു.

തിരുവല്ല രൂപതയുടെ ആദ്യത്തെ അഡ്മിനിസ്ട്രേറ്ററും വന്ദ്യ റമ്പാച്ചൻ തന്നെ ആയിരുന്നു. മാത്രമല്ല, തെക്കൻ മിഷനിൽ (തമിഴ്നാട് ) 300 പേർക്ക് ഒരുമിച്ച് മതബോധനം നൽകുകയും

മാമ്മോദീസാ കൊടുത്ത് വിശ്വാസത്തിലേക്കു നയിക്കുകയും ചെയ്ത റമ്പാച്ചനെ ഇന്നത്തെ മാർത്താണ്ഡം രൂപതയുടെ പുനരൈക്യശില്പിയെന്ന് വിളിക്കുന്നതിൽ അതിശയോക്തിയില്ല. വടക്കൻ മേഖലയുടെയും പുനരൈക്യശില്പി വന്ദ്യ റമ്പാച്ചൻ തന്നെയായിരുന്നുവല്ലോ.

പത്രാധിപർ എന്ന നിലയിലുള്ള മികവ് മഹാകവികളായ വള്ളത്തോൾ, ഉള്ളൂർ മുതലായ വലിയ വ്യക്തികളുടെ ബഹുമാനത്തിന് അദ്ദേഹത്തെ പാത്രീഭൂതനാക്കിയത് താമസംവിനാ സുവ്യക്തമായും സമ്പൂർണ്ണമായും കാണുവാൻ സാധിക്കും. ജനിച്ചു വളർന്ന സ്വന്തം സഭയിൽ നിന്നുള്ള പീഡനങ്ങളും താഡനങ്ങളും അദ്ദേഹത്തിന്റെ സഹനശക്തിയുടെ മാറ്റ് വർദ്ധിപ്പിക്കുന്നതായിരുന്നുവെന്ന് ബഹു. അഡ്വ. പി.ഡി. മാത്യു പുലിക്കോട്ടിലിന്റെ 'കുന്ദംകുളവും മലങ്കര സഭയും' എന്ന പുസ്തകത്തിലൂടെ (പേജ് 573-74) തന്നെ പ്രസ്താവിക്കുന്നു.

ബഥനി മാസികയിൽ അദ്ദേഹത്തിന്റെ തന്നെ മാസികയും അദ്ദേഹം തന്നെ പത്രാധിപരുമായിരുന്ന കുഴൽ കണ്ണാടിയിൽ റോമാ ഐക്യവുമായി ബന്ധപ്പെട്ട് അദ്ദേഹം തന്നെ എഴുതിയ ഒരു ചെറുലേഖനം ചുവടെ ചേർക്കുന്നു.

മലങ്കര യാക്കോബായ സഭയിലെ അംഗങ്ങളായിരിക്കുന്നവർ ഭാവിയെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ടതായ കാര്യങ്ങൾ പലതും ഉണ്ടെന്നു ഞങ്ങൾ ഇപ്പുസ്തകത്തിൽ കാണിച്ചുകഴിഞ്ഞു. ആശാസ്യമായ ഭാവിക്കു നിദാനം ഏതെന്നുള്ള കാര്യത്തിൽ മാത്രമേ അഭിപ്രായഭേദമുള്ളുവല്ലോ. പര്യാലോചിക്കുന്തോറും നല്ലതായ ഒരു മാർഗ്ഗം നമുക്കു തെളിഞ്ഞുകാണാൻ ഇടയില്ലാത്തതല്ല എന്നു സമാധാനിക്കാം. സമുദായാംഗങ്ങൾ ഏവരും ഒരഭിപ്രായക്കാരായിത്തീർന്നുകൊണ്ട് ഏതൊരു പ്രസ്ഥാനത്തിലും കാൽവെയ്പാൻ സാദ്ധ്യമായിട്ടുള്ളതല്ലല്ലോ. അതിനാൽ നമുക്ക് ഇരിക്കാം! ആലോചിക്കാം, ധൃതഗതിയായി യാതൊന്നും നമുക്കു പ്രവർത്തിച്ചിട്ടാവശ്യമില്ല.

ഇതിനിടയിൽ ബഥനിക്കാരെയും അവരുടെ അനുകൂലികളെയും ഉടനെ മുടക്കുമെന്നൊരു ധ്വനി നാടൊട്ടൊക്കു മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ഈ കുഴൽക്കണ്ണാടി നിമിത്തമായോ മറ്റോ ഞങ്ങളെയും വെറുതെ വിടാൻ ഇടയില്ലെന്നു ഊഹിപ്പാൻ അവകാശമുണ്ട്. അനുനിമിഷം ഞങ്ങൾ അതു നോക്കിക്കൊണ്ടിരിക്കുകയാണ്. പുറമേയുള്ള കേഴ്വി ഞങ്ങൾ ഇരുവരുടെയും ചെവികളിൽ അലച്ചുകൊണ്ടിരിക്കുന്നു. ഈ സംഭവുമായി ബന്ധപ്പെട്ട് ഏറെ ചരിത്രസത്യങ്ങൾ വെളിപ്പെടുത്താനുണ്ടെങ്കിലും സ്ഥലദൗർലഭ്യം കൊണ്ട് ഇതിവിടെ അവസാനിപ്പിക്കുന്നതോടൊപ്പം മുകളിൽ റമ്പാച്ചൻ മുടക്കു കല്പനയെക്കുറിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ ഭീഷണിയായിട്ട് ഉയരുകയും ഈ ഭീഷണിയെ ഉച്ചൈക സ്വരത്തിൽ നേരിടുകയും സത്യസഭയായ കത്തോലിക്കാ സഭയോടും തന്റെ വന്ദ്യ ഗുരുവായിരുന്ന ഈവാനിയോസ് പിതാവിനോടുമൊത്ത് പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിനിടയിൽ 1928 ൽ പരുമലയിൽ വച്ച് കൂടിയ സൂനഹദോസിൽ റമ്പാച്ചനെ മെത്രാച്ചനാക്കുവാൻ തീരുമാനിച്ചെങ്കിലും സത്യസഭയെ ആശ്ലേഷിക്കുവാൻ അദ്ദേഹം അത് തിരസ്ക്കരിച്ചു.

മലങ്കര കത്തോലിക്കാ സഭയുടെ ഒന്നാം പുനരൈക്യ വാർഷികദിനമായ 1931 സെപ്റ്റംബർ 20-ാം തീയതി നടത്തിയ ഒന്നാം പുനരൈക്യ വാർഷികത്തിന്റെ നടത്തിപ്പുകാരനും ശില്പിയും നമ്മുടെ കഥാപുരുഷൻ തന്നെയായിരുന്നു. തലേദിവസം വന്നുകൂടിയ പുരോഹിതരെയും ജനങ്ങളെയും താമസിപ്പിക്കുവാൻ തങ്ങളുടെ (വന്ദ്യ ചേപ്പാട്ട് റമ്പാച്ചൻ) വാസസ്ഥലം മറ്റ് അച്ചൻമാർക്ക് നല്കിയതിനുശേഷം മുറ്റത്തുപോലും കിടക്കാൻ സ്ഥലമില്ലാതെ വന്നപ്പോൾ തിരുമൂലപുരം പള്ളിയുടെ നടയിൽ രണ്ടുപേരും ഇരുന്ന് നേരം വെളുപ്പിച്ചതും പാതിര ആയപ്പോൾ ചേപ്പാട്ട് റമ്പച്ചന് ഛർദ്ദിയും മറ്റ് അസ്വസ്ഥതകൾ ഉണ്ടാകുകയും കഥാപുരുഷന്റെ അവസരോചിതമായ പ്രവർത്തനത്താൽ രണ്ടു മണിക്കൂറിനുള്ളിൽ റമ്പാച്ചനെ സൗഖ്യമാക്കിയതുമായ സംഭവങ്ങളും പിറ്റേ ദിവസത്തെ ആഘോഷമായ പുനരൈക്യ വാർഷിക ആഘോഷവും മലങ്കര കത്തോലിക്കാ സഭയുടെ നിലനില്പിനെ തന്നെ മാറ്റുരയ്ക്കത്തക്കതായിരുന്നു.

## അഭിനന്ദനങ്ങൾ



ഓഗസ്റ്റ് 19 ലോക ഫോട്ടോഗ്രഫി മത്സരത്തോടനുബന്ധിച്ച് എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ *SPOTLIGHT 2K17* എന്നപേരിൽ *SMILE* എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഓൺലൈൻ ഫോട്ടോഗ്രഫി മത്സരത്തിൽ പങ്കെടുത്ത് രണ്ടാം സ്ഥാനം കരസ്ഥമാക്കിയ നൂറോന്മാവ് ഇടവകാംഗമായ റ്റിജു മാത്യു വലിയപറമ്പിലിന് അഭിനന്ദനങ്ങൾ



സമ്മാനത്തിനർഹമായ ചിത്രം



ജിജു കറുത്തപുരയ്ക്കൽ

# നൂറ്റാണ്ട് പിന്നിട്ട സഭാപ്രശ്നങ്ങൾക്ക് പരിഹാരം തിരുവചനം

സഭാ തർക്കം 2017 ജൂലൈ 3ലെ സുപ്രീം കോടതി വിധിയിൽ എത്തി നിൽക്കുമ്പോൾ പലരുടേയും ചിന്ത ഇനിയെങ്കിലും സമാധാനം ഉണ്ടാകുമല്ലോ എന്നാണ്. വ്യവഹാരങ്ങളിൽ ഉൾപെട്ട രണ്ടു വിഭാഗത്തിലും പെട്ടവർ തമ്മിൽ വിധിക്കു ശേഷം സാമൂഹിക മാധ്യമങ്ങളിൽ നടക്കുന്ന ചർച്ച കാണുന്ന ആർക്കും ആ ഒരു അഭിപ്രായം ഉണ്ടാകില്ല.

ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ വൈദിക ട്രസ്റ്റി ബഹുമാനപെട്ട എം. ഒ. ജോൺ അച്ചൻ 2017 ജൂലൈ 3ന് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയെ വ്യാഖ്യാനിച്ചു മാവേലിക്കര പുതിയകാവ് പള്ളിയിൽ നടത്തിയ പ്രസംഗം സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്നു. അതിലും വ്യക്തം ആകുന്നത് ഈ ആകുലതതന്നെ ആണ്.

സഭാ പ്രതിസന്ധിയും വ്യവഹാരവും തലമുറകളിലേക്ക് കൈമാറപ്പെട്ടുകൊണ്ടിരിക്കുന്നു. നൂറ്റാണ്ട് കഴിഞ്ഞ സഭാ പ്രതിസന്ധിക്കു പരിഹാരം കാണാൻ മനുഷ്യസാധ്യമായ എല്ലാ മാർഗവും അവലംബിച്ചു. കോടതി, മധ്യസ്ഥർ, ഒത്തുതീർപ്പ്, എന്തിന്, ഭാരതത്തിന് സ്വാതന്ത്ര്യം നേടിത്തന്ന ഉപവാസം എന്ന സമരമുറ ഉൾപെടെ പ്രയോഗിച്ചിട്ടും പരാജയം ആയിരുന്നു ഫലം.

മനുഷ്യർക്ക് അസാധ്യം ആയത് ദൈവത്തിന് സാധ്യം ആണ് (ലൂക്ക 18:27). പ്രതിസന്ധി പരിഹാരം കണ്ട് ശാശ്വത സമാധാനം സ്ഥാപിക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണം ദൈവിക വ്യവസ്ഥകളെ വിട്ടിട്ട് മാനുഷിക വ്യവസ്ഥകൾ സഭാ നേതൃത്വം സ്വീകരിച്ചതുകൊണ്ടാണ് എന്നാണ് ഈ രണ്ട് വിഭാഗത്തിലും ഉൾപ്പെടാതെ പുറത്തുനിന്ന് ഇത് നിരീക്ഷിക്കുന്ന ഒരു വ്യക്തി എന്നനിലയിൽ എന്റെ അഭിപ്രായം.

**ശാശ്വത പരിഹാരം- തിരുവചനം**

സഹോദരർ തമ്മിലുള്ള വഴക്കുകൾ തീർക്കാൻമാത്രം ജ്ഞാനിയായ ഒരുവൻപോലും നിങ്ങളുടെ ഇടയിൽ ഇല്ലെന്നുവരുമോ? സഹോദരൻ സഹോദരനെതിരെ പരാതിയുമായി ന്യായാസനത്തെ സമീപിക്കുന്നു. അതും വിജാതീയരുടെ ന്യായാസനത്തെ. നിങ്ങൾ തമ്മിൽ വ്യവഹാരങ്ങൾ ഉണ്ടാകുന്നതുതന്നെ നിങ്ങളുടെ പരാജയമാണ്. എന്തുകൊണ്ട് ദ്രോഹം നിങ്ങൾക്കു ക്ഷമിച്ചുകൂടാ? നിങ്ങൾ തന്നെ സഹോദരരെപ്പോലും ദ്രോഹിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നു. അനീതി പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നില്ലേ? ( 1 കോറി 6: 5-9).

പൗലോസ് ശ്ലീഹാ മലങ്കര സഭയിലെ കക്ഷിവഴക്കുകാരോട് നേരിട്ടു മുന്നറിയിപ്പു നൽകുന്ന വാക്യങ്ങൾപോലെ ഇത് തോന്നുന്നു. ഇന്ത്യയുടെ പരമോന്നത കോടതി പോലും വിധിച്ചിട്ടും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. പല കോടതികളുടെയും വിധിന്യായത്തിൽ സുവിശേഷാധിഷ്ഠിത മാർഗത്തിൽ കൂടെ പ്രശ്നം പരിഹരിക്കപ്പെടണം എന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുവിശേഷാത്മകമായ ചില നിർദ്ദേശങ്ങൾ.

**സ്നേഹം**

'ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയില്ല' (1 യോഹ 4:20). സഭാ വഴക്കുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ ദൈവവചനങ്ങൾക്ക് വളരെയധികം സാംഗത്യമുണ്ടെന്നു തോന്നുന്നു. സ്നേഹത്തിന്റെ മാർഗം ദൈവമക്കൾ വെടിയുന്നുവെന്നത് വേദനാജനകമാണ്.

'നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക. പിന്നെ വന്നു കാഴ്ചയർപ്പിക്കുക'

(മത്താ 5:23-24). സഭ ബലിയർപ്പകരുടെ സമൂഹമാണ്. ബലിയർപ്പിക്കാനുള്ള യോഗ്യത സഹോദരങ്ങളോടു രമ്യപ്പെടുക എന്നതാണ്. സഹോദരങ്ങളോടു രമ്യപ്പെടാതെ അർപ്പിക്കുന്ന ബലി ദൈവതിരുമുമ്പിൽ സ്വീകാര്യമാകില്ല എന്ന് തിരുവചനം പറയുന്നു.

സഭയിലെ വഴക്കുകളും അനൈക്യങ്ങളും ഒരന്തവുമില്ലാതെ നീണ്ടുപോകുമ്പോൾ മുകളിൽ പറഞ്ഞ ദൈവവചനങ്ങളുടെ പ്രസക്തിയെന്താണ്? പിതാക്കന്മാരും വൈദികരുമടങ്ങുന്ന ഇടയന്മാർ ദൈവജനത്തോട് എന്താണ് സുവിശേഷം പ്രസംഗിക്കുന്നത്? ദൈവസ്നേഹത്തെക്കുറിച്ചും ദൈവത്തിന്റെ ക്ഷമയെക്കുറിച്ചും ദൈവത്തിന്റെ കരുണയെക്കുറിച്ചും ഉള്ള അവരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും എങ്ങനെയാണ് ഉത്തരം പറയുക.

എതിർപക്ഷത്തുള്ളവരെ ശത്രുക്കളായി കരുതാനല്ലേ സഭാനേതാക്കന്മാർ പഠിപ്പിക്കുന്നതും ആഹ്വാനം ചെയ്യുന്നതും? 'മനുഷ്യർ നിങ്ങളുടെ സൽപ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പാകെ പ്രകാശിക്കട്ടെ'(മത്താ 5:16) എന്നാണല്ലോ ദൈവവചനം പറയുന്നത്.

യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ നിന്നും അവിടുത്തെ അനുയായികൾ വളരെയേറെ മാറിപ്പോകുന്നു എന്നതാണ് വാസ്തവം.




**ക്ഷമയും സഹനവും**

സുവിശേഷാധിഷ്ഠിത മാർഗങ്ങളാണ് ക്ഷമയും സഹനവും. വി. പത്രോസ് ശ്ലീഹാ യേശുമിശിഹായോട് ചോദിച്ചു. തെറ്റു ചെയ്യുന്ന സഹോദരനോട് ഏഴുപ്രാവശ്യം ക്ഷമിച്ചാൽ മതിയോ എന്ന്. മിശിഹായുടെ ഉത്തരം എല്ലാ നിയമങ്ങളെയും മറികടക്കുന്നതായിരുന്നു. ഏഴ് എഴുപതുപ്രാവശ്യം ക്ഷമിക്കണം എന്നായിരുന്നു യേശുമിശിഹായുടെ ഉത്തരം. ഏഴ് എഴുപതുപ്രാവശ്യമെന്നാൽ എപ്പോഴും ക്ഷമിക്കണമെന്നർത്ഥം. സഭാവഴക്കുകളുടെ ചരിത്രം പരിശോധിച്ചാൽ ക്ഷമയും സഹനവും ഇല്ലാത്തതാണ് പ്രധാന കാരണങ്ങളിലൊന്ന് എന്നതു മനസിലാക്കാം.

വട്ടിപ്പണക്കേസും സമുദായക്കേസും പള്ളിത്തർക്കങ്ങളും സ്വത്തുതർക്കങ്ങളും തെരുവുയുദ്ധങ്ങളുമൊക്കെ ദൈവഹിതത്തിനെതിരായിരുന്നുവെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. ഒരേ കുടുംബത്തിൽ തന്നെയുള്ളവർ രണ്ടും അതിൽ കൂടുതലും ചേരികളിലായി.

സഭാമക്കൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകേണ്ടവരാണ് (മത്താ 5:13-15). പക്ഷേ, അവർ ഉറകെട്ട ഉപ്പായും കരിന്തിരി കത്തുന്ന വിളക്കായും മാറിക്കൊണ്ടിരിക്കുന്നു. തിന്മയെ തിന്മകൊണ്ട് നേരിടുകയാണ് കക്ഷിവഴക്കുകൾ നടത്തുന്നവർ ചെയ്യുന്നത്.

'ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' (മത്താ 5:44). ശത്രുക്കളെപ്പോയിട്ട് സ്വന്തം സഹോദരങ്ങളെപ്പോലും സ്നേഹിക്കാനാവുന്നില്ല. സഹോദരങ്ങളുടെ കുറവുകൾ ക്ഷമിക്കാനാവുന്നില്ല. ഒരേ പൈതൃകവും ഒരേ ചരിത്രവും ഒരേ ആരാധനക്രമവും ഒരേ ദൈവശാസ്ത്രവുമൊക്കെ ഉള്ളവരാണ് കക്ഷിവഴക്കുകാർ. പിന്നെന്തിന്റെ പേരിലാണ് വഴക്കടിക്കുന്നത്?

**സത്യം**

'യേശുമിശിഹ പറഞ്ഞു; വഴിയും സത്യവും ജീവനും ഞാനാണ്' (യോഹ 14:6). ദൈവമാണ് സത്യം. 'സത്യമേവ ജയതേ' എന്നാണല്ലോ ഭാരതസംസ്കാരം പഠിപ്പിക്കുന്നത്. സത്യം തന്നെയായ ദൈവത്തിനു മാത്രമേ അന്തിമ വിജയമുണ്ടാകൂ. കോടതികളിൽ ഒരുപക്ഷേ താൽക്കാലിക നേട്ടമുണ്ടാകാം. രാഷ്ട്രീയക്കാരുടെയും ഗവൺമെന്റിന്റെയും ഇടപെടലുകൾവഴി ഒരു ഭാഗത്തിന് അനുകൂലമായ നിലപാടുകളുണ്ടാകാം. പക്ഷേ ദൈവത്തിന്റെ പക്ഷം അഥവാ സത്യത്തിന്റെ പക്ഷത്തിനു മാത്രമേ അന്തിമ ജയമുണ്ടാകൂ.

സത്യത്തിന്റെ മാർഗത്തെക്കുറിച്ചു പറയുമ്പോൾ സഭകളുടെ ചരിത്രവും പഠനവിഷയമാക്കേണ്ടതാണ്. സഭാചരിത്രത്തെ വസ്തുനിഷ്ഠമായും നിഷ്പക്ഷമായും പഠിക്കാനോ മനസിലാക്കാനോ ശ്രമിക്കുന്നില്ല. ഒരു കള്ളം പലപ്രാവശ്യം ആവർത്തിച്ചു പറയുമ്പോൾ ഒരുപക്ഷേ അതാണ് സത്യമെന്ന ചിന്തയുണ്ടാകാം.

പലപ്പോഴും രാഷ്ട്രീയക്കാരും മാധ്യമങ്ങളുമൊക്കെ പയറ്റുന്ന തന്ത്രമാണിത്. ക്രൈസ്തവ സഭകൾ കോടതികളിൽ വിജയിക്കുന്നതിനുവേണ്ടിയും സ്വന്തം ഭാഗത്തെ ന്യായീകരിക്കുന്നതിനുവേണ്ടിയുമൊക്കെ ചരിത്രത്തെ വളച്ചൊടിക്കുമ്പോൾ അത് തലമുറകളോടു ചെയ്യുന്ന കടുത്ത അപരാധമാണ്. സത്യം എത്ര മൂടിവയ്ക്കാൻ ശ്രമിച്ചാലും അത് വെളിച്ചത്തു വരും. കാരണം ദൈവവും ദൈവത്തിൽ നിന്നുള്ളതും മാത്രമേ നിലനിൽക്കുകയുള്ളൂ.

സത്യമറിയാമായിരുന്നിട്ടും ചിലർ സത്യത്തെ തമസ്കരിക്കുകയാണ്, സാഹചര്യമനുസരിച്ച് സ്വാർത്ഥനേട്ടങ്ങൾക്കുവേണ്ടി കക്ഷികൾ മാറി മാറി ചാടുകയാണ്. ഉറങ്ങിയവരെ ഉണർത്താം. എന്നാൽ ഉറക്കം നടിക്കുന്നവരെ ഉണർത്താൻ പ്രയാസമാണ്. സ്വന്തം സ്ഥാനം ഉറപ്പിക്കുക എന്നതിനേക്കാൾ ശ്രേഷ്ഠമാണ് സത്യത്തോടൊപ്പം നിൽക്കുന്നത്. സത്യം ജയിക്കുന്നതിനുവേണ്ടി വിട്ടുവീഴ്ചകൾ ചെയ്യുന്നത്. സമാധാനത്തിനായി സ്ഥാനമാനങ്ങൾപോലും ത്യജിക്കുവാനുള്ള മനസുണ്ടാകണം. സഭായോജിപ്പുണ്ടായി പൊതുവായി ഒരു സഭാപിതാവ് വരാൻ ഉള്ള സാഹചര്യം ഉണ്ടായാൽ എത്ര നന്നായിരുന്നു.

**ദൈവവചനാധിഷ്ഠിതം**

യേശുക്രിസ്തു പറഞ്ഞു: 'അന്തഃഛിദ്രമുള്ള ഏതു രാജ്യവും നശിച്ചുപോകും. അന്തഃഛിദ്രമുള്ള നഗരമോ ഭവനമോ നിലനിൽക്കുകയില്ല' (മത്താ 12:25). യേശുക്രിസ്തു ഒരു സഭയേ സ്ഥാപിച്ചിട്ടുള്ളൂ. കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭ. പത്രോസ് തലവനായുള്ള അപ്പസ്തോലസംഘത്തെയാണ് യേശുക്രിസ്തു തന്റെ സഭയെ ഭരമേല്പിച്ചത്. 'ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും' (മത്താ16:18-19). അപ്പസ്തോലസംഘത്തിൽ വിശുദ്ധ പത്രോസ് ശ്ലീഹായ്ക്കുള്ള സ്ഥാനം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഭയുടെ വിവിധ ആരാധനക്രമത്തിലും വിശുദ്ധ ഗ്രന്ഥത്തിലും സഭയുടെ പാരമ്പര്യങ്ങളിലും സഭയുടെ പുരാതന നിയമങ്ങളിലും ഇക്കാര്യം പലയാവർത്തി എടുത്തുപറയുന്നുണ്ട്.

സുവിശേഷാധിഷ്ഠിതമായ മാർഗത്തെ കണ്ണുണ്ടായിട്ടും കാണുന്നില്ല. കാതുണ്ടായിട്ടും കേൾക്കുന്നില്ല എന്നതാണ് വാസ്തവം. ദൈവവചനം തിരിച്ചറിയാതിരുന്ന, എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരെപ്പോലെ കണ്ണുകൾ അടയ്ക്കപ്പെട്ടവരുടെയും ഹൃദയം മന്ദീഭവിക്കപ്പെട്ടവരുടെയും അനുഭവമാണ് പലർക്കും. ഇനിയും കണ്ണുകളും ഹൃദയവും തുറക്കപ്പെടണമെങ്കിൽ ദൈവത്തിന്റെ ശക്തമായ ഇടപെടലുകൾ അത്യാവശ്യമാണ്.

**പ്രാർത്ഥന**

പ്രാർത്ഥനയുടെ മാർഗം സുവിശേഷാധിഷ്ഠിത മാർഗങ്ങളിലൊന്നാണ്. യേശുക്രിസ്തുവിന്റെ ഹൃദയപൂരിതമായ പ്രാർത്ഥനയിൽ തന്നിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയെക്കുറിച്ച് പരാമർശമുണ്ട്. 'പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങു കാത്തു

*ശേഷം 39-ാം പേജിൽ*

പൗരോഹിത്യ രജതജൂബിലി
ആശംസകൾ



റവ. ഫാ. ജോസ് കല്ലുമാലിക്കൽ
.... പ്രാർത്ഥനാശംസകളോടെ ....
കല്ലുമാലിക്കൽ കുടുംബാംഗങ്ങൾ

പൗരോഹിത്യ സുവർണജൂബിലി
ആശംസകൾ



റവ. ഫാ. ജോർജ്ജ് പത്തിപറമ്പിൽ
.... പ്രാർത്ഥനാശംസകളോടെ ....
സെന്റ് മേരീസ് മലങ്കര കാത്തോലിക്ക പള്ളി
മുണ്ടുകുഴി

**1653** ജനുവരി മാസം 3-ാം തീയതി വെള്ളിയാഴ്ച കൊച്ചി മട്ടാഞ്ചേരിയിലെ പള്ളിയിൽ മലങ്കരയിലെ പൂർവ്വപിതാക്കൾ ചേർന്ന് ഒരു ശപഥം ചെയ്തു. 'മേലിൽ ഒരിക്കലും ഞങ്ങൾ പൗലിസ്ത്യരെ (സാമ്പാളൂർ പാതിരിമാർ എന്ന പോർച്ചുഗീസ് ജസ്യൂട്ട് സഭാ വൈദികർ) സ്വീകരിക്കുകയൊ അംഗീകരിക്കുകയൊ ചെയ്യില്ല'. അങ്ങനെ മാർത്തോമ്മാ നസ്രാണികളുടെ 'ജാതിക്കു കർത്തവ്യനായ' കുറവിലങ്ങാടു പള്ളി ഇടവകക്കാരൻ തോമ്മാ കത്തനാരെ മലങ്കരഇടവകയുടെ 'മെത്രാനായി' തെരഞ്ഞെടുക്കുകയും പന്ത്രണ്ടു പട്ടക്കാർ കൂടി തലയിൽ കൈവച്ച് 'വാഴിക്കുകയും' ചെയ്ത് മാർത്തോമ്മാ ഒന്നാമൻ എന്ന പേര് നല്കിയതോടുകൂടി മലങ്കര നസ്രാണികൾ പഴയകൂർ - പുത്തൻകൂർ സമുദായങ്ങളായി വിഭജിക്കപ്പെട്ടു. ഒന്നാം മാർത്തോമ്മാ മുതൽ ഉള്ള പുത്തൻകൂർ സഭാ നേതാക്കന്മാരും, പഴയകൂർ സമുദായത്തിലെ നേതാക്കന്മാരും കാലാകാലങ്ങളിൽ ശ്രമിച്ച പുനരൈക്യപരിശ്രമങ്ങളാണ് ബഥനി മെത്രപ്പോലീത്തായിലൂടെ ഭാഗികമായെങ്കിലും പൂവണിഞ്ഞത്. ഈ പുനരൈക്യസംഭവങ്ങളെ ഇന്നലെകളുടെയും ഇന്നിന്റെയും വെളിച്ചത്തിൽ വിലയിരുത്തുകയാണ്.

**1. മാർ ഈവാനിയോസിന്റെ സഭാ ദർശനം**

ക്രിസ്തുവിന്റെ സഭയെ സമഗ്രമായി കാണാനാണ് മാർ ഈവാനിയോസ് തിരുമേനി ശ്രമിച്ചത്. സഭാചരിത്രത്തിലും, ആരാധനക്രമത്തിലും സുറിയാനിഭാഷയിലും, സഭാവിജ്ഞാനീയത്തിലുമൊക്കെ അഗാധപാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. മലങ്കര നസ്രാണികളുടെ ഐക്യം അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നുവെന്നതിലുപരി, മലങ്കര നസ്രാണികൾ ഒന്നായിക്കൊണ്ട് ഭാരതഉപഭൂഖണ്ഡത്തെ സുവിശേഷീകരിക്കണമെന്നദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. 1925 മെയ് ഒന്നാം തീയതി നിരണത്തു വച്ച് ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതിനു ശേഷം ആദ്യമായി നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു : 'കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളെല്ലാവരും പഴയ കാലത്ത് ഒരു സഭയായിരുന്ന പ്രകാരം വീണ്ടും യഥാർത്ഥമായ പുനരൈക്യം പ്രാപിച്ച് 'ഒരു സഭയും ഒരു ഇടയനും' എന്ന വിശുദ്ധവേദോക്തിയെ കേരളീയ സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും യാഥാർത്ഥീകരിക്കാൻ കാതോലിക്കാ ബാവാ തിരുമേനി ശ്രമിക്കേണ്ടതാണ്....കക്ഷിവഴക്കിൽ ആസക്തിയുള്ളവർ ധാരാളം ശകാരം പറഞ്ഞേക്കാമെന്ന് എനിക്ക് അറിയാം...നമ്മുടെ ഈ തലമുറയിൽ മലങ്കര സുറിയാനി സമുദായം രണ്ടായി ഭിന്നിച്ചു പോകാൻ നാം സമ്മതിക്കരുത്. പിരിച്ചിലിനെ തടയുവാനും പരസ്പര സ്നേഹം വർദ്ധിപ്പിക്കുവാനും വേണ്ടി ക്രിസ്തീയമായി എന്തെല്ലാം ശ്രമങ്ങൾ ചെയ്യുന്നതിന് നമ്മെക്കൊണ്ടു കഴിയുമോ അതെല്ലാം നാം ചെയ്യണം...മലങ്കര സഭയിലുണ്ടായിട്ടുള്ള ഭിന്നത അവസാനിപ്പിക്കുകയും കാതോലികമായ അടിസ്ഥാനത്തിൻമേൽ മാർത്തോമ്മാ സഭയുമായി പുനരൈക്യം സ്ഥാപിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രം നാം സംതൃപ്തിപ്പെട്ടു കൂടാ. കേരളീയ സുറിയാനിക്കാരിൽ ഭൂരിപക്ഷം ജനങ്ങൾ സർവ്വലോകവ്യാപകത്വമുള്ള റോമൻ കത്തോലിക്കാ സഭയിൽ ഉൾപ്പെട്ടു നില്ക്കുന്നവരാണ്...പഴയകൂറ്റുകാർ എന്നു പറഞ്ഞുവരുന്ന ഈ വലിയ ജന സമുദായവും പുത്തൻകൂറ്റുകാർ എന്നു പറഞ്ഞുവരുന്ന ശേഷം സുറിയാനിക്കാരും തമ്മിൽ ഐക്യം ഉണ്ടാവുക എന്നുള്ളത് ഏറ്റവും ആവശ്യമാണ്... പിതാവേ ഞാനും നീയും ഒന്നായിരിക്കേണമെ എന്ന പ്രാർത്ഥന ഈ രാജ്യത്തും നമ്മുടെ ഈ തലമുറയിലും ഫലിച്ചുകാണുന്നതിന് ദൈവവിശ്വാസത്തോടും താഴ്മയോടും കൂടി കാതോലിക്കാ ബാവാ തിരുമേനിയും നാമെല്ലാവരും കൂടി ഒത്തൊരുമിച്ചു ശ്രമിക്കുന്ന

# ഒരിടയനും ഒരാട്ടിൻകൂട്ടവും :

## ദൈവദാസൻ മാർ ഈവാനിയോസിന്റെ സഭൈക്യ ദർശനങ്ങളുടെ സമകാലീന പ്രസക്തി



ഫാ. ജോർജ്ജ് തേക്കടയിൽ



തായാൽ അതിൽപ്പരം ഒരു ഭാഗ്യം കേരളീയ സുറിയാനിക്കാരായ നമുക്ക് ഉണ്ടാകാനുണ്ടോ? (ബഥനി മാസിക, തിരുവല്ല, 1925 ജൂൺ)

മാർ ഈവാനിയോസ് പിതാവിന്റെ സഭൈക്യ തീക്ഷ്ണത മുകളിൽ പറഞ്ഞ വാക്കുകളിൽ കൂടെ മനസ്സിലാക്കാൻ സാധിക്കും. മാർ ഈവാനിയോസിന് സഭൈക്യം ലക്ഷ്യമായിരുന്നില്ല, മാർഗ്ഗമായിരുന്നു; സുവിശേഷീകരണത്തിനുള്ള ഒരു മാർഗ്ഗം. ഭാരതത്തിന്റെ സംസ്കാരത്തിന് അനുരൂപണമായി ജീവിക്കുന്നതിന് അദ്ദേഹം ബഥനി സന്യാസ ആശ്രമത്തിന് മുണ്ടൻമലയിൽ തുടക്കം കുറിച്ചു. കക്ഷിവഴക്കിൽ നിന്ന് മലങ്കര സഭയെ കരകയറ്റാനൊരു മാർഗ്ഗമെന്ന നിലയിൽ 1912ൽ അബ്ദദ്മ്ശീഹാ പാത്രിയാർക്കീസിനെ മലങ്കരയിൽ കൊണ്ടുവരുന്നതിനും, കാതോലിക്കാസ്ഥാപനത്തിന്റെ പ്രഖ്യാപനം നടത്തുന്നതിനും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയോടൊപ്പം വലംകൈയ്യായി നിലകൊണ്ടതിന്റെ ഫലമാണ് 2017 ജൂലൈ മാസം 3-ാം തീയതി സുപ്രധാന വിധിയിലൂടെ ഇൻഡ്യയുടെ സുപ്രീംകോടതി മലങ്കര ഓർത്തഡോക്സ് സഭയുടെ ആത്മീയവും ഭൗതികവുമായ പരമാധികാരത്തെ ഊട്ടി ഉറപ്പിച്ചത്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ആരെല്ലാം എത്ര തമസ്കരിക്കാൻ ശ്രമിച്ചാലും ചരിത്രം അദ്ദേഹത്തിന്റെ സംഭാവനകളെ ഓർക്കും. കാരണം സത്യം ദൈവമാണ്. ദൈവത്തിന് മാത്രമെ അവസാന വിജയം ഉണ്ടാവുകയുള്ളൂ.

**2. നൂറ്റാണ്ടുകളിലൂടെ തുടർന്ന പുനരൈക്യപരിശ്രമങ്ങൾ**

1653 ജനുവരി 3-ാം തീയതി നടന്ന കൂനൻ കുരിശു സത്യത്തെ തുടർന്ന് 1653 മെയ് മാസം 22-ാം തീയതി പെന്തക്കൊസ്തി ദിവസം ആലങ്ങാട് പള്ളിയിൽ വച്ച് തോമ്മാ ആർച്ചുഡീക്കനെ പന്ത്രണ്ടു വൈദികർ ചേർന്ന് മെത്രാനായി അഭിഷേകം ചെയ്യുകയും മാർ ത്തോമ്മാ എന്ന പേര് നല്കുകയും ചെയ്തു പുത്തൻകൂർ സമുദായത്തിന്റെ തലവനായി അവരോധിച്ചു. മെത്രാഭിഷേകം സാധുവല്ലെന്ന ബോധ്യം എല്ലാവർക്കുമുണ്ടായിരുന്നു. ഒരു വികാരത്തിന് പ്രതിജ്ഞ നടത്തി സഭയിൽ പിളർപ്പുണ്ടാക്കിയത് അസ്വസ്ഥതകൾക്കു കാരണമായി. പുനരൈക്യപ്പെടുവാനുള്ള അഭിലാഷം ഒന്നാം മാർത്തോമ്മായിൽ തന്നെയുണ്ടായി. ഒന്നാം മാർത്തോമ്മായും അനുയായികളും 1657 ൽ ഇടപ്പള്ളിയിൽ ഒരു യോഗം കൂടി ചില വ്യവസ്ഥകളോടെ പുനരൈക്യപ്പെടുവാൻ താല്പര്യപ്പെട്ടു. എന്നാൽ മാർപാപ്പയുടെ അപ്പസ്തോലിക് കമ്മിസറിയായിരുന്ന ജോസഫ് സെബസ്ത്യാനിയുടെ നിഷേധാത്മക നിലപാടുകൾ മൂലം പുനരൈക്യം നടന്നില്ല.



1688 മുതൽ 1728 വരെ നാല്പതു വർഷക്കാലം മലങ്കര സഭാഭരണം നിർവഹിച്ച നാലാം മാർത്തോമ്മാ 1704 ൽ തന്റെ കീഴിലുള്ള 29 പള്ളിക്കാരുടെയും 12 വൈദികരുടെയും സമ്മതത്തോടെ 8-ാം ഉർബൻ മാർപാപ്പായ്ക്ക് പുനരൈക്യത്തിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയുണ്ടായി. 1728 മുതൽ 1765 വരെ പുത്തൻകൂർ സമുദായ അദ്ധ്യക്ഷനായിരുന്ന അഞ്ചാം മാർത്തോമ്മ തന്നെ കത്തോലിക്കാസഭയിലേയ്ക്ക് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബനഡിക്ട് 14-ാംമൻ മാർപാപ്പായ്ക്ക് ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. അപേക്ഷയിൽ ഇപ്രകാരം പറയുന്നു : ശ്ലീഹന്മാരുടെ തലവനെന്ന് പത്രോസിന്റെ കുർബാനക്രമത്തിൽ വിവരിക്കുന്ന വി. പത്രോസിന്റെ നാമത്തിൽ ഞാൻ അങ്ങയോട് ഒരു അപേക്ഷ ചെയ്യുന്നു. അത് എന്തെന്നാൽ ഗ്രീക്കുകാർക്ക് അനുവദിച്ചിട്ടുള്ളതുപോലെ പുളിച്ചഅപ്പം ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്ക് തരണം. ഞങ്ങളുടെ ഇടവകയിലുള്ള എല്ലാ പള്ളികൾക്കും ഈ സ്വാതന്ത്ര്യം തരണമെന്നുള്ള ഞങ്ങളുടെ അപേക്ഷയെ അവിടെ നിന്നും സ്വീകരിക്കുന്ന പക്ഷം ഞങ്ങളെല്ലാവരും ഉടൻ തന്നെ അവിടുത്തെ സിംഹാസനത്തിൽ അനുസരണമുള്ളവരായി തീരുന്നവരാണ്.

മാർ ദിവന്നാസ്യോസ് ഒന്നാമൻ (ആറാം മാർത്തോമ്മ 1768 – 1808) 1772 ൽ സാധുവായ മെത്രാൻപട്ടം സ്വീകരിച്ച ശേഷം പുനരൈക്യപ്പെടുവാൻ 1775 ൽ കരിയാറ്റിൽ ജോസഫ് മല്പാൻ വഴി വികാരി അപ്പസ്തോലിക്ക ആയിരുന്ന ഫ്രാൻസിസ് സാലസിനോട് ബന്ധപ്പെടുകയുണ്ടായി. പിന്നീട് റോമിലേക്ക് പോയ കരിയാറ്റിൽ മല്പാൻ, പാറേമാക്കൽ തോമ്മാ കത്തനാർ എന്നിവർ വശം ആറാം പീയൂസ് മാർപാപ്പായ്ക്ക് പുനരൈക്യ അപേക്ഷ സമർപ്പിക്കുകയുണ്ടായി. അതോടൊപ്പം തന്നെ ഇരുവരും ചേർന്ന് മാർപാപ്പായ്ക്കു നല്കിയ അപേക്ഷയിൽ മലങ്കര സഭയുടെ പുനരൈക്യം സാധ്യമാക്കുന്നതിനുള്ള ഹർജിയും നല്കുകയുണ്ടായി. പോർച്ചുഗല്ലിന്റെ തലസ്ഥാനമായ ലിസ്ബണിൽ വച്ച് കൊടുങ്ങല്ലൂർ അതിരൂപതയുടെ ആർച്ച് ബിഷപ്പായി മാർ കരിയാറ്റിൽ

അഭിഷിക്തനായി. 1784 ജൂലൈ 18-ാം തീയതി മാർത്തോമ്മാ ആറാമന്റെ സത്യവിശ്വാസത്തെയും മെത്രാഭിഷേകത്തെയും പറ്റി അന്വേഷണം നടത്തിയ ശേഷം കത്തോലിക്കാ സഭാകൂട്ടായ്മയിലേക്ക് സ്വീകരിക്കുന്നതിനുള്ള അധികാര അവകാശങ്ങൾ നല്കിക്കൊണ്ടുള്ള കത്ത് പ്രൊപ്പഗാന്ത തിരുസംഘം നല്കുകയുണ്ടായി. നിർഭാഗ്യവശാൽ മലങ്കരയിലേക്ക് തിരികെ വരുന്നതിനിടയിൽ ഗോവയിൽ വച്ച് മാർ ജോസഫ് കരിയാറ്റി ദിവംഗതനാവുകയും പുനരൈക്യം നടക്കാതിരിക്കുകയും ചെയ്തു.

1799 ജൂൺ 22-ാം തീയതി മാർത്തോമ്മാ ആറാമനും (മാർ ദിവന്നാസ്യോസ് 3-ാംമൻ) അനുയായികളും ആലപ്പുഴ തത്തംപള്ളി മാർ മിഖായേൽ ദൈവാലയത്തിൽ വച്ച് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടുവെങ്കിലും പിന്നീട് അദ്ദേഹവും കൂട്ടരും തിരികെ പോകുകയും ചെയ്തു എന്ന ദുര്യോഗവും സംഭവിച്ചു.

1825 മുതൽ 1855 വരെ മലങ്കര സഭാഭരണം നിർവ്വഹിച്ച ചേപ്പാട്ടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത വരാപ്പുഴ മെത്രാപ്പോലീത്തായുമായി പുനരൈക്യാലോചനകൾ നടത്തിയതായി ചരിത്രരേഖകൾ ഉണ്ട്. 1865 മുതൽ 1909 വരെ മലങ്കര സഭാഭരണം നിർവ്വഹിച്ച പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ്, പഴയകൂർ സമുദായത്തിന്റെ പണ്ഡിതനായിരുന്ന നിധീരിക്കൽ മാണിക്കത്തനാരുമൊത്ത് ഇൻഡ്യയിലെ മാർപാപ്പയുടെ പ്രതിനിധിയായിരുന്ന മോൺ. അയൂത്തിയുമായി ചർച്ചകൾ നടത്തുന്നതിന് ഊട്ടിയിൽ പോകുകയും പുനരൈക്യത്തെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്തതായി ചരിത്രരേഖകളിലുണ്ട്. 1888 ആഗസ്റ്റ് 13-ാം തീയതി പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് ലെയോ പതിമൂന്നാമൻ മാർപാപ്പായ്ക്ക് അയച്ച കത്തിൽ ഒന്നായിരുന്ന മലങ്കരസഭയുടെ ചരിത്രവും, വിവിധ പുനരൈക്യപരിശ്രമങ്ങളും പുത്തൻകൂർ - പഴയകൂർ സമുദായങ്ങളുടെ ചരിത്രവും ഒക്കെ പ്രതിപാദിക്കുന്നുണ്ട്.

ബഥനി മെത്രാപ്പോലീത്തയായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിലുള്ള പുനരൈക്യം ഒരു സുപ്രഭാതത്തിൽ സംഭവിച്ചതല്ല. മൂന്ന് നൂറ്റാണ്ടുകളിലെ സഭാപിതാക്കന്മാരുടെയും വൈദികരുടെയും ദൈവജനത്തിന്റെ മുഴുവനും ആഗ്രഹവും പ്രാർത്ഥനയും ആയിരുന്നു പുനരൈക്യപ്രസ്ഥാനത്തിലൂടെ സംഭവിച്ചത്. ഐക്യത്തിനായുള്ള അപേക്ഷകളിലെല്ലാം സ്വന്തമായ ഹയരാർക്കിക്കൽ സംവിധാനവും, ആരാധനക്രമ പൈതൃകസംരക്ഷണവും പ്രത്യേകമായി ആവശ്യപ്പെട്ടിരുന്നു. പുനരൈക്യത്തിന്റെ പേരിൽ മാർ ഈവാനിയോസിനെ കുറ്റപ്പെടുത്തുന്നവർ അദ്ദേഹത്തിനു മുമ്പും പുനരൈക്യപരിശ്രമങ്ങൾ നടത്തിയവരെയും കുറ്റപ്പെടുത്തുകയാണ്.



Photo taken the day Geevarghese Mar Ivanios was elevated as Metropolitan from Episcopa and other two bishops on extreme end were consecrated.The bishop of the extreme right is Yakob Mar Theophilose

**3. സഭകളുടെ ഐക്യം രണ്ടാം വത്തിക്കാൻ കൗൺസിലിന് മുമ്പും ശേഷവും**

സഭകളുടെ ഐക്യത്തെ സംബന്ധിച്ചുള്ള വീക്ഷണങ്ങൾക്ക് പൊതുവേ ഒരു മാറ്റം സംഭവിച്ചതായി മനസ്സിലാക്കാവുന്നതാണ്. കത്തോലിക്കാ സഭയുടെ സഭൈക്യ ദർശനങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലിനോടുകൂടി വളരെ പ്രകടമായ രീതിയിൽ മാറിയിട്ടുണ്ട്. മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ സഭൈക്യപ്രവർത്തനങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിലിന് ഏകദേശം മൂന്നര പതിറ്റാണ്ടുകൾക്ക് മുമ്പായിരുന്നു. കത്തോലിക്കാ സഭ മാത്രമാണ് ക്രിസ്തുവിന്റെ സഭയെന്നും മാതൃസഭയെന്നുമുള്ള തികച്ചും യാഥാസ്ഥിതികമായ കാഴ്ചപ്പാടായിരുന്നു സഭയ്ക്കുണ്ടായിരുന്നത്. ഓരോ കാലത്തും വിവിധ കാരണങ്ങളാൽ മാതൃസഭയിൽ നിന്നും ഭിന്നിച്ചുപ്പോയവർ ധൂർത്തപുത്രനെപ്പോലെ മാനസാന്തരപ്പെട്ടു തിരികെ വരണമെന്ന ശാഠ്യമായിരുന്നു ഒരു കാലത്ത് സഭയ്ക്കുണ്ടായിരുന്നത്.

ഓരോ കാലത്തും ഭിന്നിച്ചുപോയ സഭകളെ റോമാ സഭയുമായി ഐക്യത്തിലാക്കാൻ വിവിധ പ്രയത്നങ്ങൾ നടന്നിട്ടുണ്ട്. അങ്ങനെയുള്ള പരിശ്രമങ്ങളുടെ ഫലമായി ഐക്യസഭകൾ (...) കത്തോലിക്കാ സഭയിൽ രൂപപ്പെട്ടുവന്നു. അവയെ റീത്തുകൾ എന്നു വിളിച്ചു വന്നു. പൊതുവേ ഓർത്തഡോക്സ് സഭകൾക്ക് കത്തോലിക്കാ സഭയോട് അഭിപ്രായഭിന്നതയുണ്ടായിരുന്ന ഒരു വിഷയമായിരുന്നു കത്തോലിക്കാ സഭയുടെ ഈ ശൈലിയിലുള്ള സഭൈക്യശ്രമങ്ങൾ. കത്തോലിക്കാ സഭയുടെ ഭാഗത്തുനിന്നു തന്നെയുള്ള സഭൈക്യ മുന്നേറ്റങ്ങളുടെ പരിശ്രമഫലമായിട്ടാണ് മിക്കവാറും യൂണിയേറ്റ് സഭകൾ ഉണ്ടായിട്ടുള്ളത്.

എന്നാൽ മാർത്തോമ്മാ നസ്രാണിസഭയിൽ, നൂറ്റാണ്ടുകളായി സാർവ്വത്രിക സഭാസംസർഗ്ഗത്തിൽ നിന്ന് അകന്ന് കഴിഞ്ഞ വിഭാഗത്തിൽ നിന്നു തന്നെയുള്ള പരിശ്രമത്തിന്റെ ഫലമായിട്ടാണ് 1930 ൽ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിലുള്ള



പുനരൈക്യസംഭവം നടന്നത്. മലങ്കരയിലെ പുരാതന ക്രൈസ്തവ പാരമ്പര്യമുള്ള സഭകൾക്കും കത്തോലിക്കാ സഭയ്ക്കും ഇടയിൽ ഒരു പാലമായോ ഐക്യത്തിന്റെ കണ്ണിയായോ വർത്തിക്കുവാൻ മലങ്കര കത്തോലിക്കാ സഭയ്ക്ക് കഴിയുന്നുണ്ട്.

**4. മാതൃസഭയും സഹോദരീ സഭകളും**

ഞാൻ നിന്നോടു പറയുന്നു : നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും (മത്താ 16:18-19). പത്രോസിന് അപ്പസ്തോല സംഘത്തിലുള്ള പ്രാധാന്യവും, അപ്പസ്തോലിക സഭകളിൽ പത്രോസിന്റെ പിൻഗാമിയ്ക്കുള്ള പ്രാധാന്യവും വ്യക്തമാക്കുന്നതാണ് ഈ വാക്കുകൾ. ക്രിസ്തു സ്ഥാപിച്ച കാതോലികവും ശ്ലൈഹീകവും ഏകവും വിശുദ്ധവുമായ സഭയുടെ സ്വഭാവം എങ്ങനെയായിരിക്കണമെന്നും മുകളിൽ പറഞ്ഞ വചനഭാഗം തെളിയിക്കുന്നു. അപ്പസ്തോലന്മാരുടെ ക്രിസ്തു അനുഭവങ്ങളിൽ നിന്ന് രൂപം കൊണ്ട ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള സഭയെ ഒന്നിപ്പിക്കുന്ന ഐക്യത്തിന്റെ കണ്ണിയാണ് പത്രോസിന്റെ പിൻഗാമി. ഈ മാതൃസഭയുടെ വിശേഷണങ്ങൾ കത്തോലിക്കാ സഭയിൽ കാണാമെന്ന് സഭ പഠിപ്പിക്കുന്നെങ്കിലും ഈ മാതൃസഭ തന്നെയാണ് കത്തോലിക്കാ സഭയെന്ന് സഭ അവകാശപ്പെടുന്നില്ല. വത്തിക്കാൻ കൗൺസിലിനു മുൻപുണ്ടായിരുന്ന കാഴ്ചപ്പാട് അതായിരുന്നു. ഈ ക്രിസ്തുവിന്റെ സഭ കത്തോലിക്കാ സഭയിൽ ഉൾച്ചേരുന്നു എന്നാണ് കത്തോലിക്കാ സഭ പഠിപ്പിക്കുന്നത്. അതുകൊണ്ടാണ്, കത്തോലിക്കേതര സഭകളെ, പ്രത്യേകിച്ചു ഓർത്തഡോക്സ് സഭകളെ സഹോദരീ സഭകൾ എന്ന് കത്തോലിക്കാ സഭ വിളിക്കുന്നത്. പത്രോസിന്റെ പിൻഗാമികളുടെ ദൗത്യം, മറ്റു സഭകളെ കത്തോലിക്കാ സഭയിൽ പഠിപ്പിക്കുക എന്നതൊ, മറ്റ് സഭകളെ അടക്കി ഭരിക്കുക എന്നതൊ ഒന്നുമില്ല. സഹോദരങ്ങളെ ശക്തിപ്പെടുത്തുക (ലൂക്ക 22:32) എന്നതാണ്. എല്ലാ അപ്പസ്തോലിക സഭകളെയും ക്രിസ്തുവിന്റെ സ്നേഹത്തിൽ ഒന്നിപ്പിച്ച്, ശക്തിപ്പെടുത്തുക എന്ന കാര്യത്തിന് വിപരീതമായിട്ടുള്ളതെല്ലാം ക്രിസ്തുവിന്റെ മനോഭാവത്തിനെതിരാണ്. വലിയവനാകുക എന്നത് ക്രിസ്തുവിന്റെ സഭയ്ക്ക് ചേർന്നതല്ല. അപ്പസ്തോലന്മാരുടെ ഇടയിൽ പോലും ഈ മനോഭാവമുണ്ടായിരുന്നില്ലൊ. ക്രിസ്തു പറയുന്നു: വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെ മേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലൊ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം (മത്താ 20:25-27). എന്റെ രാജ്യം ഐഹീകമല്ല എന്ന് പ്രഖ്യാപിച്ചവന്റെ നാമത്തിൽ അധികാരവും പണവും പ്രതാപവുമൊക്കെ പ്രാധാന്യമായി വന്നപ്പോഴാണ് സഭയിൽ അനൈക്യമുണ്ടായത്. യേശു അവരോടു പറഞ്ഞു : അന്തഃഛിദ്രമുള്ള ഏതു രാജ്യവും നശിച്ചുപോകും. അന്തഃഛിദ്രമുള്ള നഗരമൊ ഭവനമൊ നിലനില്ക്കുകയില്ല (മത്താ 12:25). ക്രിസ്തു സഭയ്ക്ക് ചരിത്രത്തിൽ പറ്റിയ അബദ്ധവും ഇതു തന്നെയാണ്. ക്രിസ്തുവിന്റെ മനോഭാവത്തിനെതിരെ ക്രിസ്തു സഭ ചരിത്രത്തിൽ നിലകൊണ്ടു. കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ ക്രിസ്തുവിന്റെ സഭയാണ് മാതൃസഭ എന്ന ബോധ്യം മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്നു. ആ സഭയുടെ ഭാവങ്ങൾ കത്തോലിക്കാ സഭയിൽ കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞതിൽ കത്തോലിക്കാ കൂട്ടായ്മയിലേയ്ക്ക് ചേർന്നു.

**5. മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹീക പിൻഗാമിയായ ഒരു പാത്രിയാർക്കീസ്**

2017 ജൂലൈ മാസം 3-ാം തീയതിയിലെ സുപ്രീം കോടതി വിധിക്കു ശേഷം ഒരിടയനും ഒരാട്ടിൻ കൂട്ടവും എന്ന പ്രയോഗം പരക്കെ കേൾക്കപ്പെടുകയുണ്ടായി. അതു ക്രിസ്തുവിന്റെ സ്വപ്നവും, ഇഷ്ടവും തീരുമാനവുമാണ് (യോഹ 10:16). വിഘടിച്ചു നിൽക്കുന്ന മാർത്തോമ്മാ നസ്രാണി സമുദായത്തിലെ രണ്ടു കക്ഷികൾ ഒന്നിച്ചാൽ പൂർത്തിയാകുന്നതാണോ ക്രിസ്തുവിന്റെ സ്വപ്നം? മാർത്തോമ്മാ നസ്രാണി സഭകൾ എല്ലാം കൂടെ ചുരുങ്ങിയ പക്ഷം ഒന്നായി തീരണ്ടേ? പത്രോസിന്റെ പിൻഗാമിയോടും, ശേഷം എല്ലാ



അപ്പസ്തോലന്മാരുടെയും പൈതൃകങ്ങൾ ഏറ്റു വാങ്ങിയിട്ടുള്ള സഭകളോടും മാർത്തോമ്മായുടെ മാർഗ്ഗത്തിലുള്ള സഭകൾ ഒന്നാകണ്ടേ? അങ്ങനെയെങ്കിൽ മാത്രമല്ലേ ലോകം മുഴുവനും ക്രിസ്തുവിൽ ഒന്നിക്കുകയും ഒരിടയനും ഒരാട്ടിൻപറ്റവും ആകുകയുമുള്ളൂ?

മാർത്തോമ്മായുടെ മാർഗ്ഗത്തിലായിരുന്ന അപ്പസ്തോലിക സഭകളെല്ലാം ഒരു പ്രധാന മേലധ്യക്ഷന്റെ കീഴിൽ ഭാരതത്തിൽ ഒന്നാകുമ്പോൾ ദേശീയ സഭ എന്ന വിശേഷണവും, സാർവത്രിക സഭ എന്ന വിശേഷണവും മാർത്തോമ്മാ നസ്രാണി സഭയ്ക്കു ലഭ്യമാകും. ഭാരതത്തിന്റെ പരമോന്നത കോടതിയുടെ വിധി, ഈയൊരു ഐക്യത്തിലേയ്ക്കുള്ള ചുവടുവയ്പാകുമെന്ന് പ്രത്യാശിക്കുകയാണ്. മാർത്തോമ്മാ നസ്രാണി പാരമ്പര്യമുള്ള സഭകളെയെല്ലാം ഒന്നിപ്പിക്കുന്നതിന് മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും സഭാ സിനഡും മുൻകൈ എടുക്കുമെന്ന് പ്രത്യാശിക്കുകയാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് 1925 ൽ തന്റെ മെത്രാഭിഷേകാനന്തരവും പറഞ്ഞ കാര്യം മാർത്തോമ്മാ നസ്രാണികൾ ഇങ്ങനെ ഒന്നാകണമെന്നു തന്നെയാണ്.

6. മാർത്തോമ്മാ നസ്രാണികൾ ചാവുകടൽ അനുഭവത്തിൽ നിന്ന് മാറണം

ക്രിസ്തുവിന്റെ അപ്പസ്തോലനിൽ നിന്നും നേരിട്ട് സുവിശേഷം സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചവർ എന്നഭിമാനിക്കുന്ന മാർത്തോമ്മാ നസ്രാണികൾക്ക് എന്തുകൊണ്ട് ഭാരത ഉപഭൂഖണ്ഡത്തിൽ പോലും സുവിശേഷം അറിയിക്കുവാൻ സാധിച്ചില്ല? തനതായ ആരാധനക്രമമൊ, ദൈവശാസ്ത്രമൊ ഒന്നും വളർത്തിക്കൊണ്ടുവരാനായില്ല. നമ്മുക്കു പല ന്യായങ്ങളും നിരത്തുവാൻ കാണുമായിരിക്കും. ഒരു ചാവുകടൽ അനുഭവം മാർത്തോമ്മാ നസ്രാണികൾക്ക് എന്നുമുണ്ടായിരുന്നു എന്നതു വാസ്തവമാണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്കും ഈയൊരു ബോധ്യമുണ്ടായിരുന്നു. സെറാമ്പൂർ യൂണിവേഴ്സിറ്റിയിലെ പ്രവർത്തനകാലത്ത് അദ്ദേഹത്തിനിക്കാര്യം കൂടുതൽ ബോധ്യമായി. മലങ്കരയിൽ നിന്ന് അനേകരെ സ്വന്തം ചെലവിൽ ഉപരിവിദ്യാഭ്യാസത്തിനയച്ചു. വിവിധ സംസ്കാരങ്ങളെ പഠിച്ചു. ഭാരതീയ ശൈലിയിലുള്ള സന്യാസപ്രസ്ഥാനം ആരംഭിച്ചു. സഭൈക്യം സുവിശേഷീകരണത്തിന് അനിവാര്യമാണെന്ന ബോധ്യത്തിലേയ്ക്ക് നയിച്ചു. കത്തോലിക്കാ സഭയെക്കുറിച്ചും പ്രോട്ടസ്റ്റന്റ് സഭകളെക്കുറിച്ചുമൊക്കെ പഠിച്ചു.

കത്തോലിക്കാ സഭ ഓർത്തഡോക്സ് ആണെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായി. പാശ്ചാത്യ ചിന്തകളെയും പൗരസ്ത്യ ചിന്തകളെയും ഒരു പോലെ സ്വീകരിക്കുവാൻ പത്രോസിന്റെ പിൻഗാമിയായ റോമിന്റെ മെത്രാൻ തലവനായിരിക്കുന്ന കത്തോലിക്കാ സഭയ്ക്ക് സാധിക്കുമെന്ന ബോധ്യത്തിലേയ്ക്ക് നയിച്ചു. ആദിമുതലുള്ള സഭയുടെ സത്യവിശ്വാസം കാത്തുസംരക്ഷിക്കുന്നതോടൊപ്പം കാലഘട്ടത്തിന്റെ മാറ്റങ്ങളെയും ഉൾക്കൊള്ളുവാൻ കത്തോലിക്കാ സഭയ്ക്ക് മാത്രമെ സാധിക്കുകയുള്ളൂ എന്നതും സഭയുടെ കാതോലികതയുടെ ഒരു ഭാവമാണ്. ഓർത്തഡോക്സി എന്നാൽ പാരമ്പര്യത്തിൽ കടിച്ചു തൂങ്ങി കിടക്കുന്ന മൂരാച്ചിത്തരമല്ല എന്ന് മനസ്സിലാക്കണം. തായ്‌വേര് വൃക്ഷത്തിന് അനിവാര്യമാണ്. ഫലം കായ്ക്കണമെങ്കിൽ വെട്ടിയൊരുക്കപ്പെടണം. ആരാധനക്രമം സഭയുടെ വ്യക്തിത്വ സംരക്ഷണത്തിന് അനിവാര്യമാണ്. പക്ഷെ ആരാധനക്രമം കാലഘട്ടത്തിനനുസരിച്ച് പുതക്കപ്പെടേണ്ടതും അനിവാര്യമാണ്. ദൈവശാസ്ത്രവും ശിക്ഷണക്രമവും എല്ലാം കാലഘട്ടത്തിന്റെ സൂചനകളെ മനസ്സിലാക്കി നവീകരിക്കണം.

7. മലങ്കര സഭ ബാബേൽ അനുഭവത്തിൽ നിന്ന് മാറണം

ബാബേൽ അനുഭവം എന്താണെന്ന് എല്ലാവർക്കുമറിയാം. എല്ലാവരും ഒത്തിരിയേറെ പറയുന്നുണ്ട്. പക്ഷെ ആർക്കുമൊന്നും മനസ്സിലാകുന്നില്ല. മലങ്കരയിലെ സഭയുടെ അനുഭവം ഇതു തന്നെയാണ്. ഒരു കൂട്ടർ പറയുന്നത് മറ്റൊരു കൂട്ടർക്കു മനസ്സിലാകണമെങ്കിൽ മറ്റുള്ളവരെ കേൾക്കണം, അംഗീകരിക്കണം. പെന്തക്കുസ്തായിൽ സംഭവിച്ചത് ഓർക്കുക. അവിടെ എല്ലാവരും പറഞ്ഞത് എല്ലാവർക്കും മനസ്സിലായി. പരിശുദ്ധാത്മാവ് നിറയുമ്പോൾ മാത്രമെ അതു സാധ്യമാകൂ.

മാർത്തോമ്മാ നസ്രാണികൾ ഒന്നിക്കണമെന്ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പറഞ്ഞപ്പോഴും അദ്ദേഹം അർത്ഥമാക്കിയത് ഇക്കാര്യമാണ്. ഒരു ക്രിസ്തു പലതായി വിഭാഗിക്കപ്പെടരുത് എന്നാണദ്ദേഹം ആഗ്രഹിച്ചത്. വിവിധ സഭകളിലെ തലവന്മാർ ഒന്നിച്ചു കൂടുന്നതും, വിവിധ സഭകളിലെ പിതാക്കന്മാർ ഒന്നിച്ചു കൂടുന്നതും, വിവിധ സഭകളിലെ വൈദികർ ഒന്നിച്ചു കൂടുന്നതും

*ശേഷം 41-ാം പേജിൽ*



# 1934 ലെ ഭരണഘടന



ഫാ. മാത്യു പഞ്ഞിക്കാട്ടിൽ

*ഈ ലേഖനത്തിൽ പേരുള്ള വ്യക്തികൾ യഥാർത്ഥത്തിൽ ഉള്ളവരല്ല. സാങ്കല്പികമാണ്. ലേഖനത്തിലെ ആശയങ്ങളാണ് പ്രധാനപ്പെട്ടത്.*

*വികാരിയച്ചൻ (മലങ്കര കത്തോലിക്ക പള്ളിയിലെ) നാലുമണിക്ക് കാപ്പികുടി കഴിഞ്ഞ് മാസികകൾ നോക്കിക്കൊണ്ടിരിക്കുകയാണ്. ആ സമയത്ത് ചാക്കോച്ചൻ (ഓർത്തഡോക്സ് സഭാംഗം, അയൽക്കാരൻ) വളരെ സന്തോഷത്തോടുകൂടി വന്ന് ബഹു. അച്ചനെ അഭിവാദ്യം ചെയ്യുന്നു.*

**അച്ചൻ** : ചാക്കോച്ചൻ ഇന്നു വളരെ സന്തോഷത്തിലാണ് എന്താണ് കാര്യം?

**ചാക്കോച്ചൻ** : സന്തോഷമില്ലാതിരിക്കുമോ - അച്ചൻ ഇന്നത്തെ ടെലിവിഷനിൽ വാർത്ത കണ്ടില്ലേ - ഓർത്തഡോക്സുകാർക്ക് കോലഞ്ചേരി പള്ളി ലഭിച്ചിരിക്കുന്നു. കേസിൽ 1934 ലെ ഭരണഘടന അനുസരിച്ച് സഭാഭരണവും ഇടവകകളുടെ ഭരണവും വേണമെന്ന് കോടതി നിശ്ചയിച്ചു. പോലീസ് സഹായത്തോടുകൂടി കോലഞ്ചേരി പള്ളി ഓർത്തഡോക്സുകാർ കൈവശപ്പെടുത്തി.

**അച്ചൻ** : ഇതിൽ എന്തതിശയം സഭ മനുഷ്യൻ ഉണ്ടാക്കുന്നതല്ലേ? മനുഷ്യൻ ഉണ്ടാക്കിയ ഭരണഘടനയനുസരിച്ച് ഭരിക്കാമല്ലോ. പോരെങ്കിൽ ഓർത്തഡോക്സു ബാവ പറയുകയും ചെയ്തു; 1935 ലെ ഭരണഘടന അംഗീകരിക്കുന്നവർക്കെല്ലാം കോലഞ്ചേരി പള്ളിയിലെ ഇടവകാംഗങ്ങളാകാമെന്ന്.

ചാക്കോച്ചൻ : അച്ചൻ ഒരു വെപ്പാണല്ലോ വച്ചത്. സഭ മനുഷ്യൻ സ്ഥാപിച്ചതാണോ? യേശുക്രിസ്തുവല്ലേ സഭ സ്ഥാപിച്ചത്.

അച്ചൻ:അതിനു തെളിവെന്താണ്?

ചാക്കോച്ചൻ : ബൈബിളിൽ പറഞ്ഞിട്ടുണ്ടല്ലോ - യേശു ക്രിസ്തു സഭ സ്ഥാപിച്ചെന്ന്. അച്ചൻ ബൈബിളിൽ വായിച്ചിട്ടില്ലേ?

**അച്ചൻ** : ഞാൻ ബൈബിളിൽ വായിച്ചിട്ടുണ്ട്, വായിക്കുന്നുമുണ്ട്. യേശുക്രിസ്തു സഭ സ്ഥാപിച്ചെങ്കിൽ എങ്ങനെ ഭരിക്കണമെന്നും യേശു നിർദ്ദേശം നല്കിയിട്ടുണ്ട്.

**ചാക്കോച്ചൻ** : യേശുക്രിസ്തു സഭ സ്ഥാപിച്ചു ശിഷ്യന്മാരെ നാനാഭാഗത്തേക്കും അയച്ചു അവർ പോയിടത്തെല്ലാം സഭ സ്ഥാപിച്ചു. മാർത്തോമാ ശ്ലീഹാ ഇൻഡ്യയിൽ വന്നു സഭ സ്ഥാപിച്ചു. ആ സഭ ക്രിസ്തുവിന്റെ സഭ സ്വതന്ത്ര സഭയാണ്. വിദേശാധിപത്യത്തിനു കീഴല്ല. കൂനൻ കുരിശു സത്യത്തിനു ശേഷമാണ് പാത്രിയാർക്കീസിന്റെ കീഴിൽ മാർത്തോമ ശ്ലീഹാ സ്ഥാപിച്ച സഭയുടെ ഒരു ഭാഗം ആയത് വേറൊരു ഭാഗം റോമാ മാർപാപ്പയുടെ കീഴിലാക്കിയതും പോർച്ചുഗീസുകാരാണ്. നേരത്തെ ഈ സഭ ഐക്യത്തിൽ ഒരുമിച്ച് ഇൻഡ്യയിലെ സഭ ഏകമായിരുന്നു.

**അച്ചൻ** : അപ്പോൾ ചാക്കോച്ചൻ പറയുന്നത് വിവിധ രാജ്യങ്ങളിൽ വി. ശ്ലീഹന്മാർ പോയി സഭ സ്ഥാപിച്ചുവെന്നും അവയെല്ലാം സ്വതന്ത്ര സഭയായിരുന്നുവെന്നുമാണോ?

**ചാക്കോച്ചൻ** : അതേ അതുകൊണ്ടാണ് ഞങ്ങളുടെ കാതോലിക്കാ ബാവ തിരുമേനി പറയുന്നത് ഞങ്ങളുടെ ഓർത്തഡോക്സ് സഭ സ്വതന്ത്രമാണ്. വിദേശാധിപത്യത്തിലല്ലയെന്ന്.

**അച്ചൻ** : അങ്ങനെയെങ്കിൽ യേശുക്രിസ്തു വിദേശിയല്ലേ മാർത്തോമാ ശ്ലീഹാ ഇൻഡ്യയിൽ വന്നു. അദ്ദേഹം വിദേശിയല്ലേ - അദ്ദേഹം സ്ഥാപിച്ച സഭയെ നാം സ്വീകരിച്ചതെന്തിനാണ്, യേശുവിനെയും സഭയെയും കൂടാതെ ഇൻഡ്യയിലുള്ള ഹിന്ദു



മതം സ്വീകരിച്ചാൽ പോരെ? അങ്ങനെയല്ലേ – ഹിന്ദുമത മൗലികവാദികൾ പറയുന്നത്?

**ചാക്കോച്ചൻ :** ഓ അതു പറയുകയില്ല. യേശു ക്രിസ്തു ദൈവമാണ് അവനെ ലോകരക്ഷയ്ക്കായി ലോകത്തിലേക്ക് അയച്ചത് പിതാവായ ദൈവമാണ്.

**അച്ചൻ :** അങ്ങനെയെങ്കിൽ യേശു ക്രിസ്തു സ്ഥാപിച്ച സഭയെ ഭരിക്കേണ്ടതെങ്ങനെയെന്ന് അവിടുന്നു പറഞ്ഞിരിക്കുമല്ലോ.

**ചാക്കോച്ചൻ :** അത്, അതാണ് ശരി.

**അച്ചൻ :** അതേ അങ്ങനെയെങ്കിൽ യേശുക്രിസ്തു സഭയെ ഭരിക്കുന്നകാര്യം പറഞ്ഞത് എന്തെന്ന് കാണാം. അദ്ദേഹം പറഞ്ഞത് അതു വ്യഥാ ആയിരിക്കില്ല – കൃത്യമായി പാലിക്കാൻ വേണ്ടി ആയിരിക്കും. കാരണം അവിടുന്ന് പൂർണ്ണമനുഷ്യനാണെങ്കിലും, പരിപൂർണ്ണദൈവവുമാണ്. അവിടുത്തേ വാക്കുകൾക്ക് മാറ്റമുണ്ടാവുകയില്ല.

**ചാക്കോച്ചൻ :** അത്, അതാണ് ശരി.

**അച്ചൻ :** യേശുവിനെ ആദ്യം അനുഗമിച്ചത് അന്ത്രയോസും യോഹന്നാനുമാണ്. അന്ത്രയോസിന്റെ സഹോദരനായ പത്രോസിനെ യേശുവിന്റെ അടുത്തു കൊണ്ടുവന്നു. അപ്പോൾ യേശു അവനെ നോക്കി പറഞ്ഞു – 'നീ യോഹന്നാന്റെ പുത്രനായ ശിമയോനാണ്. കേപ്പാ – പാറ എന്നു നീ വിളിക്കപ്പെടും'. (യോഹ 1:42) ഇതിന്റെ അർത്ഥം എന്തെന്ന് പിന്നീട് യേശുവിന്റെ ചരിത്രത്തിൽ നടന്ന സംഭവങ്ങളിൽ നിന്ന് മനസ്സിലാകും.

യേശു ക്രിസ്തു കേസറിയ ഫിലിപ്പി പ്രദേശത്തെത്തിയപ്പോൾ യേശു ശിഷ്യന്മാരോടു ചോദിച്ചു. 'മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? അവർ പറഞ്ഞു, ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയ അല്ലെങ്കിൽ പ്രവാചകൻമാരിലൊരുവൻ എന്നും പറയുന്നു. അവൻ അവരോടു ചോദിച്ചു. എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ശിമയോൻ പത്രോസ് പറഞ്ഞു നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. യേശു അവനോട് അരുളി ചെയ്തു, യോനായുടെ പുത്രനായ ശിമയോനെ നീ ഭാഗ്യവാൻ മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിയത്. ഞാൻ നിന്നോടു പറയുന്നു : നീ പത്രോസാണ് ഈ പാറമേൽ എന്റെ സഭ സ്ഥാപിക്കും നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും' (മത്തായി 16:13–20). ഇതിൽ നിന്നും ഒരു കെട്ടിടത്തിന്റെ അടിസ്ഥാനക്കല്ലുപോലെ പത്രോസ് സഭയുടെ അടിസ്ഥാനമാണെന്നും കെട്ടുക, അഴിക്കുക, താക്കോലുകൾ തുടങ്ങിയ വാക്കുകളിലൂടെ വി. പത്രോസിന് സഭയിൽ നല്കുവാൻ പോകുന്ന പരമാധികാരത്തെയുമാണ് സൂചിപ്പിക്കുന്നതെന്നും കാണാം. നമ്മുടെ കർത്താവിന്റെ കാലത്തിനു മുൻപുള്ള യഹൂദന്മാരുടെ ഇടയിൽ ഖുമറാൻ എന്ന് മരുപ്രദേശത്ത് സന്യാസ സമൂഹം പോലെയുള്ള ഒരു സമൂഹം വസിച്ചിരുന്നുവെന്നും, അവർ അവരുടെ സമൂഹത്തിൽ അധികാരത്തേയും ചുമതലകളെയും സൂചിപ്പിക്കുവാൻ ഈ വാക്കുകൾ ഉപയോഗിച്ചിരുന്നുവെന്നും കെമ്റാൻ ഗുഹകളിൽ നിന്നും ലഭിച്ച രേഖകളിൽ നിന്നും കാണാം.

**ചാക്കോച്ചൻ :** ഈ സംഭവം നടന്ന ഉടൻ തന്നെ നമ്മുടെ കർത്താവ് ശിമയോനോട് സാത്താനേ നീ എന്റെ മുൻപിൽ നിന്ന് പോകുക നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല മാനുഷികമാണ് (മത്താ 16:23) എന്നരുളിചെയ്തല്ലോ.

**അച്ചൻ :** അതുശരിയാണ് സാത്താനേ എന്നാൽ എതിരാളി എന്നാണ്. പത്രോസ് അപ്പോഴും വെറും മനുഷ്യൻ മാത്രമാണ്. നമ്മുടെ കർത്താവിന്റെ പീഢാനുഭവത്തെപ്പറ്റിയോ ഉയിർപ്പിനെപ്പറ്റിയോ അവന് ഗ്രഹിക്കുവാൻ കഴിവില്ലായിരുന്നു. യേശു ഇതെല്ലാം അറിയുന്നവനാണ്. അറിഞ്ഞുകൊണ്ടു തന്നെയാണ് വി. പത്രോസിന് അധികാരം വാഗ്ദാനം ചെയ്തത്.


**ചാക്കോച്ചൻ :** 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും'(മത്താ 18:18) എന്നു യേശു പറഞ്ഞിരിക്കുന്നതിൽ നിന്നും പത്രോസിന് കൊടുത്ത അധികാരം മറ്റു ശിഷ്യൻമാർക്കും കൊടുത്തിട്ടുണ്ടല്ലോ.

**അച്ചൻ :** ഈ അധികാരം പത്രോസിനോടുകൂടിയുള്ള ശിഷ്യന്മാർക്കാണ്. പത്രോസിനെ കൂടാതെയല്ല സഭയിലെ അധികാരങ്ങൾ പത്രോസിനോടുകൂടി മറ്റു ശിഷ്യന്മാരും കൈകാര്യം ചെയ്യണമെന്നാണ് യേശു ഉദ്ദേശിക്കുന്നത്. എന്നാൽ സഭയുടെ അടിസ്ഥാനം എന്ന സ്ഥാനം – പത്രോസിനു മാത്രമേ നൽകിയിട്ടുള്ളൂ.

**ചാക്കോച്ചൻ :** എന്നാൽ ഇതെല്ലാം കഴിഞ്ഞിട്ട് പത്രോസ് യേശുവിനെ അറിയുകപോലുമില്ലെന്ന് മൂന്നു പ്രാവശ്യം ആണയിട്ട് ഉപേക്ഷിച്ചില്ലേ (മർക്കോ 14:66–72) അതുപോലെ കർത്താവ് ഉയർത്തെഴുന്നേറ്റതിന് ശേഷം പല പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടിട്ടും ഒടുവിൽ പത്രോസ് തിബര്യേസ് കടൽത്തീരത്തു വച്ചു മറ്റു ശിഷ്യന്മാരോടു പറയുന്നു. ഞാൻ മീൻ പിടിക്കാൻ പോകുന്നു എന്ന് (യോഹ 21: 2–3) ഇതിൻ നിന്നും പത്രോസ് കർത്താവിന്റെ വിളിയെല്ലാം ഉപേക്ഷിച്ച് തന്റെ പഴയ ജോലിയിലേക്ക് പോയി എന്നല്ലേ കാണിക്കുന്നത് ?

**അച്ചൻ :** കർത്താവ് യഥാർത്ഥമായി പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമല്ലേ ? പത്രോസ് ഭാവിയിൽ ചെയ്യാൻ പോകുന്നതെ

**87-ാം പുനരൈക്യ സ്പെഷ്യൽ**



ല്ലാം അവിടുന്നറിയുന്നില്ലേ?

**ചാക്കോച്ചൻ :** ശരി അവിടുന്നറിയുന്നു.

**അച്ചൻ :** അപ്പോൾ പത്രോസ് എന്തെല്ലാമാണ് ചെയ്യാൻ പോകുന്നതെന്ന് അറിഞ്ഞു കൊണ്ടുതന്നെയാണ് അധികാരങ്ങളും ചുമതലകളും വാഗ്ദാനം ചെയ്തത്. ഇതിനെപ്പറ്റി സംശയമുണ്ടോ?

**ചാക്കോച്ചൻ :** ശരിയാണ് കർത്താവ് അറിയുന്നു. അറിഞ്ഞുകൊണ്ടുതന്നെയാണ് കർത്താവ് അങ്ങനെ ചെയ്തത്.

**അച്ചൻ :** അതു മാത്രമല്ല തിബേരിയോസ് കടലിലെ മീൻ പിടുത്തത്തിന്റെ സമയത്ത് മീൻ ഒന്നും കിട്ടാതെ വിഷമിച്ചിരിക്കുന്നവർക്ക് കർത്താവ് പ്രത്യക്ഷപ്പെട്ട് അദ്ഭുതകരമായി വല നിറയെ മീൻ ലഭിക്കാൻ ഇടയാക്കിയില്ലേ? (യോഹ 21:5-14) അതുപോലെ അദ്ഭുതകരമായ മീൻപിടുത്തത്തിനും, കർത്താവ് അവർക്കുവേണ്ടി ഒരുക്കിയ പ്രാതലിനും ശേഷം പത്രോസ് മൂന്ന് പ്രാവശ്യം കർത്താവിനെ ഉപേക്ഷിച്ചതിന് പകരം മൂന്നു പ്രാവശ്യം പത്രോസിന് കർത്താവിനോടുള്ള സ്നേഹം ഉറപ്പിച്ച് ഏറ്റു പറയുന്നതിനിടയാക്കിയില്ലേ? ഓരോ ഏറ്റു പറച്ചിലിനും ശേഷം യേശു ശിമയോൻ പത്രോസിനോട് പറഞ്ഞതെന്താണ്?

**ചാക്കോച്ചൻ :** എന്റെ ആടുകളെ മേയ്ക്കുക, എന്റെ കുഞ്ഞാടുകളെ മേയ്ക്കുക, എന്റെ കുഞ്ഞാടുകളെ മേയ്ക്കുക എന്ന് (യോഹ 21: 15-21)

**അച്ചൻ :** ആ വാക്കുകളുടെ അർത്ഥം എന്താണ്? എന്റെ സഭയെ പരിപാലിക്കുക എന്നല്ലേ അപ്പോൾ കർത്താവിന്റെ ആടുകളെ മേയ്ക്കാനുള്ള അവകാശവും, അധികാരവും പത്രോസിന് മാത്രമുള്ളതല്ലേ.

**ചാക്കോച്ചൻ :** പത്രോസിന്റെ കാലത്ത് ശരിയാണ് പത്രോസിന്റെ കാലത്തിന് ശേഷമോ?

**അച്ചൻ :** നമ്മുടെ കർത്താവ് ലോകത്തിലേക്ക് വന്നത് നമ്മുടെ കർത്താവിന്റെതും അപ്പോസ്തോലന്മാരുടെയും കാലത്ത് ഉള്ളവരുടെ രക്ഷക്കു വേണ്ടി മാത്രമാണോ?

**ചാക്കോച്ചൻ :** അല്ല എല്ലാവരുടെയും രക്ഷക്കു വേണ്ടിയാണ്.

**അച്ചൻ :** ശരി കർത്താവിന്റെ കാലത്തിന് മുൻപുള്ളവരുടെ രക്ഷ എങ്ങനെയെന്ന് നമുക്ക് പറയുവാൻ സാധിക്കുന്നില്ല എങ്കിലും അവരവരുടെ മനസാക്ഷിക്കനുസരിച്ചുള്ള ജീവിതം നയിച്ചവരെ കർത്താവ് രക്ഷിക്കുമെന്നാണ് പ്രധാന അഭിപ്രായം. എന്നാൽ കർത്താവിന്റെ കാലത്തിനു ശേഷമുള്ള എല്ലാവരെയും രക്ഷിക്കുവാനാണ് നമ്മുടെ കർത്താവ് സഭ സ്ഥാപിച്ചത്. ആ സഭയുടെ തലവനും പ്രധാന അജപാലകൻമാരുമായിട്ടാണ് വി. പത്രോസിനെ നിയമിച്ചത്. പത്രോസിനു ശേഷം തന്റെ പിൻഗാമികളിലൂടെ ലോകാവസാനം വരെ കർത്താവിന്റെ രക്ഷ എല്ലാവർക്കും ലഭ്യമാക്കുന്നു. സഭയെ തെറ്റു കൂടാതെ ലോകാവസാനം വരെ നയിക്കുന്നതിനായി പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു (യോഹ 16: 5-24).

എന്റെ ആടുകളെ മേയ്ക്കുക എന്നാണ് കർത്താവ് പത്രോസിനോട് പറഞ്ഞത് അപ്പോൾ പത്രോസും പിൻഗാമികളും പാലിക്കുന്ന സഭയാണ് കർത്താവിന്റെ അജഗണം, സഭ.

**ചാക്കോച്ചൻ :** അപ്പോൾ പത്രോസിന്റെ പിൻഗാമി ആരാണ്?

**അച്ചൻ :** അതിന് ചരിത്രം വിശദമായി പഠിക്കേണ്ടി വരും എങ്കിലും എളുപ്പം ഗ്രഹിക്കേണ്ടതിന് ഒരു മാർഗ്ഗം ഉണ്ട്. അതായത് പത്രോസിന്റെ പിൻഗാമിയായി അറിയപ്പെടുന്നതും പ്രവർത്തിക്കുന്നതും റോമിലെ മാർപാപ്പ മാത്രമാണ്. കാരണം വി. പത്രോസ് റോമിൽ വന്ന് താമസിക്കുകയും അവിടെ വച്ച് രക്തസാക്ഷിത്വം വരിക്കുകയും ചെയ്തുവെന്ന് ചരിത്രം പഠിപ്പിക്കുന്നു. ആ കാലം മുതൽ റോമിലെ മെത്രാൻ പത്രോസിന്റെ പിൻഗാമിയായി പ്രവർത്തിക്കുന്നു. വേറെ ആരും അങ്ങനെ അവകാശപ്പെട്ടിട്ടില്ല.

**ചാക്കോച്ചൻ :** യാക്കോബായ പാത്രിയാർക്കീസ്, അന്ത്യോക്യായിലെ പാത്രിയാർക്കീസ്, പത്രോസിന്റെ പിൻഗാമി എന്ന് അവകാശപ്പെടുന്നുണ്ടല്ലോ?

**അച്ചൻ :** യാക്കോബായ പാത്രിയാർക്കീസ്, അന്ത്യോക്യായിലെ പാത്രിയാർക്കീസ് എന്നും പത്രോസിന്റെ പിൻഗാമി എന്നും വിളിക്കപ്പെടുന്നു. എന്നാൽ ആകമാനസഭയുടെ തലവൻ എന്ന് അദ്ദേഹം പോലും പറയുന്നില്ല. അന്ത്യേക്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയാർക്കീസ് എന്നാണ് അദ്ദേഹത്തിനുള്ള സ്ഥാനം കൂടാതെ അന്ത്യോക്യാ ഇന്ന് എന്താണ് – ഒരു കാലത്ത്, ക്രിസ്തീയ കേന്ദ്രവും, വലിയ പട്ടണവും ആയിരുന്ന അന്ത്യോക്യ ഇന്ന് ഒരു ഗ്രാമം മാത്രമാണ്.

*ശേഷം 43-ാം പേജിൽ*







ജോമി തോമസ് കലയപുരം

# രാഷ്ട്ര നിർമ്മിതിയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പങ്ക്

മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ മഹത്തായ എൺപത്തിയേഴാം വാർഷികാഘോഷങ്ങൾ സമാഗതമായിരിക്കുന്നു. ഐക്യത്തിന്റെ സാക്ഷികളും വിശുദ്ധരുടെ സഹപൗരരും എന്ന ആപ്തവാക്യം ഉയർത്തിക്കാട്ടി സഭ ഇത്തവണത്തെ ആഘോഷപരിപാടികളിൽ ഒട്ടേറെ ജീവകാരുണ്യപദ്ധതികൾ നടപ്പിലാക്കുന്നു. സിറിയായിലെ ആക്രമണങ്ങളിൽ സഹനങ്ങളിലൂടെ കടന്നുപോകുന്ന സഹോദരീ സഭയായ അന്ത്യോക്യൻ സിറിയൻ കത്തോലിക്കാ സഭയുടെ വേദനകളിൽ ഉൾച്ചേർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭ സഹായപദ്ധതികളിൽ പങ്കുചേരുന്നു.

സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പും തങ്ങൾ അധിവസിക്കുന്ന ഭാരതമണ്ണിനോട് അചഞ്ചലമായ കൂറും സ്നേഹവും പുലർത്തുന്ന വിശ്വാസസമൂഹമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭാ മക്കൾ. കഴിഞ്ഞ എൺപത്തിയേഴു വർഷങ്ങളായി ഭാരതത്തിന്റെ ദേശീയതയിലും വികസനത്തിലും ഉൾച്ചേർന്ന് നാനാത്വത്തിൽ ഏകത്വം എന്ന ആശയം ഉൾക്കൊണ്ട് അഖണ്ഡ ഭാരതത്തിനായി നിലക്കൊള്ളുന്ന സഭാമക്കൾ സഭാപ്രേഷിത ശുശ്രൂഷയോടൊപ്പം രാഷ്ട്രനിർമ്മിതിയിലും പങ്കുചേരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശുശ്രൂഷാ വേദികളെല്ലാം തന്നെ രാജ്യത്തിന്റെ വളർച്ചയെയും ദേശീയതയെയും മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് ഇത്.

**1. മതേതര സമൂഹത്തിൽ സമത്വബോധ സമൂഹം**

മലങ്കര കത്തോലിക്കാ സഭയെ നാളിതുവരെ നയിച്ചവർ മതേതര കാഴ്ചപ്പാടുകളോടുകൂടിയാണ് തങ്ങളുടെ ദർശനങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കിയതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്ന പൗരാണിക ദർശനത്തിന് അധിഷ്ഠിതമായി സമൂഹത്തിലെ അശരണർക്കും ആലംബഹീനർക്കും സഹായം നൽകുന്നതിൽ നമ്മുടെ പിതാക്കന്മാർ പിശുക്കു കാട്ടിയില്ല. ലഭ്യമാക്കാവുന്ന സഹായങ്ങളും ജാതിമത ഭേദമെന്യേ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി. വർഗീയതയെയും ഭീകരവാദത്തെയും അപലപിക്കുകയും പ്രതിസന്ധികളിൽ സമാധാനദൂതന്മാരായി പ്രവർത്തിക്കാൻ മുന്നോട്ട് ഇറങ്ങുകയും ചെയ്തു. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ, വർഗീയ കലാപഭൂമിയിലെ ശാന്തിദൂതും ശാന്തിയാത്രയും എടുത്തുപറയേണ്ട ചരിത്രയാഥാർത്ഥ്യമാണ്.

സഭയുടെ തലവനും പിതാവുമായ മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് ബാവ തിരുമേനിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നാനാജാതി മതസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണെന്നതും എടുത്തുപറയേണ്ട സംഗതിയാണ്. ദേശീയ ദിനാചരണങ്ങൾ സഭ ഒന്നാകെ ആചരിച്ച് സഭാമക്കൾ മാതൃരാജ്യത്തോട് പൗരധർമ്മം കാട്ടുന്നു. നമ്മുടെ യുവജന പ്രസ്ഥാനം സ്വാതന്ത്ര്യദിനവും പരസ്ഥിതി ദിനവും ഒക്കെ ക്രിയാത്മകപ്രവർത്തനങ്ങൾ ചെയ്യുന്നത് എടുത്തുപറയേണ്ടതാണ്. ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തോട് സഭ പ്രത്യേക ആഭിമുഖ്യവും കാട്ടാതെ പൊതുനന്മ മുന്നിൽ കണ്ടാണ് സഭ പ്രവർത്തനങ്ങൾ നടത്തുന്നത്.

**2. വിദ്യാഭ്യാസത്തിലൂടെയുള്ള പ്രവർത്തനങ്ങൾ**

മലങ്കര സുറിയാനി കത്തോ

ലിക്കാ സഭയുടെ വിദ്യാഭ്യാസ പ്രേഷിത ശുശ്രൂഷകൾ ഭാരതത്തിന്റെ വളർച്ചയിൽ നിർണ്ണായകമാണ്. സഭയുടെ വിവിധ ഭദ്രാസനങ്ങളിലായി നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ശുശ്രൂഷയ്ക്ക് ആക്കം കൂട്ടുന്നു. 1930 ൽ പുനരൈക്യപ്രസ്ഥാന ആരംഭകാലത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുലോം പരിമിതങ്ങളായിരുന്നു. എന്നാലും പണിക്കുമുമ്പേ പള്ളിക്കൂടം എന്ന ആശയം നടപ്പിലാക്കിക്കൊണ്ട്



ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവും മാർ തെയ്യോഫിലോസ് പിതാവും നമ്മുടെ സഭയുടെ വിദ്യാഭ്യാസ പ്രേഷിത ശുശ്രൂഷയ്ക്ക് തിരികൊളുത്തി. നിരവധി സ്ഥലങ്ങളിൽ വസ്തുക്കൾ വാങ്ങി നിരവധി പ്രൈമറി സ്കൂളുകളും അപ്പർ പ്രൈമറി സ്കൂളുകളും ഹൈസ്ക്കൂളുകളും സ്ഥാപിച്ചുകൊണ്ടിരുന്നു.

1. തിരുവനന്തപുരം അതിഭദ്രാസനത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഉള്ള ദൈവദാസന്റെ ഭാഗഭാഗിത്വം ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിച്ചതിന്റെ ഫലമായി സ്ഥാപിച്ചതാണ് മാർ ഈവാനിയോസ് കോളേജ്. പിൻഗാമിമാരായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായും തിരുവനന്തപുരം അതിഭദ്രാസനത്തിൽ നിരവധി വിദ്യാലയങ്ങളും കലാലയങ്ങളും സ്ഥാപിച്ചു. ബുദ്ധിമുട്ടിയും കടം മേടിച്ചുമാണ് പിതാക്കന്മാർ ഈ സ്ഥാപനങ്ങൾ പടുത്തുയർത്തിയത്. കലോചിതമായ തലത്തിൽ വിദ്യാർത്ഥികൾക്ക് പഠനം നൽകാനായി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, നേഴ്സിംഗ് സ്കൂളുകൾ, അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, ഐ.റ്റി.സി. കൾ, എഞ്ചിനിയറിംഗ് കോളേജ്, എം.സി.എ. കോളേജ് എന്നിങ്ങനെ നിരവധി സ്ഥാപനങ്ങൾ പിതാക്കന്മാരുടെ ശ്രമഫലമായി സ്ഥാപിതമായി. വിദ്യാഭ്യാസ ചിന്തകൻ കൂടിയായ അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് ബാവ അതിഭദ്രാസനത്തിനും ആഗമാന സഭയ്ക്കും നൽകിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പ്രേഷിത ശുശ്രൂഷ സമൂഹത്തിന് ആവേശം പകരുന്നു. ഇന്ന് തിരുവനന്തപുരം അതിഭദ്രാസനത്തിന് 4 കോളേജുകളും ഒരു ട്രെയിനിംഗ് കോളേജും ഒരു നഴ്സിംഗ് കോളേജും ഒരു ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും മൂന്ന് എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളും മൂന്ന് അൺഎയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളും ആറ് എയ്ഡഡ് ഹൈസ്കൂളും പതിന്നാല് അൺഎയ്ഡഡ് ഹൈസ്കൂളും പത്തൊമ്പത് എയ്ഡഡ് എൽ.പി. സ്കൂളും പതിമൂന്ന് എയ്ഡഡ് യു.പി.സ്കൂളുകളും ഇരുപത്തൊന്ന് അൺഎയ്ഡഡ് യു.പി. സ്കൂളും നാല്പത്തൊന്ന് അൺഎയ്ഡഡ് എൽ.പി. സ്കൂളുകളും നാല്പത്താറ് നേഴ്സറി സ്കൂളുകളും ഒരു എയ്ഡഡ് ട്രെയിനിംഗ് സ്കൂളും പ്രവർത്തിക്കുന്നു. ഏഷ്യയിലെ ഏറ്റവും വലിയ വിദ്യാലയമായ പട്ടം സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസ രംഗത്തെ നമ്മുടെ അഭിമാനമാണ്. മാർ ഈവാനിയോസ് കോളേജ് സ്വയം ഭരണാവകാശമുള്ള സ്ഥാപനമായി മാറിയിരിക്കുന്നു.

2. തിരുവല്ല അതിഭദ്രാസനത്തിലും വിദ്യാഭ്യാസപ്രേഷിത ശുശ്രൂഷയ്ക്ക് മുന്തിയ പരിഗണനയാണ് നല്കിപ്പോന്നിട്ടുള്ളത്. ഭദ്രാസനത്തെ നയിച്ച അഭിവന്ദ്യ തെയോഫിലോസ് പിതാവ്, സേവേറിയോസ് പിതാവ്, അത്തനാസിയോസ് പിതാവ്, യൂഹാനോൻ പിതാവ് എന്നിവർ വിദ്യാഭ്യാസ ശുശ്രൂഷയ്ക്ക് തനതായ സംഭാവനകൾ നൽകിയിരുന്നു. നിരവധി പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളുമുള്ള ഭദ്രാസനത്തിൽ അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റേയും അഭിവന്ദ്യ കൂറിലോസ് പിതാവിന്റേയും അക്ഷീണ പ്രയത്ന ഫലമായി നിരവധി സ്ഥാപനങ്ങൾ പടുത്തുയർത്തപ്പെട്ടു. മാർ സേവേറിയോസ് ട്രെയിനിംഗ് കോളേജും തിരുവല്ല മാക്ഫാസ്റ്റും പുഷ്പഗിരി മെഡിക്കൽ കോളേജും അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളും തിരുവല്ല അതിഭദ്രാസനത്തിന്റെ വിദ്യാഭ്യാസ പ്രേഷിത രംഗത്തെ സ്തംഭങ്ങളാണ്. ഇന്ന് ഈ അതിഭദ്രാസനത്തിൽ ഒരു മെഡിക്കൽ കോളേജ്, ഒരു ഫാർമസി കോളേജ്, രണ്ട് ആർട്സ് കോളേജ്, ഒരു ബിഎസ്സി നഴ്സിംഗ് കോളേജ്, ഒരു ജനറൽ നഴ്സിംഗ് സ്കൂൾ, ഒരു ബി എഡ് കോളേജ്, ഒരു എം എഡ് കോളേജ്, ഒരു ലബോറട്ടറി ട്രെയിനിംഗ് സ്കൂൾ, ഒരു ഹെൽത്ത് വർക്കേഴ്സ് ട്രെയിനിംഗ് സ്കൂൾ, എട്ട് സിബിസിഇ സ്കൂൾ, രണ്ട്




എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ, അഞ്ച് എയ്ഡഡ് ഹൈസ്കൂൾ അഞ്ച് അൺ എയ്ഡഡ് യു.പി.സ്കൂൾ, മൂന്ന് എയ്ഡഡ് യു.പി. സ്കൂൾ, ആറ് എയ്ഡഡ് എൽ പി സ്കൂൾ, എട്ട് അൺ എയ്ഡഡ് എൽ പി സ്കൂൾ, ഒരു അൺ എയ്ഡഡ് നഴ്സറി, രണ്ട് സ്പെഷ്യൽ സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു.

3. മാർത്താണ്ഡം ഭദ്രാസനത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. 4 കോളേജ് 4 ഹയർസെക്കന്ററി സ്കൂൾ, 2 ഹൈസ്കൂൾ, 6 മിഡിൽ സ്കൂൾ, 4 പ്രൈമറി സ്കൂൾ, 4 മെട്രിക്കുലേഷൻ സ്കൂൾ, 21 നഴ്സറി സ്കൂൾ എന്നിങ്ങനെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. മാർ ക്രിസോസ്റ്റം എഞ്ചിനിയറിംഗ് കോളേജ് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പ്രതീക്ഷയാണ്.

4. ബത്തേരി ഭദ്രാസനത്തിൽ 2 കോളേജ് 3 ട്രെയിനിംഗ് സ്കൂൾ 3 ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് 5 ഹയർ സെക്കന്ററി സ്കൂൾ, 11 ഹൈസ്കൂൾ 14 യു.പി. സ്കൂൾ, 20 എൽപി സ്കൂൾ, 30 നഴ്സറി സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ വിചക്ഷണൻ കൂടിയായ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് ഭദ്രാസനത്തിലെ വിദ്യാഭ്യാസ ശുശ്രൂഷയ്ക്ക് ഒരു പുതിയ മാനം നൽകിക്കൊണ്ടിരിക്കുന്നു.

5. മൂവാറ്റുപുഴ ഭദ്രാസനത്തിൽ 1 കോളേജ്, 2 എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ, 5 എയ്ഡഡ് ഹൈസ്കൂൾ, 6 സിബിസിഇ സ്കൂൾ, 5 എയ്ഡഡ് യുപി സ്കൂൾ, 1 അൺ എയ്ഡഡ് യു.പി സ്കൂൾ, 11 എയ്ഡഡ് എൽ.പി, 5 അൺ എയ്ഡഡ് എൽപി, 22 നഴ്സറി സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു.

6. പുത്തൂർ ഭദ്രാസനത്തിൽ 1 കോളേജും 2 അൺ എയ്ഡഡ് സ്കൂളും പ്രവർത്തിക്കുന്നു.

7. പത്തനംതിട്ട ഭദ്രാസനത്തിൽ 1 കോളേജ് 1 എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ 1 ട്രെയിനിംഗ് സ്കൂൾ 4 എയ്ഡഡ് ഹൈസ്കൂൾ, 4 എയ്ഡഡ് യുപി സ്കൂൾ, 12 എയ്ഡഡ് എൽ.പി. സ്കൂൾ, 7 അൺ എയ്ഡഡ് സിബിസിഇ സ്കൂൾ എന്നിവ പ്രവർത്തിക്കുന്നു.

8. ഗുഡ്ഗാവ് ഭദ്രാസനത്തിന്റേയും പൂന - ഗഡ്ക്കി എക്സാർക്കേറ്റിന്റേയും മേൽനോട്ടത്തിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിനു പുറത്ത് പ്രവർത്തിച്ചുവരുന്നു. പുതിയതായി രൂപീകൃതമായ പാറശ്ശാല ഭദ്രാസനവും വിദ്യാഭ്യാസ മേഖലയിൽ ഏറെ പ്രതീക്ഷ നൽകുന്നു. അമേരിക്കൻ ഭദ്രാസനവും ഈ മേഖലയിൽ കരുത്തു പകരും എന്നതിൽ സംശയമില്ല.

ബഥനി സന്യാസ സമൂഹം, ബഥനി സന്യാസിനി സമൂഹം, മേരി മക്കൾ സമൂഹം തുടങ്ങിയ സന്യാസ സമൂഹങ്ങളും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ പ്രേഷിത ശുശ്രൂഷയ്ക്ക് കരുത്തു പകരുന്നു. എത്യോപ്യാ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിൽ അവർ തങ്ങളുടെ വിദ്യാഭ്യാസ ശുശ്രൂഷ ആരംഭിച്ചു കഴിഞ്ഞു.

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകിയിട്ടുള്ള ന്യൂനപക്ഷ നിയമങ്ങൾക്കനുസൃതമായിട്ടാണ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടന്നുപോകുന്നത്. നിയമനങ്ങൾ സുതാര്യമാണ്. ഒരു രൂപാപോലും വാങ്ങിയിട്ടല്ല നമ്മുടെ സ്ഥാപനങ്ങളിൽ നിയമനങ്ങൽ നടത്തുന്നത്. സമൂഹത്തിന്റെ നന്മ ലാക്കാക്കിയാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. കഴിഞ്ഞ എൺപത്തിയേഴു വർഷങ്ങളായി വിശാലതയുടേയും ഐക്യത്തിന്റേയും പാഠങ്ങൾ പഠിപ്പിച്ച് സമൂഹത്തിന്റെ ഉത്തമ പൗരന്മാരായി വളർത്താൻ ഈ സ്ഥാപനങ്ങൾ മുഖ്യപങ്കു വഹിക്കുന്നു.

**3. ആതുര ശുശ്രൂഷാ മേഖല**

'നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക' എന്ന ക്രിസ്തുവാക്യമുൾക്കൊണ്ട് നല്ല ശമരിയാക്കാരനേപ്പോലെ സമൂഹത്തിന് സേവനം നൽകാൻ മലങ്കര കത്തോലിക്കാ സഭയിലെ ആതുരാലയങ്ങൾ മുൻപന്തിയിലാണ്. അഞ്ചൽ സെന്റ് ജോസഫ് ആശുപത്രിയും, തിരുവല്ല പുഷ്പഗിരി ആശുപത്രിയും പിരപ്പൻകോട് കമ്മ്യൂണിറ്റി ഹെൽത്ത് ആശുപത്രിയും തുടങ്ങി ചെറുതും വലുതുമായ അനേകം സ്ഥാപനങ്ങളിലൂടെ ആതുര ശുശ്രൂഷ രംഗത്തും സഭ പ്രവർത്തിക്കുന്നു. സമൂഹത്തിലെ പാവപ്പെട്ടവർക്ക് ചികിത്സ എത്തിക്കുവാനും അടിയന്തിര ഘട്ടങ്ങളിൽ അവർക്ക് അത്യാവശ്യ സഹായങ്ങൽ മുഖ്യപങ്കു വഹിക്കുന്നു. സാന്ത്വന പരിചരണ പ്രവർത്തനങ്ങളിലും ഈ സ്ഥാപനങ്ങൾ ഭാഗഭാക്കാണ്. പിരപ്പൻകോട് ആശുപത്രിയിൽ

നിർദ്ധനരായ രോഗികൾക്ക് നൽകുന്ന ചികിത്സാസഹായ പദ്ധതികൾ പ്രശംസനീയമാണ്. പുഷ്പഗിരി മെഡിക്കൽ കോളേജിലും ഇത്തരത്തിലുള്ള നിരവധി ജീവകാരുണ്യപരമായ ചികിത്സാസഹായങ്ങൾ നൽകിവരുന്നു. നിരവധി പുനരധിവാസ കേന്ദ്രങ്ങളും എയ്ഡ്സ് രോഗികൾക്കുള്ള പ്രത്യേക ഭവനങ്ങളും സഭയ്ക്കുണ്ട്. നിർഭാഗ്യവശാൽ ഈ ശുശ്രൂഷകളെ തിരിച്ചറിയാതെ സഭയുടെ ആതുരാലയങ്ങളെ ഇകഴ്ത്താനും കരിവാരിത്തേക്കാനും ആക്രമിക്കാനുമുള്ള സ്വഭാവം ചില തല്പരകക്ഷികളിൽ നിന്നുണ്ടാകുന്നത് ദൗർഭാഗ്യകരമായ സംഗതിയാണ്.

**4. സാമൂഹിക വികസന മുന്നേറ്റത്തിൽ സഭ**

സഭയുടെ സാമൂഹിക പ്രവർത്തന ശുശ്രൂഷാ മേഖലകൾ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ വിപ്ലവാത്മകമായ മാറ്റമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഓരോ ഭദ്രാസനത്തിലും പ്രവർത്തിക്കുന്ന സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ സമൂഹത്തിന്റെ വികസനവും മുന്നേറ്റവും സ്വപ്നം കാണുന്നു. വികസനോന്മുഖമായ കാഴ്ചപ്പാടോടെയാണ് ഇവ പ്രവർത്തിക്കുന്നത്. സമൂഹത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞ് സഹായം നല്കുന്നതിലും അവരെ സമുദ്ധരിക്കുന്നതിലും കൈപിടിച്ച് ഉയർത്തുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിലും സഭ, സമുദായ, മത വിശ്വാസമില്ലാതെ പ്രവർത്തിക്കുന്നു. പ്രകൃതി ക്ഷോഭങ്ങളും ദുരന്തങ്ങളും ഉണ്ടായ അവസരങ്ങളിൽ സഹായ ഹസ്തവുമായി സഭ മുൻപന്തിയിൽ ആയിരുന്നു. ഓരോ ഭദ്രാസനത്തിലെയും സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി ആവിഷ്കൃതമായ പദ്ധതികൾ വഴി നിരവധി പാവപ്പെട്ടവരും അശരണരും നിരാലംബരും വിധവകളും മറ്റും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്നു. ഭവനരഹിതർക്ക് പാർപ്പിടം, വിദ്യാഭ്യാസ സഹായം, കാർഷിക സംസ്കാരം വളർത്തൽ, പരിസ്ഥിതി അവബോധം വളർത്തൽ, സ്വയംതൊഴിൽ കണ്ടെത്തൽ തുടങ്ങിയ മേഖലകളിലൂടെ നിരവധി പേർക്ക് ഈ പ്രസ്ഥാനങ്ങൾ താങ്ങും തണലും ആയി. ദാരിദ്ര്യ നിർമ്മാർജ്ജനവും ശുചിത്വവും മുൻതൂക്കം നല്കി ഭാരത സമൂഹത്തിന്റെ വികസനത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് സഭ ലക്ഷ്യം വയ്ക്കുന്നത്.

**5. ദളിത് – പിന്നോക്ക ക്ഷേമ പദ്ധതികൾ**

ദളിതരുടെയും പിന്നോക്കക്കാരുടെയും ക്ഷേമം മുൻനിർത്തി നിരവധി കർമ്മപരിപാടികൾ സഭ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും അവരെ സമൂഹത്തിന്റെ മുൻപന്തിയിൽ എത്തിക്കാൻ സഭ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നതിനും പഠിക്കുന്നതിനും മറ്റുമുള്ള പരിഗണനകൾ. കൂടാതെ നമ്മുടെ ആത്മീയ സംഘടനകൾ വഴി സഹായം നൽകുവാനും (വിൻസന്റ് ഡി പോൾ സൊസൈറ്റി) പരമാവധി പരിശ്രമിച്ചിട്ടുണ്ട്. നമ്മുടെ പിതാക്കന്മാർ ഇന്നും ദളിത് – പിന്നോക്ക നീതിക്കുവേണ്ടി ഭരണാധികാരികളോട് ആവശ്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നു. അവരുടെ മൗലിക അവകാശങ്ങളും പൗരാവകാശങ്ങളും നിഷേധിക്കുന്നതിനെതിരെ പ്രതികരിക്കുകയും ചെയ്യുന്നു.

**6. സ്ത്രീശാക്തീകരണം**

മലങ്കര സുറിയാനി കത്തോലിക്കാ സഭ പ്രത്യേകം ഊന്നൽ നൽകുന്ന കാര്യമാണ് സ്ത്രീശാക്തീകരണം. സഭയിലെയും സമൂഹത്തിലെയും സ്ത്രീകളുടെ ക്ഷേമവും ഉയർച്ചയും ലക്ഷ്യമാക്കിയുള്ള നിരവധി പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവ് കൽക്കത്തയിലെ ബാരിസോളിലേക്ക് കേരളത്തിലെ കുലീന കുടുംബത്തിൽപെട്ട നിരവധി പെൺകുട്ടികളെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും ഉന്നത പഠനത്തിനുമായി കൊണ്ടുപോയതാണ് ഏറ്റവും ശ്രേഷ്ഠമായ പ്രചോദനം. മലങ്കര സഭയിൽ പെൺകുട്ടികൾക്കു വേണ്ടി മാത്രം നിരവധി വിദ്യാലയങ്ങൾ സ്ഥാപിതമായിട്ടുണ്ട്.

## എം.സി.സി.എൽ ബൈബിൾ ക്വിസ്

1. യഹൂദപാരമ്പര്യമനുസരിച്ച് പഞ്ചഗ്രന്ഥിയുടെ കർത്താവ് ആര്?
2. ബൈബിളിന്റെ ഉള്ളടക്കം?
3. ബൈബിളിൽ എത്ര വാക്യങ്ങളുണ്ട്?
4. ബൈബിൾ എന്ന പദം ഏത് ഗ്രീക്ക് പദത്തിൽനിന്നാണ് ഉദ്ഭവിച്ചത്?
5. ബൈബിളിൽ ആദ്യം എഴുതപ്പെട്ട സുവിശേഷം? ഏത് കാലഘട്ടം?
6. ബൈബിളിൽ എത്ര പുസ്തകങ്ങൾ ഉണ്ട്?
7. ജീവന്റെ സുവിശേഷം എന്നറിയപ്പെടുന്നത്?
8. സാർവ്വത്രിക രക്ഷയുടെ സുവിശേഷം?
9. പഞ്ചഗ്രന്ഥിക്ക് യഹൂദർ നല്കിയിരിക്കുന്ന പേര്?
10. വി. ബൈബിളിലെ ഏറ്റവും ചെറിയ വാക്യം?

**ഉത്തരങ്ങൾ അയക്കേണ്ടവിലാസം:**
AIKYADEEPAM MONTHLY
Theological and Catechetical Centre
Sameeksha, Kulakkadu, Tiruvalla - 01
Ph: 0469 -2607719

ഒക്ടോബർ 10 നു മുൻപായി ശരിയുത്തരങ്ങൾ അയച്ചുതരിക. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സമ്മാനം.

ഓരോ ഇടവക കേന്ദ്രീകരിച്ചും മാതൃസമാജം, എം.സി.വൈ.എം., എം.സി.സി.എൽ, വിൻസന്റ് ഡി പോൾ സൊസൈറ്റി, എം.എസ്.എസ് എന്നീ സംഘടനകളിലൂടെ സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രി മാരിറ്റൽ കൗൺസലിംഗ് പോലെയുള്ള കാര്യങ്ങൾ ഓരോ പെൺകുട്ടിയ്ക്കും ലഭ്യമാക്കാൻ പരിശ്രമിക്കുന്നു. സഭാ വിദ്യാഭ്യാസ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്നവരിൽ മുഖ്യ പങ്കും നമ്മുടെ സ്ത്രീ സഹോദരിമാരാണുളളത്. ഈ രംഗത്ത് സന്തോഷം പകരുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപികമാർ ഓരോ ഇടവകയേയും സമൂഹത്തേയും ചുറ്റുപാടുകളേയും നവീകരിക്കുവാൻ പരമാവധി പരിശ്രമിക്കുന്നു. സഭയുടെ കർമ്മ മേഖലകളിലെല്ലാം ഇന്ന് സ്ത്രീസാന്നിദ്ധ്യമുണ്ട്. നമ്മുടെ സന്യാസിനി സമൂഹങ്ങൾ പൊതു സമൂഹത്തിലെ സ്ത്രീശാക്തീകരണത്തിനു വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടതാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്തും, സാമൂഹ്യ നവോത്ഥാന രംഗത്തും പരിസ്ഥിതി സംരക്ഷണ പ്രവർത്തന രംഗത്തും മലങ്കര കത്തോലിക്കാ സഭ ചെയ്തിട്ടുള്ള സംഭാവനകൾ വിസ്മരിക്കാവുന്നതല്ല. ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങൾ കേരള സമൂഹത്തിന് ഉണർവു നൽകി. ആംഗലേയ വിദ്യാഭ്യാസത്തിനും സ്ത്രീ വിദ്യാഭ്യാസത്തിനും മുൻഗണന പിതാവ് നൽകി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും സഖറിയാസ് മാർ അത്താനാസിയോസ് പിതാവും തങ്ങളുടെ യൂറോപ്യൻ ബന്ധം മുൻനിർത്തി നിരവധി പെൺകുട്ടികളെ ജർമ്മനിയിലും മറ്റും അയച്ചിരുന്നു. ആതുര ശുശ്രൂഷ രംഗത്തും പ്രവർത്തിച്ചിരുന്ന ഈ പ്രവാസി കുടുംബങ്ങളുടെ വിദേശനാണ്യം ഒരു കാലഘട്ടത്തിൽ നമ്മുടെ നാടിനു കരുത്തായിരുന്നു എന്ന കാര്യവും മറക്കരുത്.

സാഹിത്യ മേഖലയിലും വൈജ്ഞാനിക രംഗത്തും പ്രവർത്തിക്കുന്ന മലങ്കര കത്തോലിക്കാ അംഗങ്ങളുടെ സംഭാവനകളും പൊതുസമൂഹത്തിന് വിലമതിക്കാനാവാത്തതാണ്. ഡോ. ജോർജ്ജ് ഓണക്കൂറിനേയും ശ്രീ പീറ്റർ സി ഏബ്രഹാം മൈലപ്രായേയും പോലുള്ള പ്രതിഭാധനന്മാർ ഈ രംഗത്ത് നമ്മുടെ അഭിമാന നക്ഷത്രങ്ങളാണ്. നമ്മുടെ സഭാപ്രസിദ്ധീകരണങ്ങൾ വഴി നൽകുന്ന പ്രബോധനങ്ങളും പൊതുസമൂഹത്തെ ബലപ്പെടുത്തുന്നു.


ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയിട്ടുള്ള ബാരിസ്റ്റർ ജോർജ്ജ് ജോസഫും ശ്രീമാൻ എം. എം. വർക്കിയും ഈ സമുദായാംഗങ്ങളായിരുന്നതിൽ അഭിമാനമുണ്ട്. സി.പി. രാമസ്വാമി അയ്യരുടെ കുത്സിത ശ്രമങ്ങളോട് തൂലികയിലൂടെ പോരാടിയ എം.എം. വർക്കി ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ സന്തതസഹചാരിയായിരുന്നു.

പൊതുസമൂഹത്തിന്റെ നന്മ മാത്രം കത്തോലിക്കാ യുവജന പ്രസ്ഥാനം സഭാമക്കൾക്ക് ആവേശവും ഉണർവും പകരുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് എന്നും മുൻതൂക്കം നൽകുന്ന യുവജന പ്രസ്ഥാനം സമൂഹത്തിന് നല്ല പൗരൻമാരെ വാർത്തെടുക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്നു.

ഇങ്ങനെ നാനാമേഖലയിലും ശ്രദ്ധ പതിപ്പിച്ചുകൊണ്ട് ഒരു നവഭാരതം കെട്ടിപ്പടുക്കുന്നതിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയും തനതായ പങ്കുവഹിക്കുന്നു. അഞ്ചു പേരിൽ നിന്നും അഞ്ചു ലക്ഷത്തോളം ഉയർത്താൻ ഈ സഭയെ ദൈവം അനുവദിച്ചത് അതിന്റെ പ്രകാരം സമൂഹത്തിനു നേരെ ചൊരിഞ്ഞതുകൊണ്ടാണ്. അതേ കേരള സമൂഹത്തിനും ഭാരത സമൂഹത്തിനും. അതുവഴി ലോകം മുഴുവൻ പ്രകാശിക്കുവാൻ ഒരു പ്രകാശ ഗോപുരമായി മലങ്കര സുറിയാനി കത്തോലിക്കാ സഭ മാറുന്നതിൽ അതിയായ സന്തോഷമുണ്ട്. ഒപ്പം വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ 'ലോകത്തിൽ അതിശീഘ്രം വളരുന്ന സഭ' എന്ന വാക്ക് അന്വർത്ഥമാകുന്നതിലുള്ള അഭിമാനവും.

## ഓർമ്മ തിരുനാൾ

**സെപ്റ്റംബർ 28**



**അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ്**

kc

SHINU JOSEPH

87–ാം പുനരൈക്യവാർഷിക സഭാസംഗമത്തിന്
പ്രാർത്ഥനാശംസകളോടെ..


KOCHETH
CONSTRUCTIONS


ANICADU

9020141235 , 8281290235



# ആശംസകൾ





**അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ്**

**അഭി. ഗീവർഗീസ് കാലായിൽ**

**പ്ലാത്താനം കുടുംബയോഗം**









(6 -ാം പേജ് തുടർച്ച)


സികളുടെ അഭിമാനപാത്രവും കണ്ണിലുണ്ണിയുമായിരുന്നു മിഷണറിയായ ഫാ. സ്റ്റീഫൻ തോട്ടത്തിൽ. റോമിൽനിന്ന് ധാർമ്മികശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി ഡൽഹി മിഷന്റെ ആരംഭകരിൽ ഒരാളാകുവാനുള്ള ഭാഗ്യം സിദ്ധിച്ചു. തിരിച്ചെത്തി പുഷ്പഗിരി ആശുപത്രിയുടെ അമരക്കാരൻ, തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയുടെ റെക്ടർ, തിരുവല്ല ഭദ്രാസന വികാരി ജനറാൾ, അഡ്മിനിസ്ട്രേറ്റർ, സഹായ മെത്രാൻ തുടങ്ങിയ ഉത്തരവാദിത്വങ്ങൾ ശ്രേഷ്ഠമായും പ്രാഗത്ഭ്യത്തോടും ഏറ്റെടുത്ത് ഭരണനൈപുണ്യം സമ്പാദിച്ച വന്ദ്യ പിതാവ് ഒരു ജനകീയനാണ്- പരിശുദ്ധ പിതാവിന്റെ ഭാഷയിൽ ആടുകളുടെ മണമുള്ള ഒരു ഇടയശ്രേഷ്ഠനാണ്.

ഹൈറേഞ്ചിലെ മിഷന്റെ വളർച്ചയ്ക്കും ഹൈറേഞ്ചിന്റെ ഹരിതാഭവും പാരിസ്ഥിതികസന്തുലിതത്വവും നിലനിർത്തുവാൻ നന്മയുള്ള ഹൃദയങ്ങളെ ചേർത്തുനിർത്തി സഹ്യന്റെ മക്കളുടെ പ്രിയപ്പെട്ട പിതാവായി ചുരുങ്ങിയ കാലം കൊണ്ട് മാറി. ജൈവകൃഷിപ്രോത്സാഹനത്തിനും ഉല്പന്ന മുല്യവർദ്ധനയ്ക്കുമായി പിതാവ് ചെയ്ത സേവനങ്ങൾ ഏറെ ശ്രദ്ധേയമായതുകൊണ്ട് അനേകം കർഷക അവാർഡുകൾ ഇതിനോടകം അദ്ദേഹത്തെ തേടിയെത്താൻ ഇടയായി.

പാവങ്ങളോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള കരുതൽ അദ്ദേഹത്തിന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നതുതന്നെയാണ്. ബലഹീനനായ എന്നോടുചേർന്ന് ഇടയ ശുശ്രൂഷകൾ സന്തോഷത്തോടും സൗമനസ്യത്തോടും നിർവ്വഹിച്ച പിതാവിന്റെ അസാന്നിദ്ധ്യം വരും നാളുകളിൽ നമുക്ക് കൂടുതൽ അനുഭവവേദ്യമാകും. അതിരൂപതയുടെ ആശംസകളും പ്രാർത്ഥനയും പിതാവിനുനേരുന്നു. പുഞ്ചിരികൊണ്ടും സ്നേഹമസൃണമായ ഇടപെടലുകൾകൊണ്ടും എല്ലാവരേയും സ്വന്തമാക്കിയ പിതാവിനെ സ്വീകരിക്കുന്ന സമാധാനരാജ്ഞിയുടെ അമേരിക്കൻ ഭദ്രാസനം ഏറെ ധന്യയാണ്. നന്മകൾ നേരുന്നു. ●

87–ാം പുനരൈക്യവാർഷിക
സഭാ സംഗമത്തിന്
പ്രാർത്ഥനാശംസകളോടെ...

സെന്റ് മേരീസ്
മലങ്കര കത്തോലിക്ക
പള്ളി
കുമരകം




ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേകുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ലീലാമ്മ സജി കുമ്പനാട്**



ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേകുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഷെറിൻ**

87–ാം പുനരൈക്യവാർഷിക
സഭാ സംഗമത്തിന്
പ്രാർത്ഥനാശംസകളോടെ...

IMIDS
ഫാം സ്കൂൾ
അണക്കര

*(9 -ാം പേജ് തുടർച്ച)*

ചാപ്പലിൽ നിന്ന് ഇറങ്ങിവരുന്നത്. വലിയ തിരുമേനി എന്തുപറഞ്ഞാലും 'പിതാവ് എന്നോട് ക്ഷമിക്കണം' എന്നു മാത്രമേ മറുപടി പറയുകയുള്ളൂ. തന്റെ ആശയങ്ങളോടു വിയോജിക്കുന്നവരോടും എതിർക്കുന്നവരോടും ക്ഷമയോടും സ്നേഹത്തോടും മാർ ഈവാനിയോസ് പിതാവ് പ്രതികരിച്ചതിന്റെ തെളിവാണിത്. തന്റെ ആത്മസുഹൃത്തും മലങ്കര സഭയിലെ അത്മായ പ്രമുഖനുമായിരുന്ന മാമ്മൻ മാപ്പിളയുമായുള്ള അവസാന കൂടിക്കാഴ്ചയിൽ, 'പരസ്പരം ഭിന്നിക്കുന്നു എന്നതിൽ യോജിക്കുകയും ഉത്തമ സുഹൃത്തുക്കളെപ്പോലെ നമുക്കു വർത്തിക്കുകയും ചെയ്യാം.' (Let us agree of differ and after continue as the best of friends) എന്നു പറയുമ്പോഴും രമ്യതയുടെയും തുറവിയുടെയുമായ ശ്രേഷ്ഠ മനോഭാവമാണ് പിതാവ് പുലർത്തുന്നത്. മുണ്ടൻ മലയിലെ അവസാന യാത്രപറച്ചിൽ സമയത്തും തന്റെ നീക്കങ്ങളെ എതിർത്തവരോടും തന്നോടൊപ്പം വരാതിരുന്നവരോടും വിദ്വേഷമോ വൈരാഗ്യമോ അല്ല പുലർത്തിയത്. സ്നേഹത്തിന്റെ ഓർമ്മക്കായി കൈവശമുണ്ടായിരുന്ന 'വാച്ച്' ഒരു സഹോദരന് സമ്മാനമായി നല്കിക്കൊണ്ടും രോഗിയായിരുന്ന മറ്റൊരു സഹോദരനെ ശുശ്രൂഷിക്കുവാൻ ക്രമീകരണം ചെയ്തുകൊണ്ടും തന്റെ കരുതലും സ്നേഹവും രമ്യതാമനോഭാവവും പിതാവ് പ്രകടമാക്കി. പുനരൈക്യത്തിന്റെ ആദ്യകാലങ്ങളിൽ തന്നെ എതിർത്തവരെയെല്ലാം ക്ഷമയോടും വിശാലമനസ്കതയോടും കൂടെയാണ് പിതാവ് അഭിമുഖീകരിച്ചത്. പുനരൈക്യപ്രസ്ഥാനത്തിന്റെ മറ്റൊരു വലിയ വിജയരഹസ്യവും ഇതുതന്നെയാണ്.

**പുനരൈക്യ അരൂപി**

ഇതുപോലെയുള്ള ശക്തമായ അടിസ്ഥാനങ്ങളിലാണ് മാർ ഈവാനിയോസ് പിതാവും അനുചരന്മാരും പുനരൈക്യം സാധിച്ചതും, പുനരൈക്യപ്രസ്ഥാനം പടുത്തുയർത്തിയതും. ഈ ആദർശങ്ങൾ സഭയിൽ ശക്തമായി ജീവിക്കുന്നതിനനുസൃതമായിട്ടാണ് പുനരൈക്യപ്രസ്ഥാനം വരും കാലങ്ങളിൽ വളരെ ശക്തിപ്രാപിച്ച് ഫലമുളവാക്കുന്നത്. സഭൈക്യം എന്ന ആശയത്തിന് നൂതനമാനങ്ങൾ കൈവന്നുക്കൊണ്ടിരിക്കുന്ന കാലയളവാണിത്. 'ആത്മീയ എക്യുമെനിസ'(Spiritual ecumenism) ത്തെക്കുറിച്ച് ഇന്ന് നാം ധാരാളം കേൾക്കുന്നുണ്ട്. ദൈവശാസ്ത്ര തർക്ക വിഷയങ്ങളുടെ കീറിമുറിച്ച അപഗ്രഥനങ്ങൾക്കപ്പുറമായി യേശുക്രിസ്തുവിനെ മൗലികമായി അനുകരിച്ചുകൊണ്ടുള്ള ആഴമേറിയ പ്രാർത്ഥനാനുഭൂതിയിൽ നിന്നുളവാക്കുന്ന സഭൈക്യചിന്തകളും ഐക്യനീക്കങ്ങളുമാണ് കൂടുതൽ ഫലമണിയുന്നത് എന്ന് മലങ്കര സഭൈക്യ പ്രസ്ഥാനം തെളിയിക്കുന്നു. പ്രാർത്ഥനയുടെയും തപസിന്റെയും രമ്യതയുടെയും പരസ്പര അംഗീകാരത്തിന്റെയും അന്തരീക്ഷം ഈ ഐക്യശ്രമങ്ങളെ സുഗമമാക്കും. ഇതാണ് മാർ ഈവാനിയോസ് പിതാവും അനുഗാമികളും സഭയ്ക്കു നല്കിയ പുനരൈക്യഅരൂപി.

## . . . പാവന സ്മരണയ്ക്ക് . . .



**അലക്സാണ്ടർ പ്ലാത്തോട്ടത്തിൽ**
**25.08.2016**

**ഏലിയാമ്മ അലക്സാണ്ടർ**
**08.10.2016**

**ഫാ. സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ ഒ.ഐ.സി. & സി. ചൈതന്യ എസ്.ഐ.സി.**

*(21 -ാം പേജ് തുടർച്ച)*

കൊള്ളണമേ' (യോഹ 17:11). 'അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി, പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' (യോഹ 17:21). യേശുമിശിഹാ മരണത്തിനു ഏല്പിക്കപ്പെടുന്നതിന് മുൻപ് പ്രാർത്ഥിക്കുന്നതാണ് ഇത്.

കേരളസഭയിൽ, അനൈക്യത്തിന്റെ ദുരാത്മാവ് ശക്തമാണ്. 'ഉപവാസവും പ്രാർത്ഥനയും കൊണ്ടല്ലാതെ ഈ ജാതി പുറത്തുപോകുകയില്ല' എന്നതാണല്ലോ ദൈവവചനം. 'അന്തഃഛിദ്രമുള്ള രാജ്യം നശിച്ചുപോകും. അന്തഃഛിദ്രമുള്ള ഭവനം വീണുപോകും' (ലൂക്കാ 11:17). 'എന്നോടുകൂടെയല്ലാത്തവൻ എനിക്കെതിരാണ്, എന്നോടുകൂടെ ശേഖരിക്കാത്തവൻ ചിതറിച്ചു കളയുന്നു' (ലൂക്കാ 11:23).

സഭയിൽ ശക്തമായ പ്രാർത്ഥനയുടെ ആവശ്യമുണ്ട്. അനൈക്യം ശിഷ്യന്മാരുടെ കാലത്തുതന്നെ ആരംഭിച്ചിരുന്നല്ലോ. ഭാവിയിൽ അവയൊക്കെ സംഭവിക്കുമെന്നു മുൻകൂട്ടി കണ്ടാണ് യേശുക്രിസ്തു പ്രാർത്ഥിച്ചത്. സഭയിലെ ഭിന്നത അവസാനിക്കണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുള്ളവർ ശക്തമായ പ്രാർത്ഥനായജ്ഞത്തിന് മുന്നിട്ടിറങ്ങട്ടെ.

ഒരേ വിശ്വാസവും പാരമ്പര്യവും സംസ്കാരവും ആരാധനക്രമ പൈതൃകവും ദൈവശാസ്ത്രചിന്താഗതികളുമുള്ള, യേശുക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും പങ്കുപറ്റുന്ന സഭകൾക്ക് എന്തുകൊണ്ട് ഒരു മേശയ്ക്കു ചുറ്റുമിരുന്ന് തങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തുകൂടാ?

അണ്ഡകടാഹത്തെ സൃഷ്ടിച്ചവനായ ദൈവംതമ്പുരാന് ഭൂമിയിൽ വെറും പൂഴിയായ മനുഷ്യരിലൊരുവനായി അവതരിക്കുവാനും അവനുവേണ്ടി പാടുപീഢകൾ സഹിക്കാനും ഒരു അപ്പക്കഷണത്തോളം, ഒരിറ്റ് വീഞ്ഞിനോളം ചെറുതാകാനും സാധിക്കുമെങ്കിൽ മനുഷ്യർക്കും എല്ലാവരുടെയും ശുശ്രൂഷകരായി ജീവിക്കുന്ന പിതാക്കന്മാർക്കും വൈദികർക്കുമൊക്കെ അല്പം താഴുവാനും ചെറുതാകുവാനും എന്തുകൊണ്ട് സാധിക്കുന്നില്ല?

സംഭാഷണങ്ങൾക്ക് നൽകേണ്ടതായ ഒരു പ്രാധാന്യം കക്ഷിവഴക്കുകളിലേർപ്പെടുന്ന സഭകൾ നൽകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. രണ്ടുകൂട്ടർക്കും എതിർഭാഗത്തുള്ളവരുടെ ആവശ്യങ്ങളോട് യാതൊരുവിധ അനുഭാവവുമില്ല. വിട്ടുവീഴ്ചകൾ ഒരു തരത്തിലുമില്ല. ഞങ്ങൾ പറയുന്നതുമാത്രമാണ് ന്യായം തുടങ്ങിയ ശൈലി യേശുമിശിഹായുടെ തുടർച്ച തന്നെയായ സഭയിൽ, സഭാ പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ എത്രത്തോളം ന്യായമാണ്?

**ചുരുക്കത്തിൽ**

സുവിശേഷാധിഷ്ഠിത മാർഗങ്ങളിലൂടെയല്ലാതെ സഭാപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാകില്ല. നീതിന്യായ കോടതികൾക്കോ ജനകീയ സമരങ്ങൾക്കോ രാഷ്ട്രീയ നേതാക്കന്മാർക്കോ സമുദായ നേതാക്കന്മാർക്കോ പോലീസ് ഉദ്യോഗസ്ഥർക്കോ വിവിധ സമരമുറകൾക്കോ ഒന്നും അത് പരിഹരിക്കാനാവില്ല.

പരിശുദ്ധാത്മശക്തിയിൽ ആശ്രയിച്ച്, ദൈവവചനത്തെ മുറുകെ പിടിച്ച് സഭാമക്കൾ പ്രാർത്ഥനയോടും ഉപവാസത്തോടും സാഹോദര്യഭാവത്തിലും പ്രശ്നങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കട്ടെ. അപ്പോൾ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകും.

സഭയിലും സഭകൾ തമ്മിലും ഉള്ള ഭിന്നതകളും വഴക്കും കേസും ഒക്കെ യേശുമിശിഹായുടെ നാമത്തിനാണ് മങ്ങൽ ഏൽപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് സുവിശേഷ സാക്ഷ്യം നടക്കണമെങ്കിൽ ഭിന്നത വെടിയണം. തിരുവചനം അനുസരിച്ചുള്ള പരിഹാരം ആണ് ഇവിടെ ശാശ്വതം. പ്രാർത്ഥന അതിന് നമ്മെ സഹായിക്കും. യേശുമിശിഹായെ സ്നേഹിക്കുന്നവർ എല്ലാവരും ഇതിൽ പങ്കുചേരണം.

യേശുമിശിഹായുടെ സ്നേഹം ഈ ലോകം അറിയണം. അത് ആണ് സഭയുടെ ഉത്തരവാദിത്വം. തിരുവചനം അനുസരിച്ച് മലങ്കരയിലെ പ്രശ്നത്തിന് പരിഹാരം കാണാം. വിഭജനം വെടിയാം. സുവിശേഷം ഒന്നിച്ചു നൽകാം.

പാവന സ്മരണയ്ക്ക് . . .

**അഞ്ചാം ചരമവാർഷികം**



**എം. ജെ. ഫിലിപ്പ്**

**ഒന്നാം ചരമവാർഷികം**



**മറിയാമ്മ ഫിലിപ്പ്**

**മുണ്ടുകുഴിയിൽ ഹൗസ്**

**സന്തപ്ത കുടുംബാംഗങ്ങൾ**

(13 -ാം പേജ് തുടർച്ച)

ന്റെ വഴിയിലേക്കായിരുന്നു പോയതെന്നു ചരിത്രം സാക്ഷിക്കുന്നു. പ്രസ്തുത സഭകൾ പലതും ഇന്ന് ഭൂമുഖത്തുനിന്നുതന്നെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. തായ്ത്തണ്ടിനോടു ചേർന്നിരിക്കാത്ത ശാഖകൾ ഉണങ്ങിപ്പോകുമെന്ന കർതൃവചനം അർത്ഥരഹിതമാകാൻ തരമില്ലല്ലോ.

മലങ്കരയിലെ സഭകളുടെ ഐക്യം സഫലമാകാൻ വേണ്ടി എന്ത് ത്യാഗവും ഏറ്റെടുക്കാൻ തയ്യാറാണെന്ന് പരസ്യമായി പലപ്രാവശ്യം പ്രഖ്യാപിച്ച മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ ഒരു ഉദ്ധരണിയോടെ സമാപിപ്പിക്കാം: ‘‘ദൈവശാസ്ത്ര പരമായിട്ടുള്ള കാരണങ്ങൾ മാത്രമല്ല, ക്രിസ്തീയ സഭകൾ ഒരുമിച്ച് ഈ മഹത്തായ രാജ്യത്ത് സുവിശേഷം പ്രഘോഷിക്കേണ്ടതിന്റെയും സുവിശേഷത്തിന്റെ ആനന്ദം പങ്കുവയ്ക്കേണ്ടതിന്റെയും വർദ്ധിച്ച ആവശ്യകത ഈ കാലഘട്ടത്തിൽ ഉണ്ട് എന്ന സത്യം ഒരു സഭയ്ക്കും കണ്ടില്ലന്നു വയ്ക്കാനാവില്ല. നമ്മൾ വിഘടിച്ചു നിന്ന് സാക്ഷ്യം പറയുന്നതിനെക്കാൾ ഒരുമിച്ച് നിന്ന് സാക്ഷ്യം പറയുന്നതിന്റെ ശക്തി, അതിന്റെ ആധികാരികത അതിന്റെ വിശ്വാസ്യത നമ്മൾ കൂടുതൽ ബോധ്യപ്പെടേണ്ടിയിരിക്കുന്നു. നമ്മൾ എല്ലാം ചെയ്യുന്നത് നന്മയാണ് എങ്കിലും ഒരുമിച്ച് ചെയ്യുന്ന നന്മയ്ക്ക് അതിന്റെ ഇരട്ടി ബലമുണ്ടെന്നത് വെറും സ്വാഭാവിക സത്യമാണ് ’’●

87–ാം പുനരൈക്യവാർഷിക സഭാസംഗമത്തിന്
പ്രാർത്ഥനാശംസകളോടെ..




. . . പാവന സ്മരണയ്ക്ക് . . .



പോത്തൻ വർഗീസ്
10.10.1994

ഏലിയാമ്മ വർഗീസ്
26.07.2017

പെരുമനമലയിൽ, തച്ചമം, പുറമറ്റം

വിൽസൺ പോത്തൻ & ഫാമിലി, ശാന്തമ്മ മാത്യൂസ് & ഫാമിലി
ലീലാമ്മ കുര്യൻ & ഫാമിലി, ജെയ്നമ്മ സാമുവേൽ & ഫാമിലി
ആലീസ് ഷാജി & ഫാമിലി

(26 -ാം പേജ് തുടർച്ച)

പ്രാർത്ഥിക്കുന്നതും, പരസ്പരം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതും, വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതുമൊക്കെ ഐക്യത്തിന്റെ അനുഭവമാണ്. പ്രാദേശികവും അല്ലാത്തതുമായ ചർച്ചകളും സംവാദങ്ങളും പഠനങ്ങളുമൊക്കെ പ്രോത്സാഹിപ്പിക്കേണ്ടത് ഐക്യത്തിന് അനിവാര്യമാണ്. ആത്മീയ എക്യുമെനിസത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. ഹൃദയങ്ങൾ തമ്മിലുള്ള നിരപ്പും സമാധാനവും പരിശുദ്ധാത്മാവിന്റെ ഇടപെടലിന് അനിവാര്യമാണ്. കക്ഷി വഴക്കുകളെ പ്രോത്സാഹിപ്പിക്കുന്നവരെയും, ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിക്കുന്നവരെയും ദൂരെയകറ്റുക.

അനൈക്യം തുടങ്ങുമ്പോൾ മുതൽ ഐക്യത്തിനായുള്ള ശ്രമങ്ങൾ സഭയിലാരംഭിക്കുന്നതാണ് ചരിത്രം. അകന്ന് മാറുന്നതുപോലെ എളുപ്പമല്ല അടുത്തുവരുന്നത് എന്ന പാഠം നാം മറക്കരുത്. മൂന്നര നൂറ്റാണ്ടുകളായി പുത്തൻകൂർ - പഴയകൂർ ഐക്യത്തിനായി ശ്രമിക്കുന്നു. ഉദയം പേരൂർ സൂന്നഹദോസിന്റെ പേരിലും കൂനൻ കുരിശു സത്യത്തിന്റെ പേരിലും പുത്തൻകൂർ - പഴയകൂർ വിഭജനത്തിന്റെ പേരിലും, കക്ഷിവഴക്കുകളുടെ പേരിലും, നവീകരണ പ്രസ്ഥാനത്തിന്റെ പേരിലും ഒക്കെ എന്തുമാത്രം വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. ഇനിയെങ്കിലും പരസ്പരം കുറ്റപ്പെടുത്താതെ സംവാദത്തിന്റെയും ചർച്ചയുടെയും, പഠനത്തിന്റെയും പ്രാർത്ഥനയുടെയും പാതകൾ സ്വീകരിക്കരുതോ?

സഭൈക്യം എന്തിനാണെന്ന് ചോദിക്കുന്നവരുണ്ട്. അതിന് ക്രിസ്തു തന്നെ മറുപടി പറയട്ടെ : അന്തഃഛിദ്രമുള്ള ഏതു രാജ്യവും നശിച്ചുപോകും. അന്തഃഛിദ്രമുള്ള നഗരമൊ ഭവനമൊ നിലനില്ക്കുകയില്ല (മത്താ 12:25). സഭ ഏകമാകണമെന്ന് ക്രിസ്തു ആഗ്രഹിക്കുന്നെങ്കിൽ അതു പിളർത്തുവാൻ സാത്താൻ മനുഷ്യരെ കരുവാക്കുമെന്ന് തീർച്ച. ഭിന്നിച്ചുപോയ മലങ്കരയിലെ സഭയെ ഒന്നിപ്പിക്കുവാൻ മാർ ഈവാനിയോസ് തിരുമേനി ശ്രമിച്ചതാണ് വലിയ കുറ്റമായി പലരും കാണുന്നത്. അദ്ദേഹത്തെ മനസ്സിലാക്കാൻ ശ്രമിക്കാതെ കല്ലെറിയാനാണ് ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സഭ ദുർബലമായാൽ പിന്നെ ശത്രുക്കൾക്ക് അതിനെ ഇല്ലാതാക്കാൻ എളുപ്പമാണ്. സിറിയായിലും ഇറാക്കിലും മധ്യപൂർവ്വദേശങ്ങളിലുമൊക്കെ സഭ ഒരു കാലത്ത് എത്രയോ ശക്തമായിരുന്നു. ഇന്ന് അവിടുത്തെ അവസ്ഥ എങ്ങനെയാണെന്ന് പറയേണ്ടതില്ലല്ലോ. അവിടെയൊക്കെയുള്ള കത്തോലിക്കാ - ഓർത്തഡോക്സുമാരും സഭാ തലവന്മാരും ഒന്നിച്ചുകൂടി സഭയിൽ ഐക്യത്തിന്റെ അനിവാര്യതയെക്കുറിച്ച് ശക്തമായി സംസാരിച്ചുവെന്ന് വാർത്ത വായിക്കുകയുണ്ടായി.

മത മൗലികവാദം പോലെ വെറുക്കപ്പെടേണ്ടതാണ് സഭാ മൗലികവാദവും. എന്റെ സഭ മാത്രമാണ് ശരി മറ്റുള്ളതെല്ലാം തെറ്റെന്ന ശൈലി മാറണം. മൗലികവാദം തീവ്രവാദത്തിലേയ്ക്കും പിന്നെ ഭീകരവാദത്തിലേയ്ക്കും മാറാം. സഭാ മൗലികവാദത്തിന്റെ ഭാഗമാണ് ചരിത്രത്തെ വളച്ചൊടിക്കുന്ന പ്രവണത. സ്വന്തം സഭയ്ക്ക് തനതായ ചരിത്രമുണ്ടാക്കിക്കൊണ്ടിരിക്കുന്നവർ വസ്തുനിഷ്ഠമായും നിഷ്പക്ഷമായും ചരിത്രത്തെ സമീപിക്കാത്തവരാണ്. മാർത്തോമ്മാ നസ്രാണി സഭയിൽ പലപ്പോഴും സ്വാർത്ഥ താൽപ്പര്യങ്ങൾക്കായി ചരിത്രത്തെ വളച്ചൊടിക്കുന്നവരെ കണ്ടിട്ടുണ്ട്. ഇല്ലാത്ത ചരിത്രത്തെ ഉണ്ടാക്കാൻ ശ്രമിക്കുന്നവർ സത്യത്തിനു നേരെ കണ്ണടയ്ക്കുന്നവരും നുണയന്മാരും പിശാചിന്റെ കൂട്ടാളികളുമാണ്. കാരണം സത്യം ദൈവമാണ്. 'സത്യമേവ ജയതേ' എന്നാണല്ലൊ ഭാരതത്തിന്റെ മുദ്രാവാക്യം. ●

## അഭിനന്ദനങ്ങൾ



ജൈവകൃഷിരീതിയിൽ നെല്ല് ഉത്പാദിപ്പിച്ച് ചക്കുപള്ളം ഗ്രാമ പഞ്ചായത്തിന്റെ നെൽക്കതിർ 2017 അവാർഡ് നേടിയ **ഫാ. ജോൺ പടിപ്പുരയ്ക്കൽ** (Jr) ന് അതിരൂപതയുടെ അഭിനന്ദനങ്ങൾ

Best Compliments from

MULAMOOTTIL DENTAL CLINIC
SINCE 1995
Creating Confident Smiles

Dr. Vinod Mathew Mulamoottil
(Senior Lecturer, Pushpagiri College of Dental Sciences)

Dental Surgeon
Police Quarters Road
Near Santhinilayam
Kulakkad, Thiruvalla
Ph :+ 91 469 2603552
Mob : + 91 94472 19903

drvinod@dentalmulamoottil.com
www.dentalmulamoottil.com

Timing : 2.30 p.m to 7.00 p.m
(After 7.00 pm and Sundays Appointments only)

Land line :+ 91 469 2603552
Mob : + 91 94472 19903

87–ാം പുനരൈക്യവാർഷിക സഭാ സംഗമത്തിന്
പ്രാർത്ഥനാശംസകളോടെ...

കെ.എം. ഗീവർഗീസ് & ഫാമിലി, കിഴക്കേക്കര
ആനിക്കാട്

*Best Compliments from*

www.pushpagiri.in



Declare your freedom from

**VARICOSE VEINS**

Come for a screening today

**ഡോപ്ലർ ഗൈഡഡ്**
**വേരിക്കോസ് വെയിൻ**
**ലേസർ ചികിത്സ**
**ഇപ്പോൾ പുഷ്പഗിരിയിൽ!**

- ഇന്റർവെൻഷണൽ റേഡിയോളജി എന്ന അതിനൂതനമായ ചികിത്സാ രീതി തീരെ ചെറിയ ഞരമ്പുകൾ പോലും ചികിത്സിച്ചു ഫലം ഉറപ്പാക്കുന്നു.
- കരിയാത്ത മുറിവുകൾ ഉള്ള സമയത്ത് പോലും നടത്താവുന്ന ചികിത്സ.
- പാർശ്വഫലങ്ങളില്ല, വിശ്രമം ആവശ്യമില്ല, ലോക്കൽ അനസ്തേഷ്യ മാത്രം.
- ചികിത്സ കഴിഞ്ഞാൽ മിനിട്ടുകൾക്കുള്ളിൽ തന്നെ നടന്നു തുടങ്ങാം.
- വെരിക്കോസ് ചികിത്സയിലെ സ്ക്ലീറോ തെറാപ്പി ഇവിടെ ലഭ്യമാണ്.

PUSHPAGIRI MEDICAL COLLEGE HOSPITAL

*We care God cures*

**PUSHPAGIRI INSTITUTE OF MEDICAL SCIENCES AND RESEARCH CENTRE**

**DEPT. OF RADIODIAGNOSIS, TIRUVALLA - 689 101,**

**PH: 0469 2600260, 9447764722**

*(29 -ാം പേജ് തുടർച്ച)*

ക്രിസ്ത്യാനികൾ ആരെങ്കിലും അവിടെയുണ്ടോ എന്നുപോലും സംശയമാണ്. അത് ഇന്ന് ഒരു മുസ്ലീം ഗ്രാമമാണ്. യാക്കോബായ പാത്രിയാർക്കീസ് ഇന്ന് താമസിക്കുന്നത് സിറിയയിലും, ലബ്നോനിലുമായിട്ടാണ്.

**ചാക്കോച്ചൻ :** ശരി, അച്ചോ അപ്പോൾ കർത്താവിന്റെ സഭാംഗങ്ങൾ റോമാമാർപാപ്പയാൽ ഭരിക്കപ്പെടണം അല്ലേ? അപ്പോൾ മറ്റു സഭകളിൽ പെട്ടവരുടെ അവസ്ഥ എന്താണ്?

**അച്ചൻ :** അവർ പൂർണ്ണാർത്ഥത്തിൽ കർത്താവിന്റെ സഭയല്ല എങ്കിലും പല കാരണങ്ങളാൽ കർത്താവിനോടും സഭയോടും ബന്ധപ്പെട്ടിരിക്കുന്നു. കർത്താവ് പ്രാർത്ഥിച്ചത് അവരെല്ലാം ഒന്നായിരിക്കുവാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നും ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു (യോഹ 12:21) എന്നാണ്. യേശു അരുളിചെയ്തു ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട് അവയെയും ഞാൻ കൊണ്ടു വരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനും ആകും (യോഹ 10 : 16).

**ചാക്കോച്ചൻ :** അപ്പോൾ ക്രിസ്ത്യാനികൾ ഓരോ കാര്യം പറഞ്ഞ് നൂറുനൂറു സഭകളായി പിരിഞ്ഞിരിക്കുന്നത് നല്ലതല്ലല്ലോ - അതുപോലെ തന്നെ കേരളത്തിലെ ഓർത്തഡോക്സ് സഭ സ്വതന്ത്ര സഭയെന്നും, 1934 ലെ സഭാഭരണഘടനയെന്നും പറഞ്ഞ് ആകമാന കത്തോലിക്കാ സഭയിൽ നിന്ന് വി. പത്രോസിന്റെ അജപാലനാധികാരത്തിൽ നിന്ന് - റോമാമാർപാപ്പയെ സഭയുടെ തലവനായി അംഗീകരിക്കാതെ വേർതിരിഞ്ഞു നില്ക്കുന്നത് ശരിയല്ലല്ലോ - സുപ്രീകോടതി വിധി സഭയെ സംബന്ധിച്ചിടത്തോളം യേശുവിന്റെ വിധിയായിരിക്കണമെന്നില്ലല്ലോ - യേശുവേ നന്ദി, യേശുവേ സ്തോത്രം - ഈ സത്യങ്ങൾ മനസ്സിലാക്കിതന്നതിന്; എന്റെ ഭാര്യ ശോശാമ്മയ്ക്കും, മക്കൾക്കും ഈ സത്യങ്ങൾ മനസ്സിലാകുമോ ആവോ -

**അച്ചൻ :** ദൈവത്തിന് സ്തോത്രം അതാ താങ്കളുടെ ഭാര്യ ധൃതിയിൽ ഓടിവരുന്നു.

**ചാക്കോച്ചൻ :** എന്താടീ നീ ഓടുന്നത് വലിയ കുഴപ്പം വല്ലതും ആണോ?

**ശോശാമ്മ :** മണിക്കൂറുകളായി ചാക്കോച്ചനെ കാണുന്നില്ല എവിടെപ്പോയാലും പറഞ്ഞിട്ടേ പോവുകയുള്ളൂ. പിന്നെ എന്തു പറ്റിയെന്ന് പേടിച്ചാണ് ഓടിവന്നത്. ഇവിടെ ഇത്രയും ഇരിക്കുമെന്ന് ചിന്തിച്ചില്ല. അച്ചന്റെ അരുകിൽ എത്ര ഇരുന്നാലും എനിക്ക് സന്തോഷമാണ്.

**ചാക്കോച്ചൻ :** വാച്ചിൽ നോക്കിയിട്ട് അയ്യോ മണിക്കൂറുകൾ രണ്ടുമൂന്നായി സംസാരിച്ചിരുന്നപ്പോൾ സമയം പോയതറിഞ്ഞില്ല. സാരമില്ല, നന്നായി.

എടീ ശോശാമ്മേ, ഞങ്ങൾ ഇത്രയും സമയം സഭാകാര്യങ്ങൾ സംസാരിക്കുകയായിരുന്നു. ക്രിസ്ത്യാനികൾ എല്ലാം വി. പത്രോസിന്റെ അജപാലനത്തിൽ ആകണമെന്നാണ് യേശുവിന്റെ നിശ്ചയമെന്ന് മനസ്സിലായി. ഇനി നമുക്ക് കത്തോലിക്കാ സഭയിൽ ചേർന്നാലെന്താ - നിന്റെയും മക്കളുടെയും മനോഭാവം എന്താണ്.

**ശോശാമ്മ :** എന്റെ പ്രിയപ്പെട്ട ഭർത്താവേ, പ്രിയപ്പെട്ട അച്ചാ, ഞാൻ ദിവസവും പ്രാർത്ഥിക്കുന്ന കാര്യമാണിത്. എന്റെ വീട്ടുകാർ കത്തോലിക്കാ സഭയിൽ ചേർന്നതു മുതൽ ഞാൻ അവിടെ ചെന്നാൽ അവരുടെ ഉപദേശവും പഠിപ്പിക്കലും ഇതാണ്.

**ചാക്കോച്ചൻ :** എന്നാൽ ഇന്നു മുതൽ നാം കത്തോലിക്കാ സഭയിൽ ഈ മലങ്കരപള്ളിയിലെ അംഗങ്ങളാണ്. എല്ലാവരും കൂടി പള്ളിയിൽ കയറി ദീർഘനേരം രഹസ്യ പ്രാർത്ഥനയിലൂടെ ദൈവത്തിന് നന്ദി പറഞ്ഞു.

പോകുന്നതിനു മുൻപ്, ചാക്കോച്ചൻ അച്ചനോടു പറഞ്ഞു. പ്രിയപ്പെട്ട അച്ചാ, ഇന്നു മനസ്സിലാക്കിയ കാര്യങ്ങൾ എന്റെ ബന്ധപ്പെട്ടവരോടും സ്നേഹിതരോടും അയൽക്കാരോടും പറയുവാൻ നിശ്ചയിച്ചു കൊണ്ട് പ്രാർത്ഥിക്കുകയായിരുന്നു.

87-ാം പുനരൈക്യവാർഷിക
സഭാ സംഗമത്തിന്
പ്രാർത്ഥനാശംസകളോടെ...

സി. മാത്യു ജോൺ &
ഫാമിലി, ചെമ്പനാൽ
നെല്ലിമല

സെന്റ് മേരീസ്
മലങ്കര കത്തോലിക്ക
പള്ളി
തിരുമൂലപുരം

സെന്റ് തോമസ്
മലങ്കര കത്തോലിക്ക
പള്ളി
കല്ലിശ്ശേരി

# Matrimonial

## M - 227

ബാംഗ്ലൂരിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്ന 25 വയസ്, M.Tech, ഇരുനിറം, 5'6' അവിടെ ജോലിചെയ്യുന്ന മലങ്കര യുവതിക്കുവേണ്ടി, തത്തുല്യയോഗ്യതയും ബാംഗ്ലൂരിൽ ജോലിയുമുള്ള കത്തോലിക്കാ യുവാവിന്റെ മാതാപിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു. Contact : Bangalore 09945136838, Tiruvalla - 9495435745

## M - 228

മലങ്കര കത്തോലിക്കാ യുവതി (25) (B Tech) ഗവ: ബാങ്ക് ഓഫീസർ അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact : 9447249617


**87–ാം പുനരൈക്യവാർഷിക സഭാ സംഗമത്തിന്**

പ്രാർത്ഥനാശംസകളോടെ...

**സെന്റ് ജോൺസ് ക്വയർ , തിരുവല്ല**


## വിവാഹ ഒരുക്ക സെമിനാർ 2017

**സ്ഥലം: ശാന്തിനിലയം, തിരുവല്ല**

**ഫോൺ: 0469–2603968, 9446270259, 9895556074**

**തീയതി : സെപ്റ്റംബർ : 12,13,14 – 26,27,28**
**ഒക്ടോബർ : 10,11,12 – 24,25,26**

### നിർദ്ദേശങ്ങൾ

- സെമിനാർ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.


Best Compliments from

QUALITY-TECH BUILDERS
Build your dreams with quality

CVP Parliament Square
First Floor
Near Cross Jn.
Thiruvalla. 689101

web : www.qualitytechbuilders.com E-mail : tv9031828@gmail.com

Best Compliments from

APT TOURS & TRAVELS
51/646 – B, K.T.Leyo Building
Thykoodam Church Road
Vyttila.P.O. Cochin – 682019

All Airline Tickets – Domestic, International & All Visa Services

Tom : 91 9544503355
Philomina : 91 9447753143
Antony : 91 9847776484
Email : apttoursandtravels@gmail.com / tomplwekm@hotmail.com

*All services from Passport to Airport*

ഒരു വീട്ടിലേക്ക് ആവശ്യമായ എല്ലാം ഒരു കുടക്കീഴിൽ..

ചുങ്കപ്പാറയുടെ ഷോപ്പിംഗ് വിസ്മയം..




MBC
MANNIL BROTHERS CHUNKAPPARA

MANNIL HYPER MARKET

CHUNKAPPARA,
NEAR FEDERAL BANK
PHONE : 9744480055, 9744480066

പൗരോഹിത്യ സുവർണ്ണ ജൂബിലി ആശംസകൾ



ബഹു. ഫാ. ജോർജ്ജ് തുണ്ടിയിൽ

മേഴ്സി ജോർജ്ജ് & ഫാമിലി ചെമ്പനാൽ

MATHA SENIOR SECONDARY SCHOOL, THUMPOLY, ALAPPUZHA





MANAGED BY ARCHDIOCESE THIRUVALLA

Patron-Most Rev.Dr.Thomas Mar Koorilos
Co-Patron-Rt.Rev.Dr.Philippose Mar Stephanos

Manager,Principal,Staff and Students.

## സ്നേഹസ്മരണയ്ക്ക്



# റ്റി.സി. ഈപ്പൻ

(കുഞ്ഞുമോൻ)

തോട്ടയ്ക്കാട്ട് വടക്കുംമുറിയിൽ

ജനനം : 24 – 05 – 1935 മരണം : 20 – 07 – 2017

സന്തപ്ത കുടുംബാംഗങ്ങൾ



Prayerful Re-Union Day Wishes
From Holy Spirit Sisters in the
Opus Spiritus Sancti






Holy Spirit Sisters
Apostolic Life Society

ATMADHARA, HOLY SPIRIT SISTERS
THOLASSERY, THIRUVALLA
PATHANAMTHITA, KERALA 689101
PHONE: 0469 263 1304


87–ാം പുനരൈക്യ സഭാസംഗമത്തിന്
ആശംസകളോടെ...
SOCIAL TRANSFORMATION THROUGH PARTICIPATION & EMPOWERMENT
Bodhana
Tiruvalla Social Service Society
Pushpagiri Road, Tiruvalla -1
Ph. 0469 2730561, 2606063, Fax. 0469 2633295
E-mail : bodhanatiruvalla@gmail.com, www.bodhanatiruvalla.org
SOCIAL WORK DEPARTMENT OF THE MALANKARA ARCHDIOCESE OF THIRUVALLA





**87–ാം പുനരൈക്യവാർഷിക സഭാ സംഗമത്തിന്**
പ്രാർത്ഥനാശംസകളോടെ...

**ബിനിൽ കെ. ആന്റണി & ഫാമിലി**
**കയ്യാലത്ത്**


**ആനിക്കാട്**

## ഉപകാരസ്മരണ



**ഒരു വിശ്വാസി, കളമ്പാല**

## ഉപകാരസ്മരണ



**വിശ്വാസപ്രമാണം**
**സ്വർഗ്ഗ 1 നന്മ 1 ത്രിത്വ 1**


നിത്യപിതാവേ ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്കു പരിഹാരമായി അങ്ങയുടെ വത്സല സുതനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു. 1 പ്രാവശ്യം

ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെപ്രതി,പിതാവേ ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കരുണ ആയിരിക്കണമേ. 10 പ്രാവശ്യം

പരിശുദ്ധനായ ദൈവമേ പരിശുദ്ധനായ ബലവാനേ പരിശുദ്ധനായ അമർത്യനേ ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കരുണയായിരിക്കണമേ. 3 പ്രാവശ്യം


**നൈനാൻ**

## ഉപകാരസ്മരണ



**ഒരു വിശ്വാസി, കല്ലിശ്ശേരി**

## ഉപകാരസ്മരണ




### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ തോമസ്, പുറത്തൂട്ട്**

## ഉപകാരസ്മരണ



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ തോമസ്, ചെമ്പനാൽ, കുമ്പനാട്**

# പൗരോഹിത്യ രജത ജൂബിലി ആശംസകൾ



## ബഹു. ഡോ. ചെറിയാൻ കോട്ടയിൽ

**സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്ക പള്ളി, ചുങ്കപ്പാറ**


### ഉപകാരസ്മരണ




**വർഗീസ്, യു.എസ്.എ.**

### ഉപകാരസ്മരണ

#### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേകുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാ സഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമേ. /എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**സിറിൽ**








വെണ്ണിക്കുളം ഇടവകയിൽ ആലുങ്കൽ വർഗീസ് വർഗീസിന്റെയും അന്നമ്മ വർഗീസിന്റെയും മകൻ എബി വർഗീസും ആനിക്കാട് ഇടവകയിൽ വാലയിൽ വി.വി. ഏബ്രഹാമിന്റെയും സൂസി ഏബ്രഹാമിന്റെയും മകൾ ആശാ വി. ഏബ്രഹാമും തമ്മിലുള്ള വിവാഹം 2017 സെപ്റ്റംബർ 14-ാം തീയതി വെണ്ണിക്കുളം സെന്റ് തോമസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വച്ച് ആശിർവദിക്കപ്പെട്ടു. ഒന്നാം ശുശ്രൂഷയ്ക്ക് കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാബാവായും രണ്ടാം ശുശ്രൂഷയ്ക്ക് ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും മുഖ്യകാർമ്മികത്വം വഹിച്ചു. ഈ വിവാഹകൂദാശയിൽ പങ്കെടുത്ത എല്ലാ  ബഹു. വൈദികരെയും പ്രിയപ്പെട്ടവരെയും നന്ദിയോടെ ഓർക്കുന്നു.